Reg. No. C. 101, M. 2293

ഒററപ്രതിക്കു 2 ണ.

St. Mary's C. G. H. S. Ernakulam

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 25 | 1127 ചിങ്ങം 6—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1951 ആഗസ്റ്റ് 22 | ലക്കം 2

## "എന്റെ ആത്മാവു് കർത്താവിനെ മഹത്വപ്പെടുത്തുന്നു."

### എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ ഇടയലേഖനം

എറണാകുളം മെത്രാപ്പോലീത്താ കണ്ടത്തിൽ മാർ ആഗുസ്തീനോസു തിരുമേനി പുരോഹിതപട്ടം സ്വീകരിച്ചിട്ടു് 50 വർഷം തികയുന്നതുപ്രമാണിച്ചു് പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഇടയലേഖനത്തിന്റെ പൂർണ്ണരൂപം താഴെ ചേർക്കുന്നു:—

"എന്റെ ആത്മാവു കർത്താവിനെ മഹത്വപ്പെടുത്തുന്നു. എന്റെ ആത്മാവു രക്ഷകനായ ദൈവത്തിൽ ആനന്ദിച്ചു. ശക്തനായവൻ എനിക്കു വലിയകാര്യങ്ങൾ ചെയ്തിരിക്കുന്നു." പരിശുദ്ധ ജനനി തന്നെ ദൈവമാതാവായി ഉയർത്തിയശേഷം തന്റെ ഇളയമ്മയായ എലിശബാ അമ്മയോടു് പറഞ്ഞ ഈ വാക്കുകൾ നമ്മുടെ പൗരോഹിത്യത്തിന്റെ ഈ അമ്പതാം വത്സരത്തിൽ നമ്മുടെ ഹൃദയത്തിൽനിന്നു തിങ്ങിപ്പൊങ്ങിവരുന്നു.

1901 ഡിസമ്പർ 21-ാം തിയതി. അന്നാണു നാം പൗരോഹിത്യപദത്തിലേക്കു് ഉയർത്തപ്പെട്ടതു്. ആ കാലത്തേക്കു നാം തിരിഞ്ഞുനോക്കുമ്പോൾ നമ്മിൽ പല ചിന്തകളും ഉദിച്ചുയരുന്നുണ്ടു്. അവയിൽ ചിലതു ബ. സഹോദരരേ പ്രിയ മക്കളേ, നിങ്ങളെ അറിയിക്കുവാൻ നാം ആഗ്രഹിക്കുന്നു.

പൗരോഹിത്യത്തിന്റെ മാഹാത്മ്യം! ആർക്കു് അതു വേണ്ടപോലെ ഗ്രഹിക്കുവാൻ കഴിയും? ഫ്രാൻസീസ് അസ്സീസി പുണ്യവാൻ അതു നല്ലപോലെ ഗ്രഹിച്ചു. അദ്ദേഹം ആറുപട്ടം കഴിഞ്ഞു മുമ്പോട്ടുപോകുവാൻ ധൈര്യപ്പെട്ടില്ല. "ഒരു പുരോഹിതനേയും ഒരു മാലാഖയേയും ഒരുമിച്ചുകണ്ടാൽ ഞാൻ ആദ്യം പുരോഹിതനെ അഭിവാദ്യംചെയ്യും. പിന്നെ മാലാഖയെ" എന്നാണു് ആ വിനീതവിശുദ്ധൻ പ്രസ്താവിച്ചിരിക്കുന്നതു്. പുരോഹിതൻ മിശിഹായുടെ ജോലിചെയ്യുന്നുവെന്നു വി. സിപ്രിയൻ പറയുന്നു. പുരോഹിതൻ ബലിസമർപ്പിക്കുമ്പോൾ മിശിഹായുടെ കരം അദൃശ്യമായി നീട്ടിയിരിക്കുന്നതു കാണുവിൻ എന്നു വി. ക്രിസോസ്തോമോസും പുരോഹിതന്റെ ജോലി പരിശുദ്ധാത്മാവിന്റെ ജോലിയാണെന്നു വി. അമ്പ്രോസിസും പൗരോഹിത്യം മാഹാത്മ്യത്തിൽ രാജാക്കന്മാരുടെയും ചക്രവർത്തികളുടെയും മാലാഖമാരുടെയും സ്ഥാനത്തെ അതിശയിക്കുന്നുവെന്നു വി. ബർണാർദ്ദും ശരീരം ആത്മാവിനെക്കാൾ എത്രയ്ക്കു് ഉൽകൃഷ്ടമാണോ അത്രയ്ക്കു് പൗരോഹിത്യം രാജത്വത്തെക്കാൾ മഹത്വമേറിയതാണെന്നു് വി. ക്ലെമൻറും പ്രസ്താവിച്ചിരിക്കുന്നു. സ്രഷ്ടാവിനെ സൃഷ്ടിക്കുന്ന കരങ്ങളാണു് പുരോഹിതന്റേതെന്നു് ഒരുവിധത്തിൽ പറയാം. പാപിയെ പുണ്യവാനാക്കുന്നതാണു് പുരോഹിതന്റെ വാക്കുകൾ. പുരോഹിതൻ മാമ്മോദീസാമുക്കുമ്പോൾ മിശിഹാ തന്നെ മാമ്മോദീസാ മുക്കുന്നു. പുരോഹിതൻ പാപപ്പൊറുതി നൽകുമ്പോൾ മിശിഹാ പാപപ്പൊറുതി നൽകുന്നു. പുരോഹിതൻ "ഇതു് എന്റെ ശരീരമാകുന്നു"വെന്നു പറയുമ്പോൾ അപ്പം മിശിഹായുടെ ശരീരവും രക്തവുമായിപ്പകരുന്നു. പുരോഹിതൻ വേറൊരു മിശിഹാ എന്നു സാരം. ഇത്രയൊക്കെ നമ്മൾ പറഞ്ഞാലും ഭൂമിയിൽ പുരോഹിതന്റെ മഹത്വം വേണ്ടപോലെ മനസ്സിലാക്കുവാൻ മനുഷ്യനു സാധിക്കുമോ എന്നു തോന്നുന്നില്ല. ഒരുവിധത്തിൽ കന്യകാമറിയത്തെക്കാളും പുരോഹിതനെ ദൈവം ഉയർത്തിയിട്ടുണ്ടെന്നു ചില പുണ്യവാന്മാർതന്നെ അഭിപ്രായപ്പെട്ടിരിക്കുന്നു. പൗലോസ് ശ്ലീഹാ പറയുന്നതു്, അവർ ദൈവത്തിന്റെ കോദൃത്തോർമാരാണെന്നത്രെ. മിശിഹായുടെ ദൂതന്മാരാണു് അവർ. ദൈവം അവർവഴി മനുഷ്യവംശത്തെ ഉപദേശിച്ചുകൊണ്ടിരിക്കുന്നു.



കണ്ടത്തിൽ മാർ ആഗുസ്തീനോസു തിരുമേനി വിജയിപ്പൂതാക!

പുരോഹിതൻ വേറൊരു മിശിഹാ! എത്ര വലിയ സ്ഥാനമാണതു്! എന്നാൽ സ്ഥാനമാഹാത്മ്യം കൂടുന്തോറും അതിനു് ആവശ്യമായ യോഗ്യതയുടെ അളവും കൂടിപ്പോകുന്നു. ഭാരംവഹിക്കാതെ ബഹുമാനത്തിനർഹതയില്ല. അതിനാൽ ഒരു പുരോഹിതൻ എത്ര ഉയർന്നിരിക്കുന്നുവോ അത്രയും ഉന്നതമായ പുണ്യം പുരോഹിതനുണ്ടായിരിക്കണം. പരിശുദ്ധമായ ശുശ്രൂഷചെയ്യുന്നവർ പരിശുദ്ധരായിരിക്കണം. മിശിഹായുടെ ശരീരം സ്പർശിക്കുന്ന കരങ്ങളും നാവും നിർമ്മലമായിരിക്കേണ്ടതാണു്. പാപികളെ പിശാചിന്റെ അടിമത്തത്തിൽനിന്നു സ്വതന്ത്രരാക്കുവാൻ യത്നിക്കുന്നവർ പിശാചിന്റെ തന്ത്രങ്ങളിൽ അകപ്പെട്ടിരിക്കാൻ പാടില്ലല്ലോ. പുണ്യത്തിന്റെ ഉൽകൃഷ്ടതയെപ്പററി പ്രസംഗിച്ചിട്ടു പാപച്ചെളിയിൽ ആണ്ടുകിടക്കുന്നതു് എത്രയോ പരിതാപകരമാണു്. മിശിഹായുടെ തിരുരക്തവും തിരുശ്ശരീരവും സ്പർശിക്കുന്ന പാത്രങ്ങൾ സ്വർണ്ണം പൂശിയതായിരിക്കണമെന്നു് തിരുസഭ നിർദ്ദേശിച്ചിട്ടുണ്ടല്ലോ. ആ സ്ഥിതിക്കു് അവിടുത്തെ ശരീരരക്തങ്ങളെ കൈകാര്യം ചെയ്യുന്ന വൈദികർ സർവ്വഥാ പരിശുദ്ധരല്ലെങ്കിൽ അതു് എത്ര ലജ്ജാവഹമായിരിക്കും! തന്റെ പൗരോഹിത്യസുവർണ്ണജൂബിലി പ്രമാണിച്ചു് പരിശുദ്ധപിതാവു് പതിനൊന്നാം പീയൂസ് മാർപ്പാപ്പാ എഴുതിയ ചാക്രികലേഖനത്തിൽ തിരുമേനി പറയുന്നു:- "പുരോഹിതൻ ആരുടെ പ്രതിനിധിയാകുന്നുവോ ആ ആളിന്റെ പരിപൂർണ്ണതയെ അവർ സമീപിക്കണം — ജീവിതത്തിന്റെയും പ്രവൃത്തികളുടേയും പരിശുദ്ധികൊണ്ടു് പുരോഹിതൻ ദൈവത്തിന്റെ ഇഷ്ടപാത്രമായിത്തീരണം. കാരണം ധൂമത്തിന്റെ സൗരഭ്യത്തെക്കാളും ദേവാലയത്തിന്റെയും ബലിപീഠത്തിന്റെയും സൗന്ദര്യത്തെക്കാളും കൂടുതൽ ദൈവം ഇഷ്ടപ്പെടുന്നതും ആവശ്യപ്പെടുന്നതും പുണ്യമാണു്."

പ്രിയപ്പെട്ട സഹോദരരേ, നമ്മൾ പൗരോഹിത്യത്തിനുള്ള ദൈവവിളി സ്വീകരിച്ചു് മിശിഹായെ പിഞ്ചെല്ലുവാൻ തീരുമാനിച്ചപ്പോൾ ഏററവും പ്രാചീനമായ ഒരു തൊഴിലാളിസംഘത്തിൽ (Labour Union) നാം ചേരുകയാണു് ചെയ്തതു്. ആ തൊഴിലാളിസംഘത്തിലെ പ്രധാനമായ തത്വം ഒരു പാപിയെപ്പോലും മിശിഹായുടെ പക്കലേക്കു് ആനയിക്കുവാൻ നാം യത്നിക്കാതിരിക്കരുതെന്നാണു്. നഷ്ടപ്പെട്ടുപോയ ആടിനെ തിരിച്ചുകൊണ്ടുപോരുവാൻ എത്ര വലിയ കാട്ടിലും നാം കയറി അന്വേഷിക്കണം. ഒരു സങ്കടവും ഒരു ക്ലേശവും വഴിതെററിപ്പോയ ആത്മാക്കളെ അന്വേഷിക്കുന്നതിനു് പ്രതിബന്ധമാകരുതു്. ഇത്തരത്തിലുള്ള മിശിഹായുടെ തൊഴിലാളിസംഘത്തിൽ നമ്മൾ പേരു കൊടുത്തപ്പോൾ നമ്മൾ സമ്മതിച്ചു, മിശിഹായെപ്പോലെ പരിശ്രമിച്ചുകൊള്ളാമെന്നു്, പൗലോസ് ശ്ലീഹായെപ്പോലെ അദ്ധ്വാനിക്കാമെന്നു്.

നമ്മെ സംബന്ധിച്ചിടത്തോളം ഈ ചുമതലകളെല്ലാം ഒന്നുകൂടി ഭാരപ്പെട്ടു, പൗരോഹിത്യത്തിന്റെ പരിപൂർണ്ണതയാകുന്ന മെത്രാൻസ്ഥാനത്തേക്കു് ഉയർത്തപ്പെട്ടപ്പോൾ. ഈശോ തന്റെ രക്തത്താൽ രക്ഷിച്ച തിരുസഭയെ ഭരിക്കുന്ന ജോലി! മനുഷ്യശക്തിയാൽ ഈ ഭാരം വഹിക്കുക സാദ്ധ്യമല്ലെന്നു നിർണ്ണയംതന്നെ. തന്നിൽ ശരണപ്പെടുന്നവൻ ലജ്ജിക്കയില്ലെന്ന മുദ്രാവാക്യം അന്നുതന്നെ നാം സ്വീകരിച്ചതു് ഈ ചിന്തയാൽ പ്രേരിതനായാണു്.

ഇന്നുവരെയുള്ള നമ്മുടെ ജീവിതം മുഴുവനും ശരണത്തിന്റെ ജീവിതമായിരുന്നു. നമ്മുടെ തുച്ഛമായ കഴിവുകൾകൊണ്ടു് ഈ അത്യുന്നതമായ സ്ഥാനത്തിനു് അനുയോജ്യമായി കഴിയുക സാദ്ധ്യമല്ലെന്നുള്ള ബോദ്ധ്യത്തിൽ നാം ജീവിച്ചു. അതിരൂപതാഭരണത്തിൽ വൈദികരേയും സന്യാസികളേയും കന്യാസ്ത്രീകളേയും ഇടവകജനങ്ങളേയും നാം വിശ്വസിക്കുകയും അവരുടെ സഹകരണത്തോടുകൂടെ പരിശ്രമിച്ചുപോരുകയുംചെയ്തു. നമ്മുടെ അതിരൂപതയിലുള്ള സ്ഥാപനങ്ങളെല്ലാം നിങ്ങൾതന്നെ അദ്ധ്വാനിച്ചല്ലേ ഉണ്ടാക്കിയിട്ടുള്ളതു്. ഇവിടെപണിതിട്ടുള്ള ഓരോ പള്ളിക്കും പള്ളിക്കൂടത്തിനും ധർമ്മസ്ഥാപനങ്ങൾക്കുംവേണ്ടി അത്യദ്ധ്വാനംചെയ്ത വൈദികരേയും കന്യാസ്ത്രീകളേയും അൽമേനികളേയും നാം ഇന്നും എന്നും സ്മരിക്കുന്നുണ്ടു്. നിങ്ങൾ

പലരും ചിന്തിയിട്ടുള്ള കണ്ണീരും ഒഴുക്കിയിട്ടുള്ള വിയർപ്പും നാം ഈയവസരത്തിൽ പ്രത്യേകം ഓർമ്മിക്കുന്നു. നമ്മുടെ ഹൃദയം അവരുടെ പക്കലേക്ക് നാം അറിയാതെതന്നെ പാഞ്ഞുപോകുന്നു.

എന്തൊരു കാലഘട്ടത്തിൽക്കൂടെയാണ് നാം കടന്നുപോകുന്നത്? വഞ്ചനയും കാപട്യവും നിറഞ്ഞ ലോകം! പലപ്പോഴും വലിയ ദാരിദ്ര്യം. മനുഷ്യന്റെ ക്ലേശങ്ങളും ദുരിതങ്ങളുമനേകം. ഇപ്രകാരമുള്ള ഈ കാലസന്ധികളിലെല്ലാം ശത്രുതയെ സ്നേഹംകൊണ്ടും അന്ധകാരത്തെ പ്രകാശംകൊണ്ടും പ്രതിബന്ധങ്ങളെ വിശ്രമരഹിതമായ അദ്ധ്വാനംകൊണ്ടും തരണംചെയ്തു നമ്മുടെ അതിരൂപതയെ ഇന്നത്തെ നിലയിൽ നിങ്ങൾ ആക്കിത്തീർത്തു. വൈദികരും കന്യാസ്ത്രീകളും അൽമേനികളുമായ നിങ്ങളോരോരുത്തരും അനുഷ്ഠിച്ചിട്ടുള്ള ത്യാഗങ്ങൾക്ക് നിങ്ങളോട് നാം അത്യന്തം കൃതജ്ഞനാണ്.

ഈ കാര്യങ്ങളെല്ലാം സ്മരിക്കുമ്പോൾ പൗരോഹിത്യജീവിതത്തിൽ നമുക്കു ലഭിച്ച അനുഗ്രഹങ്ങൾ എത്ര അളവററതാണെന്ന് സൂക്ഷ്മമായി നാം ഗ്രഹിക്കുന്നു. നിങ്ങളെല്ലാവരുടേയും സഹകരണവും പ്രാർത്ഥനയും നമ്മുടെ കരങ്ങളെ ശക്തിപ്പെടുത്തി. എന്നാൽ ഈ അനുഗ്രഹങ്ങളെയെല്ലാം നാം എങ്ങനെ വിനിയോഗിച്ചുവെന്നോർക്കുമ്പോൾ നമുക്കു വളരെ പരിഭ്രമം തോന്നുന്നുണ്ട്. ചെയ്തിട്ടുള്ള കാര്യങ്ങളിൽ വന്നുപോയ തെററുകൾക്കു മാത്രമല്ല, ചെയ്യാതിരുന്ന കാര്യങ്ങൾക്കും നാം കണക്കുബോധിപ്പിക്കണമല്ലോ. അതേസമയം ഇന്നത്തെ ലോകത്തിന്റെ സ്ഥിതിയും നിങ്ങളെപ്പോലെ തന്നെ നമ്മെയും അത്യധികം ഭയപ്പെടുത്തുന്നുണ്ട്. കമ്മ്യൂണിസത്തിൽ അമർന്നുപോയ രാജ്യങ്ങളിലെ മെത്രാന്മാരുടേയും വൈദികരുടേയും വിശ്വാസികളുടേയും കാര്യം ചിന്തിക്കുമ്പോൾ നാം അത്യധികം ദുഃഖിക്കുന്നു. തിരുസഭ പലസ്ഥലങ്ങളിലും പീഡിപ്പിക്കപ്പെടുന്നുണ്ട്. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ കൂടുതലായി പരസ്യപ്രാർത്ഥനകളും പരിഹാരാരാധനകളും ആവശ്യമായിട്ടാണിരിക്കുന്നത്. ഇരുമ്പഴികളുടെ ഉള്ളിൽ വസിക്കുന്ന കർദ്ദിനാളന്മാരേയും മെത്രാന്മാരേയും വൈദികരേയും ദുഃഖമനുഭവിക്കുന്ന സന്യാസികളേയും വിശ്വാസത്തെപ്രതി പീഡകൾ അനുഭവിക്കുന്ന അൽമായജനങ്ങളേയും ആശ്വസിപ്പിക്കുകയാണ് നമ്മുടെ കർത്തവ്യം. ഇതാണ് നമ്മുടെ പരിശുദ്ധപിതാവ് ആഗ്രഹിക്കുന്നത്.

ആകയാൽ നമ്മുടെ വ്യക്തിപരമായ തെററുകൾക്കു പരിഹാരമായും രൂപതയിലെ കുറവുകളെല്ലാം നീങ്ങുന്നതിനായും തിരുസഭയുടെ വിജയത്തിനായും നമ്മുടെമേൽ ദൈവം പൊഴിച്ച അനുഗ്രഹങ്ങൾക്ക് കൃതജ്ഞതയായും പൗരോഹിത്യത്തിന്റെ അടിസ്ഥാനമായ വി. കുർബാനയെ കേന്ദ്രീകരിക്കുന്ന ചില ആദ്ധ്യാത്മികാഘോഷങ്ങൾകൊണ്ട് ഈ അവസരം ആചരിക്കണമെന്നു നാം കരുതുന്നു. പരിഹാരത്തിന്റേയും കൃതജ്ഞതയുടേയും ഈ പ്രകടനത്തിൽ നിങ്ങളെല്ലാവരും ഹൃദയപൂർവ്വം ചേരണമെന്ന് താല്പര്യത്തോടെ അഭ്യർത്ഥിക്കുകയുംചെയ്യുന്നു.

ഈ ഉദ്ദേശങ്ങൾക്കായി ഒക്ടോബർ 1-ാംനു-മുതൽ ഡിസംബർ മാസത്തിന്റെ അവസാനംവരെ എല്ലാ ആഴ്ചയിലും ഓരോ നാല്പതുമണിയാരാധന നടത്തുകയെങ്കിലും ചെയ്യണം. ഡിസംബർമാസം കഴിഞ്ഞു നാല്പതുമണിയാരാധന നടത്തുക പതിവുള്ള പള്ളികളിൽ ഇക്കൊല്ലം അതു് ഈ കാലഘട്ടത്തിൽ നടത്താവുന്നതാണ്. ഓരോ ആഴ്ചയും മുടങ്ങാതെ ഈ ആരാധനയുണ്ടാകുവാൻ ആരാധനയുടെ തിയതി ഇവിടെ അറിയിച്ച് അനുമതി വാങ്ങുവാൻ എല്ലാവരും ഉത്സാഹിക്കണം. നാല്പതുമണിയാരാധന നടത്തുവാൻ പ്രയാസമുള്ള ഇടവകകളിലും കൊവേന്തകളിലും മഠങ്ങളിലും ആഗസ്റ്റ്മാസംമുതൽ ഡിസംബർ അവസാനംവരെയുള്ള കാലഘട്ടത്തിൽ വി. കുർബാനയുടെ പ്രദക്ഷിണത്തോടുകൂടെ ഓരോ പന്ത്രണ്ടുമണിയാരാധന വിശേഷാൽ നടത്തുവാൻ സൗകര്യപ്പെടുത്തിയാൽ നന്നായിരിക്കും. ഈ ആരാധനകളെല്ലാം ദിവ്യകാരുണ്യസമ്മേളനംപോലെ നടത്തണമെന്നാണു നമ്മുടെ ആഗ്രഹം. നിത്യാരാധനാസഖ്യത്തിൽ ചേർന്നിട്ടുള്ള ഇടവകകളിൽ അവരവർക്കു നിശ്ചയിച്ചിരിക്കുന്ന തീയതികളിൽ പതിവുപോലെ ആരാധന വീണ്ടും നടത്തണം. പന്ത്രണ്ടുമണിയാരാധന നടത്തുവാൻ കഴിവില്ലാത്ത എല്ലാ ഇടവകകളിലും വി. കുർബാനവെച്ചിട്ടുള്ള മററു സ്ഥാപനങ്ങളിലും ആഗസ്റ്റ് മാസംമുതൽ ഡിസംബർ അവസാനംവരെ ആഴ്ചതോറുമുള്ള തിരുമണിക്കൂർ ആരാധന വി. കുർബാന പരസ്യമായി എഴുന്നെള്ളിച്ചുവെച്ചു നടത്തുവാൻ നാം അനുവദിക്കുന്നു. ഇപ്രകാരം നടത്തുന്ന ആരാധനകൾ നാം മുൻനിർദ്ദേശിച്ചിരിക്കുന്ന നിയോഗപ്രകാരം കാഴ്ചവയ്ക്കുവാൻ എല്ലാവരും താല്പര്യപ്പെടുമല്ലോ. വീടുകളിലെ രാത്രിയാരാധന മുടക്കംകൂടാതെ പ്രത്യേകിച്ചും ഈ നാളുകളിൽ നടത്തണമെന്നു നാം എല്ലാവരോടും അഭ്യർത്ഥിക്കുന്നു. കൊവേന്തകളിലും മഠങ്ങളിലും സന്യാസാന്തസ്സുകാരും അതാതു ആശ്രമത്തിൽ താമസിക്കുന്നവരും ചേർന്ന് രാത്രി മുഴുവനും ആരാധന നടത്തിക്കാണുവാനും നാം ആഗ്രഹിക്കുന്നു. ഇവിടെ ആലോചിച്ച് ഓരോ ദിവസം തെരഞ്ഞെടുക്കുകയാണെങ്കിൽ പല സ്ഥലങ്ങളിലായി ഡിസംബർ അവസാനംവരെ എല്ലാ രാത്രിയും ആരാധനയുണ്ടാകുവാനിടയാകും.

ആരാധനയ്ക്ക് ഒരുക്കമായി എല്ലാ ഇടവകകളിലും പൊതുധ്യാനം നടത്തുവാൻ ഉത്സാഹിക്കണം. ആരാധനയുടെ ആഴ്ച അതാതു് ഇടവകയിൽ ഒരു കത്തോലിക്കാപ്രവർത്തനവാരമായിക്കൂടെ ആചരിക്കണമെന്നു നാം നിർദ്ദേശിക്കുന്നു. മാതാവിന്റെ സൊഡാലിററി, കുരിശുയോദ്ധാക്കളുടെ സംഘം, വിൻസെൻറു് ഡി പോൾ സംഘം മുതലായ ഭക്തസംഘങ്ങളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുകയും ഇല്ലാത്ത സ്ഥലങ്ങളിൽ കഴിവുള്ളവ, പ്രത്യേകിച്ച വിൻസെൻറു് ഡി പോൾ സംഘം സ്ഥാപിച്ച് പ്രവർത്തനങ്ങൾ ആരംഭിക്കയും ചെയ്യുവാൻ എല്ലാവരേയും ഉത്സാഹിപ്പിക്കയും ഉത്സാഹിക്കയും ചെയ്യണമെന്നുകൂടെ നാം പ്രത്യേകം ഉപദേശിക്കുന്നു. അതിനായി ദിവ്യകാരുണ്യസമ്മേളനങ്ങളും ആരാധനയ്ക്കൊരുക്കമായ ധ്യാനദിവസങ്ങളും വിനിയോഗിക്കാവുന്നതത്രെ. ഈ ദിവസങ്ങളിൽ ഇടവകയുടേയും ഭക്തസംഘങ്ങളുടേയും പ്രത്യേകിച്ച വിൻസെൻറു് ഡി പോൾ സംഘത്തിന്റേയും കഴിവുപോലെ ദരിദ്രർക്കു ധർമ്മം നൽകി അവരെ ആശ്വസിപ്പിക്കുന്നതു നമ്മുടെ പൈതൃകഹൃദയത്തിനു് എത്രയും സന്തോഷകരമായിരിക്കും. സർവ്വപ്രധാനമായി നാം ആഗ്രഹിക്കുന്നതു് എല്ലാവരിലും എല്ലാ സംഗതികളിലും ഒരു നവചൈതന്യമാണ്. എല്ലാവരും ഈശോയെ കൂടുതൽ അറിയുകയും സ്നേഹിക്കുകയും ചെയ്യുവാനിടയാകണം. അവിടുത്തെ കല്പനകളും ആഗ്രഹങ്ങളും അനുസരിച്ചു പ്രവർത്തിക്കയാണ് ആവശ്യം. ഈ കൃതജ്ഞതാപ്രകടനങ്ങളുടെയെല്ലാം ഉപസംഹാരമായി നമ്മുടെ ആസ്ഥാനമായ എറണാകുളത്തു് ഒരു ദിവ്യകാരുണ്യപ്രദക്ഷിണം ഡിസംബർ അവസാനത്തോടുകൂടെ നടത്തുവാനും നമുക്കു് ആഗ്രഹമുണ്ട്. പ്രതിദിനം നമ്മുടെ അൾത്താരകളിലേക്കു് എഴുന്നള്ളിവരുവാൻ തിരുമനസ്സായ ദിവ്യനാഥനോടുള്ള കൃതജ്ഞതയുടെ ഒരു ബാഹ്യപ്രകടനമായും നമ്മുടെ പലവിധ കുററങ്ങൾക്കും കുറവുകൾക്കും പരിഹാരമായും ആ പ്രദക്ഷിണവും നാം നിയോഗിക്കുന്നു.

ആകയാൽ പ്രിയപ്പെട്ട സഹോദരരേ, മക്കളേ, നിത്യപുരോഹിതനായ ഈശോ അവിടുത്തെ വിനീതദാസനായ നമുക്കും നമ്മുടെ അതിരൂപതയ്ക്കും നൽകിയിട്ടുള്ള നിരവധി ദിവ്യദാനങ്ങൾക്കു ഏകമനസ്സോടെ നമുക്കു കൃതജ്ഞതാസ്തോത്രം ചെയ്യാം. സാർവ്വത്രികമായ ഒരു ജൂബിലിവത്സരമാണല്ലോ ഇതു്. നമ്മുടെ കൃതജ്ഞതാപ്രകടനങ്ങൾ ആ സാർവ്വത്രികജൂബിലിയുടെ ഉദ്ദേശങ്ങളെ ശക്തിപ്പെടുത്തുവാൻ ഇടയാകട്ടെ. അതിനായി നിങ്ങൾ ധാരാളം പ്രാർത്ഥിക്കുവിൻ.

സർവ്വശക്തനായ ദൈവം നമുക്കു തന്നുകൊണ്ടിരിക്കുന്ന അനുഗ്രഹങ്ങൾക്കു നാം അവിടുത്തോടു കൃതജ്ഞനാണ്. കർത്താവേ, അങ്ങയുടെ ദാസനെ അനുഗ്രഹിക്കണമേ; എന്റെ തെററുകളെ ക്ഷമിക്കണമേ. അങ്ങയുടെ ദാസൻ ശുശ്രൂഷിച്ചുപോരുന്ന വൈദികരും സന്യാസികളും, കന്യാസ്ത്രീകളും വിശ്വാസികളേവരും അങ്ങയുടെ സ്നേഹത്തിൽ അനുദിനം പുരോഗമിക്കട്ടെ. ഞങ്ങളെല്ലാവരും അങ്ങേ കണ്ടു നിത്യാനന്ദമനുഭവിപ്പാനും അങ്ങേ അളവില്ലാത്ത അനുഗ്രഹത്തേയും സ്തുതിയേയും നിത്യമായി പ്രകീർത്തിപ്പാനും ഞങ്ങൾക്കു് ഇടയാക്കണമെ. തിരുസഭയ്ക്കു വിജയവും സമാധാനവും നൽകണമേ. ഈ കൃതജ്ഞതാമഞ്ജരി ദൈവമാതാവിന്റെ അമലോത്ഭവഹൃദയംവഴി ദിവ്യകാരുണ്യ ഈശോയുടെ തിരുഹൃദയത്തിനു കാഴ്ചവച്ചുകൊണ്ടു ബാവായുടെയും പുത്രന്റെയും റൂഹാദക്കുദശായുടെയും നാമത്തിൽ നിങ്ങളേവരെയും നാം ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

# ആ വിശ്വമഹാപണ്ഡിതൻ

(മോൺ. ജോൺ കച്ചിറമററം ബി. എ. ബി. ററി.)


ക്രിസ്ത്വാബ്ദം 430 ആഗസ്റ്റ് ഇരുപത്തെട്ടാംതിയതി ആയിരുന്നു അന്നു്. "ക്രിസ്തു സംരക്ഷിക്കുന്നതൊന്നും കിരാതൻ അപഹരിക്കുകയില്ല" എന്നു സമാശ്വസിച്ചിരുന്ന ഒരു പോരാളിവീരൻ അന്നാണു മൃതിയടഞ്ഞതു്. ആര്യൻ വാൻഡൽസ് എന്ന കാട്ടാളവർഗ്ഗക്കാർ ഹിപ്പോപട്ടണത്തിന്റെ പടിവാതുക്കൽ എത്തിക്കഴിഞ്ഞിരുന്നു. കണ്ണിൽ കണ്ടതെല്ലാം കുത്തിക്കവർന്നു കൊള്ളിവച്ചു നശിപ്പിക്കുകയായിരുന്നു അവരുടെ അനുദിനപരിപാടി. പൂജ്യസ്മരണാർഹനായ പത്താംപിയൂസ് പാപ്പാ ഒന്നാം ലോകമഹായുദ്ധത്തിന്റെ കഠോരഗർജ്ജനങ്ങൾ ശ്രവിച്ചു ഹൃദയം നൊമ്പരപ്പെട്ടുകൊണ്ടു് കലഹപ്രിയയായ ലോകത്തോടു യാത്രപറഞ്ഞതുപോലെ,



കുതിച്ചുകയറുന്ന കാട്ടാളപ്പടയുടെ ആരവം ശ്രവിച്ചുകൊണ്ടാണു് വിശ്വവിശ്രുതനായ ഹിപ്പോയിലെ മെത്രാൻ മരണമടഞ്ഞതു്. അക്രമത്തിന്റേയും കവർച്ചയുടേയും വേതാളവിളയാട്ടത്തിന്റെ മദ്ധ്യേ, ലോകത്തിനു കൊടുക്കുവാനാകാത്ത അഭൗമസുന്ദരമായ ശാന്തിയുടെ പൂമൊട്ടുകൾ, ആ ദിവംഗതന്റെ പൂമുഖത്തു് ഉടിച്ചു നില്പുണ്ടായിരുന്നു. "കർത്താവേ! നിനക്കായി ഞങ്ങളെ നീ സൃഷ്ടിച്ചു. നിന്നിൽ സമാശ്വസിക്കുന്നതുവരെ ഞങ്ങളുടെ ഹൃദയം വിശ്രാന്തി കണ്ടെത്തുകയില്ല" എന്നു പഠിപ്പിച്ച ആ ഗുരുശ്രേഷ്ഠൻ ആ തത്വത്തെ തന്റെ ജീവിതത്തിൽ അന്വർത്ഥമാക്കുക തന്നെചെയ്തു.

മഹാത്മാക്കൾ മഹാത്മാക്കളായിട്ടല്ല ജനിക്കുന്നതു്. കഠിനാദ്ധ്വാനത്താലും, അഭ്യസനബലത്താലും അങ്ങനെ ആയിത്തീരുന്നതാണ്. നമ്മുടെ കഥാനായകൻ എഴുപത്തിയാറു നീണ്ടവർഷങ്ങൾ സമരത്തിലേർപ്പെട്ടിരുന്നു. മുപ്പത്തിമൂന്നു വയസ്സുവരെയുള്ള ഒന്നാംഘട്ടത്തിൽ കാമാന്ധതയുടെ ഇരുൾക്കോട്ടകളിൽ വിരണ്ടുഴറുകയായിരുന്നു. കാർത്തേജിലും റോമായിലും താമസിച്ചിരുന്ന കടിഞ്ഞാണില്ലാത്ത ആ പ്രായത്തിൽ, ജഡമോഹത്തിന്റെ വികൃതവിലാസങ്ങൾ ആഗുസ്തിനോസിൽ അരങ്ങേററം നടത്തിയിരുന്നു. അനന്തരം മിലാൻപട്ടണത്തിൽ അലങ്കാരശാസ്ത്രം പഠിപ്പിച്ചുകൊണ്ടിരിക്കുകയിൽ, ബാല്യകാലത്തിൽ തനിക്കു സ്വമാതാവിൽ നിന്നു ലഭിച്ചിട്ടുണ്ടായിരുന്ന വിശ്വാസം അദ്ദേഹത്തിന്റെ ബുദ്ധിയെ തട്ടിയുണർത്തി. ചിലർ പെട്ടെന്നു മാനസാന്തരപ്പെട്ട വൃത്താന്തങ്ങൾകേട്ടു മനസ്സിളകി ഒരു ദിവസം ഇപ്രകാരം നിലവിളിച്ചുപോയി: "വിദ്യാവിഹീനർ സ്വർഗ്ഗം കരസ്ഥമാക്കുന്നു. എന്നാൽ പണ്ഡിതന്മാരായ ഞങ്ങൾ വളരെ ജ്ഞാനപ്രാപ്തിയുള്ളവരായിരുന്നിട്ടും, മനോധൈര്യക്കുറവുമൂലം, ഭൂമിയിൽത്തന്നെ കിടന്നുരുളുന്നു." പ്രലോഭനങ്ങളുടെ പരുപരുത്ത മർദ്ദനങ്ങൾമൂലം ആത്മവീര്യം നഷ്ടപ്പെട്ടിരുന്ന ആഗുസ്തിനോസ്, അപ്പോഴത്തെ തന്റെ മാനസികവ്യാപാരഗതിയെ, സ്വന്തം തൂലികകൊണ്ടു ചിത്രീകരിക്കുന്നവിധം അനുകമ്പാർഹമായ ഒന്നു തന്നെയാണ്: "ഞാൻ തിരിഞ്ഞുനോക്കിയപ്പോൾ ആ ഭാഗത്തു് ഒരു വാതിൽ തുറന്നിരിക്കുന്നതായി കണ്ടു. എന്നാൽ അതിൽ പ്രവേശിക്കുന്നതിന് എനിക്കു ധൈര്യം ഉണ്ടായിരുന്നില്ല. ബ്രഹ്മചര്യം വളരെ പ്രശാന്തഗാംഭീര്യത്തോടെയെങ്കിലും സന്തോഷമുഖത്തോടുകൂടെ എന്നെ നോക്കി. ... അവൾ എന്നെ ശാസിച്ചുകൊണ്ടും ഉപദേശരൂപത്തിൽ എന്നെ ധൈര്യപ്പെടുത്തിക്കൊണ്ടും, ഇവർ ചെയ്തതുപോലെ നിനക്കും ചെയ്തുകൂടയോ എന്നു് എന്നോടു ചോദിച്ചു" സമരം കഠിനമായിരുന്നെങ്കിലും ആഗുസ്തിനോസ് ഒരു ഭീരുവായി വർത്തിക്കുവാൻ അഭിലഷിച്ചില്ല. സത്യം ഒരുവനെ സ്വാധീനമാക്കുന്നില്ലെങ്കിൽ അസത്യം അവനെ കൈവശപ്പെടുത്തുമെന്നതു് തീർച്ചതന്നെ. തന്നെ ബന്ധിച്ചിരുന്ന കുരുക്കുകൾ ഓരോന്നായി അദ്ദേഹം അഴിച്ചുമാററി. അചഞ്ചലമായ ഒരു നിശ്ചയത്തിൽ താൻ എത്തിച്ചേർന്നുവെന്നു ബോദ്ധ്യമായപ്പോൾ എല്ലാം ശാന്തമായി.

ആഗുസ്തിനോസിന്റെ അമ്മ, മോനിക്കാ, ഉഗ്രമായ മനോവേദനയോടുകൂടി അദ്ദേഹത്തിനുവേണ്ടി കണ്ണുനീർ വീഴ്ത്തുന്നുണ്ടായിരുന്നു. ആ പുത്രവത്സല വിദൂരമായ ആഫ്റിക്കയിൽനിന്നും വളരെ മുമ്പേ മിലാൻ പട്ടണത്തിൽ എത്തിക്കഴിഞ്ഞിരുന്നു. പീഡകളുടെ നടുവിൽക്കൂടെയാണ് അവളുടെ ജീവിതത്തോണി അവൾ തുഴഞ്ഞിരുന്നതു്. "ഇത്രയധികം കണ്ണുനീരിന്റെ പുത്രൻ ഒരിക്കലും നശിച്ചുപോവുകയില്ല" എന്ന ഒരു ആഫ്റിക്കൻ മെത്രാന്റെ പ്രവചനത്തിൽ അവൾ വിശ്വസിച്ചുമിരുന്നു. സമയത്തിന്റെ അധികഭാഗവും മിലാനിലെ അംബ്രോസ് മെത്രാന്റെ ഭദ്രാസനദേവാലയത്തിൽ മോനിക്കാ ചെലവഴിച്ചുവന്നു. ആ പുണ്യപുരുഷന്റെ അഭിനന്ദനത്തിന് ആ മാതാവും പുത്രനും ഒരുപോലെ പാത്രീഭൂതരായിത്തീരുകയുംചെയ്തു. പോരാട്ടം വിജയകരമായി അവസാനിപ്പിച്ച ആഗുസ്തിനോസ് നേരേ അമ്മയുടെ മുറിയിലേക്കാണു നടന്നുചെന്നതു്. അവരുടെ പാദങ്ങളിൽവീണ്, ചുടുബാഷ്പകണങ്ങളെ



സാക്ഷിയാക്കിക്കൊണ്ടു, തന്റെ കഴിഞ്ഞ പാപജീവിതത്തെ എന്നെന്നേക്കുമായി പരിത്യജിക്കുന്നുവെന്നു് അദ്ദേഹം സത്യംചെയ്തു. അപഥസഞ്ചാരിയായ പുത്രന്റെ പ്രത്യാഗമനത്തിനായുള്ള മോനിക്കായുടെ പതിനേഴുകൊല്ലത്തെ പ്രാർത്ഥനകളും, ത്യാഗങ്ങളും ഇപ്രകാരം പരിപൂർണ്ണവിജയത്തിൽ പര്യവസാനിച്ചു.

യഥാർത്ഥ സ്വാതന്ത്ര്യവും സമാധാനവും കണ്ടെത്താൻ ആധുനികലോകത്തിലെ ധൂർത്തപുത്രന്മാർക്കു സാധിക്കുന്ന ഏകസങ്കേതം സഭാമാതാവാണെന്നു വി. ആഗുസ്തിനോസിന്റെ ജീവിതസമരചരിത്രം സാക്ഷ്യംവഹിക്കുന്നുണ്ട്. അപഥസഞ്ചാരിയായ യുവലോകത്തെ വീണ്ടെടുക്കുവാൻ ആ വത്സലമാതാവു എത്രമാത്രം ആകാംക്ഷിതയായിരിക്കുന്നു! എത്ര ത്യാഗത്തിന്റെ കണ്ണുനീർ വീഴ്ത്തുന്നില്ല? ആധുനികലോകത്തിനു നേരിട്ടിരിക്കുന്ന സന്മാർഗ്ഗികാധഃപതനത്തിൽനിന്നു സമുദ്ധരിക്കുവാൻ ആഗുസ്തിനോസിനെപ്പോലെ ദൃഢനിശ്ചയബദ്ധരായ യുവവീരന്മാർ ലോകത്തിന്റെ വഴിത്താരകളിലേക്കും തിക്കുംതിരക്കുമുള്ള വഴിക്കവലകളിലേക്കും ഇറങ്ങിച്ചെന്നു പണിയെടുക്കേണ്ടതാവശ്യമായിത്തീർന്നിരിക്കുന്നു. ആധുനികസംസ്കാരം പഴിക്കുന്നതു പാപംചെയ്യുന്നവരെയല്ല. പ്രത്യുത, സന്മാർഗ്ഗികനിയമങ്ങളെയാണ്. സത്യവെളിച്ചത്തിന്റെ നേർക്കു അന്ധമായിരിക്കുന്ന ലോകത്തെ വീണ്ടെടുക്കുവാൻ "അന്ധകാരത്തിന്റെ പ്രവൃത്തികളെ ഉപേക്ഷി

(ശേഷം 11-ാം പേജിൽ)



## പുസ്തകാഭിപ്രായം

### ഗാനാമൃതം

(ഗ്രന്ഥകർത്താ, വക്കീ വി. നടയ്ക്കൽ, ചേർത്തല. പേജ് 33. വില 4ണ.)

അമ്പതിൽപ്പരം ഭക്തഗാനങ്ങളുടെ സമാഹാരമാണ് ഗാനാമൃതം. ആധുനികകാലത്തു ചലച്ചിത്രങ്ങളുടെ പ്രചാരം വർദ്ധിച്ചതോടുകൂടി ഗാനരീതികളുടെ വൈവിധ്യവും നവീനതയും അനുദിനമെന്നോണം മാറിക്കൊണ്ടിരിക്കുകയാണല്ലോ. ഏററവും അധുനാതനമെന്നു ഇന്നു നാം കരുതുന്ന "ററ്യൂൺ" അടുത്ത സിനിമ പുറത്തിറങ്ങുമ്പോൾ പഴഞ്ചനാകുന്നു. അതുകൊണ്ടു പുതിയപുതിയ രീതികൾ തേടിപ്പിടിക്കുക എപ്പോഴും വൈഷമ്യകരമാണ്. ഈ പ്രയാസം പരിഹരിക്കാനായിരിക്കാം ഗാനാമൃതത്തിന്റെ രചയിതാവു പരിചിതങ്ങളായ മിക്കവാറും എല്ലാ സിനിമാപാട്ടുകളുടേയും ഛായകൾ ഉപജീവിച്ചു ഗാനങ്ങൾ നിർമ്മിച്ചിരിക്കുന്നതു്.

സംഗീതത്തിന്റെ ശാസ്ത്രീയമായതോതുവച്ചു നോക്കുമ്പോൾ ഈ ഗാനങ്ങൾ ന്യൂനതാരഹിതങ്ങളല്ലെങ്കിൽത്തന്നെയും അസ്മാദൃശന്മാരുടെ ദൃഷ്ടിയിൽ അവയ്ക്കൊരു വലിയ മെച്ചമുണ്ടു്. അതായതു് ആ ഈരടികളോരോന്നിലും ഭക്തിരസം നിറഞ്ഞുവഴിയുന്നു. ഗായകന്റെയും ശ്രോതാക്കളുടേയും ഹൃദയങ്ങളിൽ മുഹൂർത്തമാത്രമെങ്കിലും, ദിവ്യമായ ഒരനുഭൂതിയുണ്ടാക്കുവാൻ അവ തികച്ചും പര്യാപ്തങ്ങളത്രെ.

സംഗീതമദ്ധ്യസ്ഥയായ വി. സിസിലിമുതൽ അത്ഭുതപ്രവർത്തകയായ വി. ഫിലോമിനാവരെയുള്ള ഒട്ടേറെ പുണ്യാത്മാക്കൾക്കുള്ള അർച്ചനാകുസുമങ്ങൾ ഈ ഗാനമഞ്ജരിയിൽ സഞ്ചയിച്ചിട്ടുണ്ടു്. ക്രിസ്മസ് ഗാനങ്ങളും ദിവ്യകാരുണ്യഗീതങ്ങളും എല്ലാററിനും മകുടാലങ്കാരമായി വിരാജിക്കുകയും ചെയ്യുന്നു.

ഗാനരചയിതാക്കൾക്കുള്ള ഒരു വലിയ ശ്രമം വ്യാകരണനിയമങ്ങളും പദവ്യുല്പത്തിയുമൊക്കെ ശബ്ദപരിവാഹത്തിൽ ഒതുക്കിനിറുത്തണമെന്നുള്ളതാണ്. ഈ പ്രയത്നത്തിൽ ശ്രീ വക്കീലും ചില പ്രമാദങ്ങൾ പററിയിട്ടുണ്ടു്. (1) "എന്നിൽ നൽക നിൻ അൻപേ" (പേജ് 32. ഗാനം 50) ഇതിൽ "അൻപിനെ" (കാരുണ്യത്തെ) നൽകുക എന്നു പ്രതിഗ്രാഹികാരൂപമായിക്കരുതിയാൽ "എകാര"ത്തിനു ദൈർഘ്യമാവശ്യമില്ല. ഹ്രസ്വമാക്കിയാൽ ഗാനസൗന്ദര്യം അവിടെനിന്നുപോകുകയും ചെയ്യും. (2) "നീതൻ ജീവനും" (ഗാനം 18. പേജ് 13) എന്ന പ്രയോഗത്തിൽ "നീതൻ" (നിന്റെ) എന്ന സംബന്ധികാർത്ഥത്തിൽ ഉപയോഗിക്കുക സാധാരണമല്ല. അങ്ങനെ ഉപയോഗിച്ചാൽത്തന്നെ പ്രകൃതത്തിൽ ആശയൈക്യം സിദ്ധിക്കുന്നുമില്ല. "നീ താൻ" എന്നാക്കിയാൽ ഗാനരസം കുറഞ്ഞുപോകുകയും ചെയ്യും. പീഡ (പേജ് 23. ഗാ. 59), കാക്ക (പേജ് 23. ഗാ. 34) മുതലായ അക്ഷരത്തെററുകളും പരിഹരിക്കേണ്ടിയിരിക്കുന്നു. എന്നിരിക്കിലും ശ്രീ വക്കീയുടെ ശ്രമം വിജയംവരിച്ചിട്ടുണ്ടെന്നഭിമാനിക്കുകതന്നെ ചെയ്യാം. ആധുനികഗാനരചയിതാക്കളുടെയിടയിൽ ഒട്ടും പിന്നിലല്ലാത്ത ആ സാഹിത്യസുഹൃത്തിനു സകലഭാവുകങ്ങളുമാശംസിച്ചുകൊള്ളുന്നു.

(ജെ. കെ. സി.)

### സംഗീതവീണ

(ഗ്രന്ഥകർത്താ: ജോസഫ് വടശ്ശേരി, നായരമ്പലം, ഞാറയ്ക്കൽ.)

ഈ വീണ തുലോം ചെറുതാണ്. കൈയിലെടുത്താൽ പെട്ടെന്നു പാടിത്തിക്കാം. പക്ഷെ തന്ത്രികൾ മീട്ടിത്തുടങ്ങുമ്പോൾ ചില വൈഷമ്യങ്ങൾ വന്നുകൂടുന്നു. എങ്ങാനൊക്കെയോ ചില തന്ത്രികൾ ഇടറിപ്പോയിട്ടുണ്ടെന്നു പറയാതെ തരമില്ല. ആശയാവർത്തനം പലയിടത്തുമുണ്ടു്. "ദീനതപോക്കും... സങ്കടം തീർക്കും..." (ഗാനം 1). ഇതിൽ അർത്ഥവ്യത്യാസമൊന്നുമില്ല. പാടാൻവേണ്ടിമാത്രം ആവർത്തിക്കണം. ഞാൻ എന്ന കർത്തൃപദം ഒരു വാക്യത്തിൽ ഒന്നിലധികം തവണ വന്നിരിക്കുന്നതും പന്തിയല്ല. (പേജ് 1. ഗാനം 1.) "പാപം ചെയ്ത പാപി" (പേജ് 6. ഗാനം 8.) ആവശ്യമെന്നു തോന്നുന്നില്ല. "അമലോത്ഭവകന്യ" എന്ന പദം ഒന്നിലധികംതവണ പ്രയോഗിച്ചിട്ടുണ്ടു്. ആ പദത്തിലെ "വ"കാരം അപഹരിച്ചുകളയാനുള്ള സ്വാതന്ത്ര്യം പാട്ടിനു നല്കുന്നതു ശരിയല്ല. തുള്ളിക്കയറി തുള്ളിയിറങ്ങുന്ന ഹിന്ദിപ്പാട്ടുകളെ "തുള്ളിക്കാനുള്ള" ശ്രമത്തിൽ വന്നുപോയ കുഴപ്പങ്ങളായിരിക്കാമിതെല്ലാം. പുതിയ "ററ്യൂൺ"കളെ അനുകരിക്കാനുള്ള രചയിതാവിന്റെ സാമർത്ഥ്യം അഭിനന്ദനീയമാണ്. ഒരു സംഗതി പ്രത്യേകം അദ്ദേഹത്തെ ഓർമ്മിപ്പിക്കാനുണ്ടു്. ദേവാലയങ്ങളിലും മററും പാടേണ്ട ഭക്തഗാനങ്ങൾ വൈദികാദ്ധ്യക്ഷന്മാരുടെ അംഗീകാര (Imprimatur) ത്തോടുകൂടെയാണു പ്രസിദ്ധപ്പെടുത്തേണ്ടതു്. അനവധാനതകൊണ്ടു് അക്കാര്യം വിട്ടുപോയതായിരിക്കാം.

(ജെ. കെ. സി.)

### സഹോദരിയുടെ സമ്മാനം


[സിസ്റ്റർ സ്റ്റെല്ലാ (മേരിയാമ്മ, കൈമാപ്പറമ്പിൽ, ആലുവാ) യുടെ സഭാവസ്ത്രസ്വീകരണസ്മാരകം.]

ഈ കുഞ്ഞു സമ്മാനത്തിന്റെ ഉള്ളടക്കം മുഴുവൻ പൂമൊട്ടുകളാണ്. പ്രാർത്ഥനാമുകുളങ്ങൾ. കന്യാസ്ത്രീകളെയുദ്ദേശിച്ചാണെന്നു തോന്നുന്നു, സഹോദരി മുഖ്യമായി ഇവ സജ്ജീകരിച്ചിരിക്കുന്നതു്. പക്ഷെ ആർക്കും ആദരപൂർവ്വം കൈനീട്ടി വാങ്ങി, അണിഞ്ഞഭിമാനിക്കാവുന്നതാണ് ഈ മുകുളഹാരം. അതിന്റെ ആസ്വാദ്യതയും ആകർഷകത്വവും അനവദ്യമത്രെ. ദൈവദൂതൻ ഒരു കന്യാമണിയെ മുടി ധരിപ്പിക്കുന്ന കരൾ കവരുന്ന കവർചിത്രം ഇതിനൊരു മകുടാലങ്കാരംതന്നെ.

(ജെ. കെ. സി.)

—

### വിനോദവീഥി



"ഏമാനെക്കുറിച്ച് ആ ചാക്കോച്ചനെന്താക്കെ നുണ പറഞ്ഞുപരത്തുന്നെന്നറിയാമോ?"

"സാരമില്ലടാ. എന്നെക്കുറിച്ചുള്ള സത്യമൊന്നും പറഞ്ഞുപരത്താതിരുന്നാൽ മതി."

* * *

അദ്ധ്യാപിക ഗ്രാമഫോൺ ക്ലാസ്സിൽ കൊണ്ടുവന്നു അതിൽനിന്നു പാട്ടുവരുന്ന വിദ്യയെല്ലാം പറഞ്ഞു മനസ്സിലാക്കിക്കൊടുക്കുകയായിരുന്നു. ഇടയ്ക്കു് പറഞ്ഞു: "ഇങ്ങനെയെല്ലാം ചെയ്തശേഷം ഗ്രാമഫോണിനു് കീ കൊടുക്കണം." പിറേറദിവസം ഗ്രാമഫോണിനെപ്പററി ഒരുപന്യാസം എഴുതാൻ കുട്ടികളോടു് ആവശ്യപ്പെട്ടു. ഉത്തരക്കടലാസു പരിശോധിച്ചപ്പോൾ ഒരു ബാലിക ഇപ്രകാരം എഴുതിവച്ചിരിക്കുന്നതായി കണ്ടു: "...ഇങ്ങനെയെല്ലാം ചെയ്തശേഷം ഗ്രാമഫോണിനു തീ കൊടുക്കണം."

* * *

തോമാച്ചേട്ടൻ കിളയ്ക്കുകയായിരുന്നു. അപ്പോഴിതാ! മണ്ണിൽക്കിടക്കുന്നു ഒരു രൂപാ. അതെടുത്തു കീശയിലിട്ടശേഷം പിന്നെയും കിളച്ചു. കുറെ കഴിഞ്ഞപ്പോൾ ഒരു രൂപാകൂടികിട്ടി. അതും കീശയിലിട്ടു. ഇങ്ങനെ നാലഞ്ചുപ്രാവശ്യംകൂടി രൂപ കിട്ടി. സന്തോഷത്താൽ മതിമറന്ന തോമാച്ചേട്ടൻ ആകെ എത്രരൂപ ആയെന്നറിവാനായി കീശ പരിശോധിച്ചപ്പോഴാണ് കീശയ്ക്കു ദ്വാരമുള്ളതായി കണ്ടതു്. തന്നെ ഇപ്രകാരം കളിപ്പിച്ച രൂപ താൻ കൊണ്ടുവന്ന രൂപതന്നെയാണെന്നു് അപ്പോൾ മനസ്സിലായി.

* * *

തോമാച്ചേട്ടൻ: "നിന്റെ പശുവിനു് ഇന്നാളു് സുഖക്കേടുവന്നപ്പോൾ നീ എന്താണു് കൊടുത്തതു്?"

വക്കീച്ചേട്ടൻ: "സർപ്പംതൈലം" (ടർപ്പന്റൈൻ).

രണ്ടാഴ്ചയ്ക്കുശേഷം അവർതമ്മിൽ വീണ്ടും കണ്ടുമുട്ടി. അപ്പോൾ തോമാച്ചേട്ടൻ: "നീ എന്തെന്നാ ഇന്നാൾ പറഞ്ഞതു്? പശുവിനു് സുഖക്കേടുവന്നിട്ടു് എന്താ കൊടുത്തതു്?"

വക്കീച്ചേട്ടൻ: "സർപ്പംതൈലം."

തോമാച്ചേട്ടൻ: "ഞാനതുകൊടുത്തിട്ടു് എന്റെ പശു ചത്തുപോയല്ലോ."

വക്കീച്ചേട്ടൻ: "എന്റെ പശുവും ചത്തുപോയി."

—


# The Irish Christian Brothers

സ്കൂൾഫൈനൽ പാസ്സായിട്ടുള്ളവരും മേൽപറഞ്ഞ സഭയിൽചേന്നു് പുണ്യപരിപൂർണ്ണത പ്രാപിക്കുന്നതിനും കത്തോലിക്കാ വിദ്യാഭ്യാസപ്രവർത്തനങ്ങൾക്കായി സ്വജീവിതത്തെ സമർപ്പിക്കുന്നതിനും ആഗ്രഹിക്കുന്ന വരുമായ യുവജനങ്ങൾ വിശദവിവരങ്ങൾക്കായി താഴെ കൊടുത്തിരിക്കുന്ന മേൽ വിലാസത്തിൽ അപേക്ഷിക്കുക.

The Rev. Bro. Superior,
Irish Christian Brothers, Quilon.


ആരോഗ്യപംക്തി

### വാതപ്പനി

ഉഷ്ണമേഖലയിലും ശീതോഷ്ണമേഖലയിലുമുള്ള പ്രദേശങ്ങളിൽ വളരെ കൂടുതലായി കാണുന്ന ഒരു രോഗമാണ് വാതപ്പനി. ഇന്ത്യയിൽ മിക്കസ്ഥലങ്ങളിലും ഈ രോഗം സാധാരണയാണ്.

#### കാരണം

കൊതുകുകൾ മുഖേന ശരീരത്തിൽ കടന്നുകൂടുന്ന ഒരുതരം ചെറിയ അണുക്കൾ വഴിയാണ് ഈ രോഗം ബാധിക്കുന്നതു്. കൊതുകുകൾവഴിയായി ഉണ്ടാകുന്ന സുഖക്കേടായതുകൊണ്ടു് കൊതുകുള്ള പ്രദേശങ്ങളിൽമാത്രമേ ഈ രോഗം ഉണ്ടാകുകയുള്ളു.

പലതരത്തിലുള്ള അണുക്കൾ ഈ രോഗത്തിനു കാരണമാകുന്നുണ്ടു്. അതിൽ ഏററവും ഉപദ്രവകരമായതു് "Filaria Bancrofti" എന്ന ഒരുതരം അണുക്കളാണ്. ഇവയാണ് രോഗം ഉണ്ടാക്കുന്നതു്. പ്രായമായ അണുക്കൾക്കു് 3 ഇഞ്ചുമുതൽ 4 ഇഞ്ചുവരെ നീളമുണ്ടാകും. അവ മനുഷ്യരുടെ കെണ്ട (glands) യിലാണ് വളരുന്നതു്. പെൺകൃമികൾ വളരെയധികം "മൈക്രോ ഫിലേറിയ" എന്ന അണുക്കളെ പുറപ്പെടുവിക്കുന്നു.

"മൈക്രോ ഫിലേറിയ" എന്ന കൃമികൾ വളരെ ചെറിയവയാണ്. അതുകൊണ്ടു് അവയ്ക്കു മനുഷ്യശരീരത്തിൽ വളരെ എളുപ്പത്തിൽ കയറിപ്പററുവാൻ സാധിക്കും.

പകൽസമയത്തു് ഈ കൃമികൾ ശരീരത്തിനുള്ളിലുള്ള അവയവങ്ങളിൽസ്ഥിതി ചെയ്യുന്നു. രാത്രി അവ രക്തത്തിൽ പ്രവേശിക്കുന്നു. പാതിരാത്രിയാകുമ്പോൾ അവയുടെ എണ്ണം വർദ്ധിക്കുകയും പാതിരാത്രിക്കുശേഷം ക്രമേണ കുറയുകയും ചെയ്യുന്നു.

#### വാതപ്പനി ബാധിക്കുന്ന വിധം

മററു പലതരം കൊതുകുകളും ഈ സുഖക്കേടിനു് കാരണമാകുന്നുണ്ടെങ്കിലും "കുളക്സ്" (Culex) എന്ന ഒരുതരം കൊതുകാണ് ഈ രോഗത്തിനുള്ള പ്രധാന ഹേതു. ഈ ഇനത്തിൽപ്പെട്ട ഒരു കൊതുക് വാതപ്പനിയുള്ള ഒരാളെ കടിച്ച് രക്തംകുടിക്കുന്ന അവസരത്തിൽ ചെറിയ വാതപ്പനി അണുക്കളെക്കൂടി വലിച്ചെടുക്കുന്നു. ഏതാണ്ടു് മൂന്നാഴ്ചയ്ക്കകം കൊതുകിന്റെ ഉള്ളിൽ കിടക്കുന്ന അണുക്കൾ പൂർണ്ണവളർച്ച പ്രാപിക്കും. ഈ അവസരത്തിൽ കൊതുക് ആരെയെങ്കിലും കടിച്ചാൽ അണുക്കൾ പുറത്തുചാടുകയും തൊലിക്കിടയിൽക്കൂടി മനുഷ്യശരീരത്തിൽ കയറിപ്പററുകയും ചെയ്യുന്നു. ശരീരത്തിൽ കടന്നുപററുന്ന അണുക്കൾ വളരെയധികം മൈക്രോ ഫിലേറിയ എന്ന അണുക്കളെ പുറപ്പെടുവിക്കുന്നു.

#### ലക്ഷണങ്ങൾ

വാതപ്പനി ബാധിതരായിട്ടുള്ള ആളുകൾ വളരെയുണ്ടെങ്കിലും പ്രത്യക്ഷത്തിൽ അതിന്റെ ലക്ഷണങ്ങൾ കാണുന്നതു് വളരെ ചുരുക്കംപേരിൽ മാത്രമായിരിക്കും.

വാതപ്പനി അണുക്കൾക്കു് മററു പലതരത്തിലുള്ള രോഗങ്ങളേയും ഉണ്ടാക്കുവാൻ സാധിക്കും. ഞരമ്പുവലി (Epmphangitis), മന്തു് (Elephantiasis), പാസ്ഥു് (Chyluria), കഴല വീർക്കൽ (Enlarged glands), വൃദ്ധി (Hydrocele) എന്നിവയാണ് അവയിൽ ചിലതു്. പനിയുടെ ആരംഭം ഉണ്ടാകുക, അവയവങ്ങളിൽ നീരുവന്നുവീഴുക ഇവയൊക്കെയാണ് ഈ സുഖക്കേടിന്റെ ആരംഭത്തിൽ കാണുന്ന പ്രധാനലക്ഷണങ്ങൾ. ഭക്ഷണത്തിനു് അരുചിയില്ലായ്മ, തലവേദന, ഛർദ്ദിൽ ഇവയും ആരംഭത്തിൽ ഉണ്ടായേക്കാം.

മന്തുരോഗം ബാധിച്ച ഭാഗം പിന്നീടു് അതിന്റെ പൂർവ്വാവസ്ഥയെ പ്രാപിക്കുകയില്ല. കാൽപാദം, കാലു്, കൈകൾ, നെഞ്ചു് ഇവിടെയൊക്കെയാണ് ഇതു് സാധാരണയായി ഉണ്ടാകാറുള്ളതു്.

#### ചികിത്സ

ശരീരത്തിലുള്ള ഫിലേറിയ അണുക്കളെ നിശ്ശേഷം നശിപ്പിക്കുവാൻ പററിയതായ ഔഷധങ്ങൾ ഇല്ലാത്തതുകൊണ്ടു് ഈ സുഖക്കേടു് ചികിത്സിച്ചു സുഖമാക്കുവാൻ വളരെ പ്രയാസമാണ്. രോഗം ബാധിച്ചയാൾ ഉടനെ ചികിത്സയ്ക്കായി വൈദ്യനെ സമീപിക്കേണ്ടതാണ്. കുത്തിവയ്പുമുഖേന ഈ രോഗം തടയുവാൻ സാധിക്കും.

#### പ്രതിവിധി

കൊതുകുകൾവഴി പ്രചരിക്കുന്ന ഒരു രോഗമായതുകൊണ്ടു്, ഈ രോഗത്തെ നിശ്ശേഷം തടയുവാൻ സാധിക്കുന്നതാണ്. കൊതുകുകളെ നിശ്ശേഷം ഇല്ലാതാക്കുക എന്നതാണ് ഈ രോഗത്തെ തടയുന്നതിനുള്ള ഏററവും പററിയ ഉപാധി. പ്രായമായ കൊതുകുകൾ പറന്നുനടക്കുന്നവയായതുകൊണ്ടു് അവയെ നശിപ്പിക്കുവാൻ പ്രയാസമുള്ളതിനാൽ കൊതുകുകൾ വളർന്നുവരുന്ന അവസരത്തിൽത്തന്നെ അവയെ നശിപ്പിക്കേണ്ടതു് ആത്യാവശ്യമാണ്. വെള്ളം കെട്ടിനില്ക്കുന്ന സ്ഥലങ്ങളിലും വീടുകളുടെ പരിസരങ്ങളിലുമാണ് ഈ രോഗത്തിനു് കാരണമാകുന്ന കൊതുകിൻകൂട്ടത്തെ ധാരാളമായി കാണുക. കുളങ്ങളും പൊട്ടക്കിണറുകളും ഇത്തരം കൊതുകുകൾക്കു് പററിയ വാസസ്ഥലങ്ങളാണ്. മഴപെയ്തതിനുശേഷം പാട്ടകളിലും ചിരട്ടകളിലും അതുപോലുള്ള മററു സാധനങ്ങളിലും വെള്ളം കെട്ടിക്കിടക്കുമല്ലോ. വൃക്ഷദ്വാരങ്ങളിലും ഓലകളുടേയും വാഴയിലകളുടേയും അഗ്രങ്ങളിലും കൊതുകിൻകൂട്ടങ്ങൾ ധാരാളമായി കാണും. കൊതുകുകളുടെ വളർച്ചയ്ക്കു കാരണമാകുന്ന സാഹചര്യങ്ങൾ ഇല്ലാതാക്കേണ്ടതു് അത്യന്താപേക്ഷിതമാണ്. വെള്ളം കെട്ടിനില്ക്കുവാൻ അനുവദിക്കാതിരിക്കുക. കുടക്കുടെ കിളയ്ക്കുക. ഇവയൊക്കെയാണ് കൊതുകുകളെ നശിപ്പിക്കുവാൻ നാം ചെയ്യേണ്ടതു്. ഇതുകൊണ്ടും അവയെ നശിപ്പിക്കുവാൻ സാദ്ധ്യമല്ലെങ്കിൽ എണ്ണയൊഴിച്ചു് അവയെ നശിപ്പിക്കണം. ഓരോ വീടുകളിലേയും ആളുകൾ ഒത്തൊരുമിച്ചു് പ്രവർത്തിച്ചാൽ കൊതുകുകളെ നശിപ്പിക്കാൻ എളുപ്പത്തിൽ സാധിക്കും. പൊതുസ്ഥലങ്ങളിൽ ഇപ്രകാരം കൊതുകുകളുടെ വളർച്ചയ്ക്കുപററിയ സ്ഥലങ്ങളുണ്ടെങ്കിൽ മുൻസിപ്പൽ ജോലിക്കാർ അവയെ നശിപ്പിക്കുന്നതാണ്. കൊതുകുവല ഉപയോഗിച്ചും ഈ രോഗത്തെ തടയുവാൻ സാധിക്കും. ഈ രോഗത്തിന്റെ ആരംഭലക്ഷണങ്ങൾ കണ്ടുതുടങ്ങിയാലുടനെതന്നെ രോഗിയെ ആരോഗ്യപ്രദമായ ഒരു സ്ഥലത്തേക്കു് മാററിത്താമസിപ്പിക്കുന്നതു നന്നായിരിക്കും.

ധർമ്മോദയം കമ്പനി, തൃശ്ശൂർ
ESTD: 1919 A. D.
## പുതിയ കുറികൾ
(As per Govt. sanction D. Dis. 6020/51, R. D. dated 30-6-'51)

1. മാസക്കുറി: നറുക്കു് 1-ക്കു് 100ക. 111 നറുക്കു് 11,100ക. സല, കുറഞ്ഞതു് 3ക. 2 ണയുടെ വീതംവരെ ചേരാം.
ഒന്നാംതവണ 1951 സെപ്തമ്പർ 22-ാംനു- / 1127 കന്നിമാസം 6-ാംനു-

2. കൊല്ലക്കുറി: നറുക്കു് 1-ക്കു് 500 ക. 4 നമ്പ്ര്. 16തവണ. 1 നറുക്കു് എടുപ്പും 3 നറുക്കു് ലേലവും. ആകെ സല 32,000ക. കുറഞ്ഞതു് 62ക. 8ണയുടെ വീതംവരെ ചേരാവുന്നതാണു്.
ഒന്നാംതവണ 1951 സെപ്തമ്പർ 29-ാംനു- / 1127 കന്നിമാസം 13-ാംനു-

കൂടുതൽ വിവരങ്ങൾക്കു കമ്പനിയിലേക്കു് എഴുതുക:-

ഇരിങ്ങാലക്കുട... തൃശ്ശിവപേരൂർ, 6—7—'51
ചാലിശ്ശേരി അന്തോണി പൈലോതു്, ചെയർമാൻ ഓഫ് ദി ബോർഡു്.

സംഭവകഥ

# വനാന്തരത്തിലെ ശവകുടീരം

(വിവർത്തക: മിസ്സിസ് ഇത്താമ്മ ജോസഫ് ബി. എ., എൽ. ടി.)

ഞങ്ങൾ നാലുപേരേയും വഹിച്ചുകൊണ്ടു് ആ ചെറുതോണി ഒഴുക്കിന്റെ സഹായത്താൽ മുമ്പോട്ടു പൊയ്ക്കൊണ്ടിരുന്നു. സൂര്യൻ അസ്തമിക്കുകയും "ഫ്റഞ്ചുഗയാനാ"യിലെ വനാന്തരങ്ങളിലെങ്ങും അന്ധകാരം വ്യാപിച്ചുതുടങ്ങുകയും ചെയ്തു. ഞങ്ങളുടെ പിൻപിൽ "ഡെവിൾസ് ദ്വീപി"ലെ ഒടുങ്ങാത്ത നരകയാതനകളുടെ സ്മരണകളും, മുൻപിൽ സ്വാതന്ത്ര്യമോ മരണമോ വാഗ്ദാനംചെയ്തുകൊണ്ടു വിസ്തൃതമായ സമുദ്രവും നീണ്ടുകിടന്നിരുന്നു.

കാരാഗൃഹത്തിൽനിന്നും രക്ഷപെട്ടുപോരുന്ന ഞങ്ങളുടെ നേതൃത്വം വഹിച്ചിരുന്നതു് "ഗ്രാൻഡ്" മാർഷലാണു്. അയാൾക്കു് ഈ പ്രദേശങ്ങൾ സുപരിചിതങ്ങളായിരുന്നതിനാൽ ദുസ്സാധ്യമായ ഒരു സ്ഥലത്തു നിന്നിരുന്നതും ഉപേക്ഷിക്കപ്പെട്ടതുമായ ഒരു ജയിൽക്കെട്ടിടത്തിൽ അതിവേഗം ഞങ്ങൾ എത്തിച്ചേർന്നു. രാത്രി അവിടെ കഴിച്ചുകൂട്ടാമെന്നു കരുതി ഒരഗ്നികുണ്ഡം ഉണ്ടാക്കുന്നതിനു് വിറകു ശേഖരിച്ചുകൊണ്ടിരിക്കുമ്പോൾ യാദൃച്ഛികമായി ഞാൻ ഒരു കൽക്കുരിശു കണ്ടു. കാട്ടുചെടികളും വള്ളികളും പടർന്നുകയറി അതു് മിക്കവാറും അദൃശ്യമായിരുന്നു. ഞാൻ മാർഷലിനെ വിളിച്ചു ചോദിച്ചു: "ആരെയാണു് ഇവിടെ സംസ്കരിച്ചിരിക്കുന്നതു്?" "അതു് ഫാദർ പിയറിന്റെ ശവകുടീരമാണു്." മാർഷൽ പ്രതിവചിച്ചു. അയാൾ പെട്ടെന്നു എന്നെ സമീപിച്ചു് കൈയിലിരുന്ന വെട്ടുകത്തികൊണ്ടു് ആ കൽക്കുരിശിനു ചുറ്റും നിന്നിരുന്ന ചെടികൾ വെട്ടിക്കളയുകയും അതിൽ പററിപ്പിടിച്ചിരുന്ന പായൽ ചുരണ്ടിക്കളയുകയും ചെയ്തു. ഈ വൈദികൻ ആരാണെന്നു ഞാൻ വീണ്ടും ചോദിച്ചപ്പോൾ "നിന്നെയും എന്നെയുംപോലെ ഒരു തടവുകാരനായിരുന്നദ്ദേഹം," എന്നു പറഞ്ഞശേഷം മാർഷൽ ഒരു ദീർഘനിശ്വാസത്തോടുകൂടി "ഒരു ദൈവദൂതൻ" എന്നു ആത്മഗതംചെയ്തു.

മാർഷൽ ഇരുപതു നീണ്ടവർഷങ്ങൾ, ഗയാനായിൽ കഴിച്ചുകൂട്ടിയവനാണു്. കാരാഗൃഹത്തിന്റെ കനത്ത ഭിത്തികളിൽവച്ചുപോലും രണ്ടു കൊലപാതകങ്ങൾ നടത്തുവാൻ അയാൾ മടിച്ചിട്ടില്ല. അയാളുടെ ജീവചരിത്രം അക്രമങ്ങളുടേയും അന്യായങ്ങളുടേയും ഒരു നീണ്ട പട്ടികയാണു്. ഒരു സദ്വിചാരം അയാളുടെ മനസ്സിൽ അങ്കുരിക്കയാകട്ടെ, ഒരു മധുരശബ്ദം അയാളുടെ നാവിൽനിന്നും പുറപ്പെടുകയാകട്ടെ ഒരിക്കൽപ്പോലുമുണ്ടായിട്ടില്ല.

ആഴിക്കു ചുററുമിരുന്നു് ഞങ്ങൾ തീ കായുകയായിരുന്നു. പതിവില്ലാത്തവിധം മാർഷൽ ചിന്താധീനനായി കാണപ്പെട്ടു. ഇടയ്ക്കിടെ അഗ്നികുണ്ഡത്തിലേക്കും ആ കൽക്കുരിശു നിന്നിരുന്ന ഭാഗത്തേക്കും അയാൾ മാറിമാറി നോക്കിക്കൊണ്ടിരുന്നു. "ഫാദർ പിയർ," മാർഷൽ പറഞ്ഞുതുടങ്ങി: "അദ്ദേഹം ഇപ്പോഴും സജീവനായി എന്റെ കൺമുമ്പിൽ നില്ക്കുന്നതുപോലെ ഞാൻ കാണുന്നു. വൈകുന്നേരം തടവുകാരിൽ ഓരോരുത്തരുടേയും പേരു വിളിക്കുന്നതും അദ്ദേഹത്തിന്റെ മുറ വരുമ്പോൾ ശാന്തമായി "ഹാജർ" പറയുന്നതും ഞാനിപ്പോഴും കേൾക്കുന്നു." ഞങ്ങൾ ശ്രദ്ധിച്ചു. മാർഷൽ തുടർന്നു: "തടവുകാരേയുംകൊണ്ടു വന്ന കപ്പലിൽവച്ചാണു് ഫാദർ പിയറിനെ ആദ്യമായി കണ്ടതു്. മിക്ക യാത്രക്കാരും അദ്ദേഹത്തെ വെറുത്തിരുന്നു. കാരണം അവർക്കു് അദ്ദേഹത്തിന്റെ ചരിത്രം അറിയാമായിരുന്നതുതന്നെ. വൃദ്ധയായ ഒരു വിധവയെ നിർദ്ദയം വധിച്ച ഈ വൈദികന്റെ പ്രാർത്ഥന കാണുമ്പോഴെല്ലാം അവർ കോപംകൊണ്ടു വിറച്ചിരുന്നു.

ഫാദർ പിയർ ഫ്രാൻസിന്റെ തെക്കുഭാഗത്തുള്ള സെൻറ് റമി എന്ന ചെറുഗ്രാമത്തിൽ ഇടവകവികാരിയായിരുന്നു. അദ്ദേഹത്തെ സ്നേഹിക്കയും ബഹുമാനിക്കയും ചെയ്യാത്തവരായി അവിടെ ആരുംതന്നെ ഉണ്ടായിരുന്നില്ല. ഇടവകപ്പള്ളിയുടെ നേരെ എതിർവശത്തു് റോഡിന്നഭിമുഖമായി "ദുവാൻ" എന്നു പേരായി ധനാഢ്യയും വൃദ്ധയുമായ ഒരു വിധവ താമസിച്ചിരുന്നു. നല്ല മഞ്ഞുള്ള ഒരു പ്രഭാതത്തിൽ. പരിചാരിക ശയനമുറി തുറന്നുനോക്കിയപ്പോൾ തന്റെ സ്വാമിനി മരിച്ചുകിടക്കുന്നതായിട്ടാണു് കണ്ടതു്. സ്വയരക്ഷയ്ക്കുവേണ്ടിയുള്ള അന്ത്യപോരാട്ടത്തിന്റെ ഫലമായി അവരുടെ വസ്ത്രങ്ങൾ ഉലഞ്ഞും കീറിയുമിരുന്നിരുന്നു.

ഘാതകനെപ്പററിയുള്ള അന്വേഷണങ്ങൾ മുറയ്ക്കു നടന്നു. ഈ ഘോരകൃത്യം നടത്തിയതു് ഫാദർ പിയറാണെന്നു വിശ്വസിക്കുവാൻ പര്യാപ്തങ്ങളായിരുന്നു ലഭ്യമായിരുന്ന എല്ലാം തെളിവുകളും. വിധവയുടെ ഗൃഹത്തിൽനിന്നും മഞ്ഞിൽക്കൂടിയുള്ള കാൽപ്പാടുകൾ അദ്ദേഹത്തിന്റെ ബംഗ്ലാവുവരെ ദൃശ്യമായിരുന്നു. സന്ധ്യകഴിഞ്ഞാൽ ദുവാൻ, ഫാദർ പിയറിന്റെ നിർദ്ദേശമുണ്ടെങ്കിലല്ലാതെ ആർക്കും അവളുടെ ഗൃഹത്തിൽ പ്രവേശനം അനുവദിച്ചിരുന്നില്ല. അവളുടെ വിൽപ്പത്രം പരിശോധിച്ചപ്പോൾ സർവസ്വത്തുക്കൾക്കും ഫാദർ പിയറിനെ അവകാശിയാക്കിയിരിക്കുന്നതായി കണ്ടു. അദ്ദേഹത്തിന്റെവകയും രക്തപങ്കിലവുമായ ഒരു കുപ്പായവും റബർചെരിപ്പുകളും ബംഗ്ലാവിലെ തോട്ടത്തിൽനിന്നും കണ്ടെടുത്തതായിരുന്നു ഏററവും അനിഷേധ്യമായ തെളിവു്. ഫാദർ പിയർ അധികാരികളുടെമുമ്പിൽ ആനയിക്കപ്പെട്ടു. ഈശ്വരസന്നിധിയിൽ താൻ തികച്ചും നിരപരാധിയാണെന്നു പറഞ്ഞതല്ലാതെ കൂടുതലായി യാതൊന്നും പറയുവാൻ അദ്ദേഹം തയാറായില്ല. കൊലക്കുററത്തിനു ജീവപര്യന്തം തടവുശിക്ഷയനുഭവിക്കുവാൻ അദ്ദേഹത്തെ വിധിക്കുകയും ഡെവിൾസ് ദ്വീപിലേക്കു നാടുകടത്തുകയും ചെയ്തു.

കപ്പൽ, ദ്വീപിൽ എത്തിയ ദിവസം തന്നെ ഞങ്ങളെ കാട്ടിനുള്ളിൽ ഒരു തടങ്കൽപ്പാളയത്തിലേക്കു കൊണ്ടുപോയി. അവിടെ ഞങ്ങളുടെ ജോലി മരം മുറിക്കുകയായിരുന്നു. നല്ല ആരോഗ്യവാനായിരുന്ന ഫാദർ പിയർ തന്റെ ജോലി തീർത്താലുടനെ ക്ഷീണിതരായ കൂട്ടുകാരെ സഹായിച്ചുവന്നിരുന്നു. എന്റെ പ്രവർത്തനരീതി അധികാരിവർഗ്ഗത്തിനു തീരെ ഇഷ്ടപ്പെട്ടിരുന്നില്ല. അവർ എന്നെ "ഓരാപ്പുററ്" എന്ന മറെറാരു ക്യാമ്പിലേക്കു മാററി. അതു് ലോകത്തിലെ ഒരു നരകംതന്നെയായിരുന്നു. അവിടെ ഞങ്ങൾ അരയററം ചെളിയിൽ നിന്നായിരുന്നു ജോലിചെയ്യേണ്ടിയിരുന്നതു്. ഏറെത്താമസിയാതെ ഞങ്ങളിൽ വളരെപ്പേർക്കു് മലമ്പനി പിടിപെട്ടു് ഓരാപ്പുററ് അസ്പത്രിയിൽ ചികിത്സയിലിരിക്കുമ്പോൾ ഫാദർ പിയർ രോഗികളുടെ ക്ഷേമാന്വേഷകനായി അവിടെ വന്നുചേർന്നു. ഈ ജോലി തടവുകാരിൽ പലരും വളരെ കാമ്യമായി കരുതിയിരുന്ന ഒന്നാണു്. ക്വയിനാ മുതലായ മരുന്നുകൾ, മുറിവു വച്ചുകെട്ടുന്നതിനുള്ള തുണി, ആദിയായി പലതും ചൂഷണം ചെയ്തു പണം സമ്പാദിക്കുവാൻ അവിടെ വളരെ സൗകര്യമുണ്ടായിരുന്നു. ഫാദർ പിയറിന്റെ മുൻഗാമി ഈ വിധത്തിൽ വളരെ പണം സമ്പാദിച്ചതായിട്ടാണു് കേട്ടുകേൾവി. എന്നാൽ പിയറിന്റെ ആഗമനശേഷം ഈ ദുർനടപടികൾ നിശ്ശേഷം അസ്തമിച്ചു. രോഗികളുടെ സുഖസൗകര്യാദികൾ അന്വേഷിക്കുന്നതിനും നിവർത്തിക്കുന്നതിനും അദ്ദേഹം സദാ ജാഗരൂകനായിരുന്നു. അനുകമ്പയോടും സ്നേഹത്തോടുംകൂടി അവരെ അദ്ദേഹം പരിചരിച്ചിരുന്നു. ഓരോ രോഗിയും ഫാദർ പിയറിനെ ആത്മാർത്ഥമായി സ്നേഹിച്ചു; ആരാധിച്ചു; ജയിലധികൃതർപോലും അദ്ദേഹത്തെ ബഹുമാനിച്ചുതുടങ്ങി.

ഓരാപ്പുററ് തടങ്കൽപ്പാളയം നിർത്തിയതോടുകൂടി ഫാദർ പിയർ "സെൻറ് ലൂയി"യിലേക്കുമാറേണ്ടതായിവന്നു. ഇവിടെ ആയിരുന്നു കുഷ്ഠരോഗബാധിതരായ തടവുകാരെ താമസിപ്പിച്ചിരുന്നതു്. "മരോണി"നദിയുടെ മദ്ധ്യത്തിലുള്ള ഒരു ചെറുദ്വീപിലായിരുന്നു ഈ സങ്കേതം സ്ഥിതിചെയ്തിരുന്നതു്. ചെറിയചെറിയ കുടിലുകളിലായിരുന്നു കുഷ്ഠരോഗികളുടെ താമസം. ഭക്ഷണസാധനങ്ങൾ എത്തിച്ചുകൊടുക്കുന്ന കൂലിക്കാരേയോ വല്ലപ്പോഴും അവരെ സന്ദർശിച്ചിരുന്ന ഡോക്ടറെയോ അല്ലാതെ മററാരേയും കാണുവാൻ അവർക്കു സാധ്യമായിരുന്നില്ല. അഞ്ചുവർഷം ഫാദർ പിയർ ഈ ക്യാമ്പിൽ തന്നെ താമസിച്ചു. ഒരു ദിവസം കാലത്തു് ഫാദർ പിയർ രോഗികളെ സന്ദർശിച്ചു പരിചരണംചെയ്തുകൊണ്ടിരുന്നപ്പോൾ കുഷ്ഠരോഗിയായ ഒരു തടവുകാരനെ ആ പാളയത്തിലേക്കു കൊണ്ടുവരുന്നതായി കണ്ടു. ഭവനഭേദനക്കുററത്തിനു് ഡെവിൾസ് ദ്വീപിൽ കാരാഗൃഹവാസം അനുഭവിച്ചുകൊണ്ടിരുന്ന ഒരു നിർഭാഗ്യവാനായിരുന്നു അയാൾ. എട്ടുവർഷത്തെ ജയിൽജീവിതത്തിനുശേഷം അയാൾക്കു് കുഷ്ഠരോഗം പിടിപെടുകയും സെൻറ് ലൂയി ക്യാമ്പിലേക്കു മാററപ്പെടുകയുമാണുണ്ടായതു്. സ്നേഹവും കരുണയും തുളുമ്പുന്ന നയനങ്ങളോടുകൂടി ഫാദർ പിയർ ഉടനെ പുതിയ രോഗിയുടെ സമീപത്തെത്തി. അയാളുടെ മുഖം ഭയങ്കരകുഷ്ഠരോഗബാധയാൽ ബീഭത്സമായിരുന്നു. കുനിഞ്ഞു് തന്റെ മുഖം രോഗിയുടെ മുഖത്തോടു അടുപ്പിച്ചുകൊണ്ടു്, അയാൾക്കിപ്പോൾ എന്താണാവശ്യമെന്നു് അദ്ദേഹം ചോദിച്ചു. എന്നാൽ ഒരു നിമിഷനേരത്തേക്കു് അദ്ദേഹത്തെ തുറിച്ചുനോക്കിയശേഷം രോഗി ഒരു നിലവിളിയോടുകൂടി ഫാദർ പിയറിനെ തള്ളിമാററുകയാണു് ചെയ്തതു്. ആ വൈദികനാകട്ടെ, കൈയിലിരുന്ന പാൽപ്പാത്രം നീട്ടിക്കൊണ്ടു് പറഞ്ഞു: "മകനേ! കുറച്ചു പാൽ കുടിക്കുക; നിന്റെ വേദന ശമിക്കും." "ഇല്ലാ—ഇല്ലാ. ഫാദർ പിയർ, ഞാൻ കുടിക്കുകയില്ല." രോഗി പിറുപിറുത്തു. ഫാദർ വിസ്മയഭരിതനായി, "എന്തു്? നിങ്ങൾക്കെന്നെ പരിചയമുണ്ടോ?" എന്നു ചോദിച്ചു. "അങ്ങേക്കു് എന്നെ മനസ്സിലായില്ലേ? അയ്യോ! ഞാനല്ലേ ആ നീചനായ ഗ്രോസില്യ!" ഗൽഗദത്തിനിടയിൽ രോഗി മന്ത്രിച്ചു. ഫാദർ പിയർ അവനെ സൂക്ഷിച്ചുനോക്കിയശേഷം സങ്കടത്തോടുകൂടി, "എന്റെ പാവപ്പെട്ട "ജീൻ"! ദൈവം നിന്നെ ഇങ്ങനെ ശിക്ഷിച്ചുവല്ലോ" എന്നു മാത്രം പറഞ്ഞു.

ആ കുടിലിലേക്കുള്ള പ്രവേശദ്വാരത്തിൽ വളരെ രോഗികൾ തടിച്ചുകൂടിയിരുന്നു. ഗ്രോസില്യ അവരെ ഉറക്കെ വിളിച്ചുകൊണ്ടു് പറഞ്ഞുതുടങ്ങി: "ഞാൻ മരിക്കാൻപോകയാണു്; ദയവായി എന്റെ വാക്കുകൾ ശ്രദ്ധിക്കുക; ഫാദർ പിയർ നിർദ്ദോഷിയാണു്; ഏതു കുററത്തിനായി അദ്ദേഹം ശിക്ഷ അനുഭവിക്കുന്നുവോ ആ കുററം ചെയ്തതു് ഞാനാണു്; സത്യം മുഴുവനും അദ്ദേഹത്തിനറിയാമായിരുന്നു, എങ്കിലും അതു് ആരോടും ഇതേവരെ പറഞ്ഞിട്ടില്ല; ദുവാനെ വധിച്ചതു് ഞാനാണു്; ഞാൻ ഫാദർ പിയറിന്റെ തോട്ടക്കാരനായിരുന്നു; അദ്ദേഹത്തിന്റെ ശയനമുറിയുടെ താഴത്തായിരുന്നു എന്റെ ഉറക്കം; ഒരു രാത്രി അദ്ദേഹത്തിന്റെ ഉടുപ്പും ചെരിപ്പും ധരിച്ചു് ഞാൻ ദുവാന്റെ ഭവനത്തെ ലാക്കാക്കി നടന്നു; അവർ വളരെ സമ്പന്നയാണെന്നു ഞാൻ കേട്ടിരുന്നു; അവർ വലിയ സൂക്ഷ്മബുദ്ധിയാണെന്നും, എന്നാൽ ഫാദർ പിയറാണെന്നു മനസ്സിലായാൽ അവരുടെ ഗൃഹത്തിൽ പ്രവേശനം ലഭിക്കുമെന്നും എനിക്കറിയാമായിരുന്നു. പ്രതീക്ഷിച്ചിരുന്നതുപോലെ എന്റെ വേഷം കണ്ടു് ഫാദർ പിയറാണെന്നു് തെററിദ്ധരിച്ചു് ആ വൃദ്ധ കതകുതുറന്നുതരികയും ഞാൻ അകത്തു പ്രവേശിക്കയും ചെയ്തു. യാഥാർത്ഥ്യം മനസ്സിലാക്കിയപ്പോൾ അവർ ബഹളം കൂട്ടുകയും സ്വരക്ഷയ്ക്കുവേണ്ടി ഞാൻ അവരുടെ കണ്ഠത്തിൽ ഞെക്കിപ്പിടിക്കയും തൽഫലമായി അവർ മൃതിയടയുകയുമാണുണ്ടായതു്. ഫാദർ പിയറിന്റെ ഉടുപ്പും ചെരിപ്പും തോട്ടത്തിൽ കുഴിച്ചിട്ടശേഷം എന്റെ മുറിയിലേക്കു പോകുമ്പോൾ അദ്ദേഹം എന്നെ കണ്ടു; അസമയത്തു് ഞാനെങ്ങോട്ടാണു പോയതെന്നു് അന്വേഷിച്ചു. എന്റെ മുഖഭാവവും പരിഭ്രമവും അദ്ദേഹത്തെ സംശയാധീനനാക്കി; പാപസങ്കീർത്തനമണ്ഡപത്തിലേക്കു് എന്നെ കൂട്ടിക്കൊണ്ടുപോയി; സർവ്വവും ഞാൻ അദ്ദേഹത്തോടു് ഏററുപറഞ്ഞു. അടുത്ത ദിവസം അധികാരികളെ വിവരം ധരിപ്പിച്ചുകൊള്ളാമെന്നു് സത്യവുംചെയ്തു. പക്ഷെ, ഞാൻ അങ്ങനെ പ്രവർത്തിച്ചില്ല; ഫാദർ പിയർ അറസ്റ്റുചെയ്യപ്പെട്ടു. ബന്ധനത്തിൽനിന്നും അപമാനത്തിൽനിന്നും അദ്ദേഹത്തെ രക്ഷിക്കുവാൻ ഞാൻ സത്യം വെളിപ്പെടുത്തിയില്ല. ഞാൻ യുവത്വത്തിലേക്കു് കാലൂന്നിയിട്ടേയുണ്ടായിരുന്നുള്ളു. ജീവിതസുഖം അനുഭവിക്കുവാനുള്ള ആഗ്രഹംകൊണ്ടു് ചെറുപ്പത്തിലേ മരിക്കുവാൻ ഞാൻ ഇഷ്ടപ്പെട്ടില്ല. ഓരോ ദിവസവും അറസ്റ്റുചെയ്യപ്പെട്ടേക്കുമെന്നു് ഞാൻ ഭയന്നിരുന്നു. പക്ഷെ, ഫാദർ പിയർ മൗനം അവലംബിച്ചതേയുള്ളു. കുമ്പസാരരഹസ്യം അദ്ദേഹം വെളിപ്പെടുത്തുകയില്ല. എനിക്കുവേണ്ടി അദ്ദേഹം കഠിനയാതനകൾ അനുഭവിക്കുന്നു. ദയവായി കടലാസ്സും പേനയും എനിക്കു തരിക; വേഗം തരിക! എന്റെ കുററസമ്മതം എഴുതി ഒപ്പിട്ടുതരട്ടെ! എന്റെ അന്ത്യനിമിഷം അടുത്തിരിക്കുന്നു."

"ഫാദർ പിയർ അക്ഷോഭ്യനായി ഇങ്ങനെ മറുപടിപറഞ്ഞു. മകനേ! അതിന്റെ ആവശ്യമില്ല. ദൈവത്തോടു നിന്റെ കുററം നീ ഏററുപറയുക! പശ്ചാത്തപിക്കുക, ഇപ്പോൾതന്നെ അവിടുന്നു നിന്നെ ശിക്ഷിച്ചുകഴിഞ്ഞു. ഇനിയും അവിടുത്തെ കരുണയ്ക്കുവേണ്ടി യാചിക്കുക; വീണ്ടും വീണ്ടും യാചിക്കുക!"

അന്നു രാത്രി അവന്റെ കുടിലിൽനിന്നും "ഗ്രോസില്യ" അപ്രത്യക്ഷനായി. രണ്ടുദിവസംകഴിഞ്ഞു് അവന്റെ മൃതശരീരം മരോണിനദിയിൽക്കൂടി ഒഴുകിപ്പോകുന്നതായി കണ്ടു.

"സെൻറു് റെമി" കൊലക്കേസ്സിൽ ഫാദർ പിയർ തികച്ചും നിരപരാധിയാണെന്നു ജയിലധികാരികൾക്കു

## Wanted

a Mathematics Graduate in a Permanent vacancy. Manager, St. Mary's English High School, Alwaye.

# സർവ്വാധിപത്യരാഷ്ട്രവും വിദ്യാഭ്യാസ പ്രശ്നങ്ങളും—അനന്തരകരണീയമെന്ത്?

II

(ഷെവലിയർ ജോസഫ് പെട്ട എം. എ.)

### അന്തരീക്ഷവും അദ്ധ്യാപകനിയമനവും

വിദ്യാലയങ്ങളിലെ അന്തരീക്ഷപരിശുദ്ധിയുടെ ആവശ്യകതയെപ്പററി നാം ഈ ദിവസങ്ങളിൽ തീവ്രവാദം നടത്തിവരുന്നുണ്ട്. അപ്രകാരം ചെയ്യേണ്ടതുമാണ്. എന്നാൽ ഇന്നത്തെ അനുഭവംവച്ചു നോക്കുമ്പോൾ കത്തോലിക്കാ വിദ്യാലയങ്ങളിലെ അന്തരീക്ഷം അതിൻെറ പാവനമായ ആദർശത്തിൽനിന്നു വളരെ അകന്നുപോയിരിക്കുന്നു എന്നു സമ്മതിക്കാതെ നിവൃത്തിയില്ല. മററു വിദ്യാലയങ്ങളുടേതിൽനിന്നു വിഭിന്നവും കത്തോലിക്കാപരവുമായ ഒരു പ്രത്യേകത നമ്മുടെ വിദ്യാലയങ്ങളിൽ വളരെ കുറവായിട്ടേ പ്രത്യക്ഷപ്പെട്ടുകാണുന്നുള്ളു. അതിനുള്ള കാരണങ്ങൾ ഏതെല്ലാമാണ്, പ്രതിവിധി എന്താണ്?—ഗുരുതരമായ പ്രശ്നങ്ങൾ. ഒന്നു തീച്ചയാണ്: അടുത്തകാലത്ത് ഈ വിദ്യാലയങ്ങളിലെ അദ്ധ്യാപകനിയമനത്തിൽ വന്നുഭവിച്ചിട്ടുള്ള വൈകല്യങ്ങളാണു ഈ ദുരവസ്ഥയ്ക്കുള്ള പ്രധാനകാരണമെന്നു ആരുംതന്നെ സമ്മതിക്കും. ഒരു വിദ്യാലയത്തിലെ അന്തരീക്ഷം അധികപങ്കും അതിലെ അദ്ധ്യാപകരുടേതയാണല്ലോ ആശ്രയിച്ചിരിക്കുന്നതു്. അങ്ങനെയെങ്കിൽ നിരീശ്വരന്മാരും അനാത്മവാദികളും കമ്മ്യൂണിസ്റ്റ്കാരുമായ അദ്ധ്യാപകന്മാർ പഠിപ്പിക്കുന്ന വിദ്യാലയങ്ങളിൽ കത്തോലിക്കാന്തരീക്ഷവും ആദർശപാരമ്പര്യങ്ങളും നിലനിർത്തിക്കൊള്ളാമെന്നു പ്രതീക്ഷിക്കുന്നതു മുള്ളുകളിൽനിന്നു അത്തിപ്പഴങ്ങളേയും ഞെരിഞ്ഞിലിൽനിന്നു മുന്തിരിപ്പഴങ്ങളേയും പ്രതീക്ഷിക്കുന്നതുപോലെ മൗഢ്യവും നിഷ്ഫലവുമായിരിക്കും. ഈ പരമാർത്ഥം നാം മനസ്സിലാക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഏതൊരു വിഷയവും സാക്ഷാത്തായ സനാതനസിദ്ധാന്തങ്ങളുടെ വെളിച്ചത്തിൽ വ്യാഖ്യാനിച്ചെങ്കിൽ മാത്രമേ ക്ലാസ്സുകളിൽ കത്തോലിക്കാന്തരീക്ഷം പുലരുന്നതിനും അദ്ധ്യേതാക്കളിൽ കത്തോലിക്കാ ചൈതന്യം വളരുന്നതിനും ഇടവരികയുള്ളു. എന്നാൽ കത്തോലിക്കാമതതത്വങ്ങളും സഭാപാരമ്പര്യങ്ങളും അറിയാത്തവരോ, അവയോട് അനുഭാവമില്ലാത്തവരോ ആയ അദ്ധ്യാപകന്മാരിൽനിന്നു അത്തരം വ്യാഖ്യാനം പ്രതീക്ഷിക്കാവുന്നതല്ല. അവർ പഠിച്ചതും ധരിച്ചതുമായ വിധത്തിൽ പഠിപ്പിക്കുന്നതിനും ധരിപ്പിക്കുന്നതിനുമല്ലാതെ മററു തരത്തിൽ അവർക്കെങ്ങനെ സാധിക്കും? അതിനവരെ കുററപ്പെടുത്തുന്നതും ന്യായമല്ല. Nemo dat quod non habet. കുരുടൻ കുരുടനെ നയിച്ചാൽ ഇരുവരും കുഴിയിൽചെന്നു ചാടുമെന്നുണ്ടല്ലോ.



പ്രത്യേകിച്ചും ചരിത്രം, സാഹിത്യം, ധനതത്വം, രാഷ്ട്രമീമാംസ, തത്വശാസ്ത്രം (Philosophy) സന്മാർഗ്ഗശാസ്ത്രം, (Ethics), നിയമം (Jurisprudence) എന്നിങ്ങനെ ധർമ്മനീതികളേയും സന്മാർഗ്ഗസിദ്ധാന്തങ്ങളേയും സാമൂഹ്യവ്യവസ്ഥിതികളേയും സമുദായാചാരങ്ങളേയും സ്പർശിക്കുന്ന വിഷയങ്ങൾ അത്തരക്കാരായ അദ്ധ്യാപകന്മാർ കൈകാര്യംചെയ്യേണ്ടിവരുമ്പോഴാണ് മേൽക്കാണിച്ച അപകടം അതിൻെറ മൂർദ്ധന്യത്തിൽ എത്തുന്നതു്. അവരുടെ ക്ലാസ്സുകളിൽ സ്വേച്ഛാനുവർത്തിയും വിപ്ലവകാരിയുമായ ലൂത്തർ പണ്ഡിതനും പുണ്യശ്ലോകനുമായ ഒരു വീരപുരുഷനായും, കപടയും കുടിലയുമായ എലിസബത്ത് Good Queen Bess ആയിട്ടും, സുകൃതിനിയും നിഷ്കളങ്കയും നീതിബോധസമ്പന്നയുമായ മേരി രാജ്ഞി Bloody Mary ആയിട്ടും മതപ്രബുദ്ധതയാലും ആദ്ധ്യാത്മികസംസ്കാരത്താലും ജീവകാരുണ്യചൈതന്യത്താലും പ്രശോഭിതമായിരുന്ന മദ്ധ്യശതകങ്ങൾ (Middle Ages) അജ്ഞതാബദ്ധമായ അന്ധകാരയുഗം (Dark Age) ആയും രൂപാന്തരപ്പെടുന്നു; ദുർവൃത്തിയും ഭീരുത്വവും കൂടിക്കലർന്നുളവാക്കുന്ന ആത്മഹത്യ ധീരോചിതമായ ഒരു വിക്രമകൃത്യമായി പരിണമിക്കുന്നു; വിവാഹമോചനം, സന്താനനിരോധനം ഭ്രൂണഹത്യ, Sterilization, സാധുകാരുണ്യവധം (Euthanasia) ആദിയായ കടുത്ത അധർമ്മങ്ങൾ ജനതതിയുടെ സൗഭാഗ്യസുന്ദരമായ അഭിവൃദ്ധിക്കു അവശ്യാവശ്യകമായ പരിഷ്കാരങ്ങളായി പ്രശോഭിക്കുന്നു; ക്രിസ്തുവും കൃഷ്ണനും ബുദ്ധനും മഹമ്മദും ഒരേതട്ടിൽ സമനിലയിൽ പ്രത്യക്ഷപ്പെടുന്നു; പ്രകൃതിവിരുദ്ധവും അപ്രായോഗികവുമായ സ്ഥിതിസമത്വവാദം മനോമോഹനമായ ഒരു വിശിഷ്ടാദർശമായി സ്വാഗതംചെയ്യപ്പെടുന്നു; വഞ്ചകവും വികൃതവും വിധ്വംസകവും അധിനായകത്വവുമായ കരാളകമ്മ്യൂണിസം ആദരണീയവും ആകർഷകവും ആശാജനകവുമായ ഒരു സുന്ദരസാമൂഹ്യവ്യവസ്ഥയായി രംഗപ്രവേശം ചെയ്യുന്നു; ക്രിസ്തുവിൻെറ പരിപാവനങ്ങളും പാരത്രികങ്ങളുമായ അഹിംസാദർശവും അക്രമരാഹിത്യവും പരസ്നേഹപ്രബോധനങ്ങളും വഴിതെററി വേഷം പകർന്നു അലങ്കോലപ്പെട്ട ഗാന്ധിപഥത്തിൽ ചെന്നുചേരുന്നു; ഹീഗൽ, ഡാർവിൻ, കാൻറ്, കാറൽമാർക്ക്സ് ആദിയായ ഭൗതികത്വവാദികൾ തത്വശാസ്ത്രമണ്ഡലത്തിലെ പ്രമാണപുരുഷന്മാരായി പ്രതിഷ്ഠിക്കപ്പെടുന്നു; അതേസമയംതന്നെ ക്രൈസ്തവലോകത്തിലെ പണ്ഡിതകേസരികളായ പൗലോസ് അപ്പസ്തോലൻ, തോമാസ് അക്വിനാസ്, അഗസ്റ്റിനോസ്, ക്രിസോസ്തോമോസ്, ഈറാനിമ്മോസ്, അംബ്രോസിസ്, ബെല്ലർമിൻ ആദിയായ നിരവധി ഉജ്ജ്വലതാരങ്ങൾ വിസ്മൃതകോടിയിൽ തള്ളപ്പെടുന്നു. ഇത്തരം ചരിത്രംകരിക്കലിൻെറയും വികൃതവ്യാഖ്യാനങ്ങളുടേയും ഉദാഹരണങ്ങൾ അനേകമനേകം ഇനിയും എടുത്തുകാണിക്കാവുന്നതാണ്. ചുരുക്കിപ്പറഞ്ഞാൽ, മേൽപ്രസ്താവിച്ചതരത്തിലുള്ള അദ്ധ്യാപകന്മാരുടെ വികലമായ പ്രതിപാദനംനിമിത്തം പ്രപഞ്ചവും പ്രപഞ്ചകർത്താവും സ്രഷ്ടാവും സൃഷ്ടികളുമെല്ലാം വാസ്തവവിരുദ്ധമായ ചരിത്രസങ്കല്പങ്ങൾക്കും കേവലം ഭൗതികാത്മകമായ ശാസ്ത്രവൈപരീത്യങ്ങൾക്കും സന്മാർഗ്ഗവിധ്വംസകമായ 'പുരോഗമന' സാഹിത്യാദർശങ്ങൾക്കും അടിപ്പെടേണ്ടതായിവരുന്നു. അങ്ങനെ, കലയ്ക്കുവേണ്ടി മാത്രമുള്ള കലകൾ കുലധർമ്മങ്ങളെ കൊലചെയ്യുന്നു. ഇതെത്രയോ പരിതാപകരമായ ഒരു ദുരവസ്ഥയാണ്.

ഈദൃശങ്ങളായ അബദ്ധാഭിപ്രായങ്ങളും ആശയക്കുഴപ്പങ്ങളും തെററിദ്ധാരണകളും അന്യവിദ്യാലയങ്ങളിൽ കുറെയൊക്കെ പ്രചരിച്ചാൽത്തന്നെയും കത്തോലിക്കാവിദ്യാർത്ഥികൾക്കു താരതമ്യേന അത്രവലിയ ഉപദ്രവം ഒരുപക്ഷേ ചെയ്തില്ലെന്നുവരാം. കാരണം ആ വിദ്യാലയങ്ങൾ പ്രത്യക്ഷത്തിൽത്തന്നെ കത്തോലിക്കാദർശങ്ങൾക്കു ഏറെക്കുറെ എതിരാണെന്നു നമ്മുടെ യുവജനങ്ങൾ മനസ്സിലാക്കിയിട്ടുള്ളതുകൊണ്ട് അവയിലെ പഠനങ്ങൾ അപ്പാടെ സ്വീകരിക്കുന്നതിനു് അവർ ഉടനടി സന്നദ്ധരാവുകയില്ല എന്നുള്ളതാണ്. അപകടം അവിടെയുമുണ്ട്, കാലാന്തരത്തിൽ; അതുകൊണ്ടാണല്ലോ കത്തോലിക്കേതരവിദ്യാലയങ്ങളിൽ നമ്മുടെ കുട്ടികളെ അയക്കരുതെന്നു തിരുസ്സഭാമാതാവു ശക്തിയുക്തം ആജ്ഞാപിക്കുന്നതു്. എന്നാൽ അത്തരം അപകടസമ്പൂർണ്ണമായ ആശയാഭിപ്രായങ്ങൾ ഒരു കത്തോലിക്കാവിദ്യാലയത്തിലെ പ്രസംഗവേദികളിൽനിന്നു പുറപ്പെടുന്നപക്ഷം അവയിൽനിന്നുളവാകുന്ന തിന്മ അതിരററതായിരിക്കും. എന്തുകൊണ്ടെന്നാൽ, പ്രഥമവീക്ഷണത്തിൽത്തന്നെ, അവ ആ വിദ്യാലയാധികൃതന്മാരുടെ അംഗീകാരത്തോടുകൂടി പുറപ്പെടുന്നതാണെന്നു തെററിദ്ധരിക്കുകമൂലം കത്തോലിക്കാവിദ്യാർത്ഥികൾപോലും സംശയരഹിതം അവയ്ക്കു സ്വാഗതമരുളുന്നു. കുടുംബത്തിൽ നടക്കുന്നവയ്ക്കെല്ലാമുള്ള ഉത്തരവാദിത്വം കുടുംബത്തലവനിൽ സ്ഥിതിചെയ്യുന്നതുപോലെ, വിദ്യാലയത്തിൽ നടക്കുന്നവയ്ക്കെല്ലാമുള്ള ഉത്തരവാദിത്വം പരമാവധി മാനേജരിലാണു നിക്ഷിപ്തമായിരിക്കുന്നതു്. എന്നാൽ അതനുസരിച്ച് അദ്ധ്യാപകന്മാരുടെ ആശയഗതിവിഗതികളും അഭിപ്രായപ്രകടനങ്ങളും മനസ്സിരുത്തി ശ്രദ്ധിച്ചു നിയന്ത്രിക്കുന്നതിനു സൗകര്യവും സന്നദ്ധതയുമുള്ള മാനേജർമാർ എത്രയോ ചുരുക്കം. ആകയാൽ അദ്ധ്യാപകനിയമനത്തിൽ വേണ്ടത്ര വിവേകം ചെലുത്തുക മാത്രമാണു ഇതിനുള്ള പ്രായോഗികപ്രതിവിധി. അതിലാണു മാനേജരുടെ അവഗാഢമായ ശ്രദ്ധ പതിയേണ്ടതും.

മാനേജരെ ഈ മാർഗ്ഗത്തിലേക്കു പ്രേരിപ്പിക്കേണ്ടതായ മററൊരു കാരണം കൂടിയുണ്ട്. ഒരു കത്തോലിക്കാ വിദ്യാലയത്തിലെ കത്തോലിക്കരായ അദ്ധ്യേതാക്കൾക്കു് ശരിയായ മതപാഠം നൽകുന്നതിനു് കത്തോലിക്കാദ്ധ്യാപകന്മാർ അവശ്യാവശ്യകമാണ്. കുടിപ്പള്ളിക്കൂടങ്ങളിൽ കുറുപ്പച്ചനെക്കൊണ്ടും പണിക്കരാശാനെക്കൊണ്ടും വേദോപദേശപാഠം നടത്തിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. മുപ്പത്തിരണ്ടുകൂട്ടം നമസ്കാരങ്ങളും ചോദ്യോത്തരവും ഉരുവിട്ട് മനഃപാഠമാക്കുന്നതിനു് ആ സമ്പ്രദായം ഏതാണ്ട് ഫലപ്രദവുമായിരുന്നു. ക്രൈസ്തവരുടെ മദ്ധ്യ ക്രൈസ്തവമുതലാളിമാരുടെ ആശ്രിതരായി കഴിഞ്ഞുകൂടിയിരുന്ന കുറുപ്പിനും പണിക്കർക്കും ക്രിസ്തീയമതത്തോടും ക്രൈസ്തവാചാരങ്ങളോടും ഉണ്ടായിരുന്ന ചിരപരിചയവും നിർവ്യാജമായ ഭക്ത്യാദരങ്ങളുമായിരുന്നു ആ സമ്പ്രദായത്തിൻെറ വിജയത്തിനു് സഹായിച്ചതു്. എന്നാൽ ഇന്നത്തെ സാഹചര്യങ്ങളിൽ അന്യമതസ്ഥരായ ഉപാദ്ധ്യായന്മാർ മുഖേന നമ്മുടെ കുട്ടികളുടെ മതപാഠം നടത്തിക്കുക ഒട്ടുംതന്നെ സാദ്ധ്യമല്ലെന്നുള്ളതു സ്വയം സ്പഷ്ടമാണ്. എന്നല്ല, എന്നത്തെ സാഹചര്യങ്ങളിലും, അർത്ഥവ്യാഖ്യാനത്തോടും കാര്യകാരണവിവേചനത്തോടും അന്തരാശയവിശദീകരണത്തോടുംകൂടിയ ക്രിസ്തീയമതാദ്ധ്യാപനം അത്തരം അദ്ധ്യാപകന്മാർക്കു സാദ്ധ്യമല്ല. ആ ചുമതല കത്തോലിക്കാദ്ധ്യാപകന്മാർതന്നെ ഏറെറടുത്തു നടത്തേണ്ടിയിരിക്കുന്നു. മാത്രമല്ല, മതാനുഷ്ഠാനവിഷയത്തിൽ കത്തോലിക്കാ വിദ്യാർത്ഥികൾക്കു് സന്മാതൃകയും സന്ദർഭോചിതമായ സഹായസഹകരണങ്ങളും നൽകി അവരെ ഉത്തമക്രൈസ്തവപൗരന്മാരാക്കിത്തീർക്കുന്നതിനും കത്തോലിക്കാദ്ധ്യാപകന്മാർ കൂടിയേകഴിയൂ.

ഏതൽസംബന്ധമായി മററൊരു സംഗതികൂടി ചുരുക്കി പ്രസ്താവിച്ചുകൊള്ളട്ടെ. നമ്മുടെ വിദ്യാലയങ്ങളിൽ കത്തോലിക്കരായ അദ്ധ്യാപകന്മാരെ നിയമിച്ച് പാവനമായ കത്തോലിക്കാന്തരീക്ഷം പുലർത്തുന്നതുകൊണ്ട്, അവയിൽ പഠനം നടത്തുന്ന അന്യമതസ്ഥരായ വിദ്യാർത്ഥികൾക്കു യാതൊരുവിധ വിഷമതകളും നേരിടുന്നതല്ലെന്നുള്ള പരമാർത്ഥം മാലോകർ അറിഞ്ഞിരിക്കേണ്ടതാണ്. നാമവരെ അറിയിക്കേണ്ടതുമാണ്. മതകാര്യങ്ങളിൽ യാതൊരുവിധത്തിലുള്ള നിർബന്ധലേശംപോലും അത്തരം വിദ്യാർത്ഥികളുടെമേൽ നാം ചെലുത്തുന്നില്ല, തീർച്ചതന്നെ. മാത്രമല്ല, വിദ്യാലയത്തിൽ പ്രവഹിക്കുന്ന കത്തോലി

(ശേഷം 8-ാം പേജിൽ)

## ചരമവാർഷികം



ശ്രീ എൻ എ. വക്കി
ബി. എ. ബി. എൽ., നെടുങ്ങാട്ട്
Born on 7th August 1898
Died on 25th August 1946
"OH LORD! GRANT HIM ETERNAL PEACE"

സുവർണ്ണപണയം
കുറഞ്ഞപലിശ. കൂടുതൽ നിരക്കു
ബാങ്ക് ഓഫ്
കൊച്ചിൻ ലിമിററഡ്
എറണാകുളം
മട്ടാഞ്ചേരി, ചാലക്കുടി, തൃശ്ശൂർ,
വില്ലിങ്ങ്ടൺ ഐലൻറ്

ബോദ്ധ്യമായി. ഒരു സത്യവാങ്മൂലം എഴുതിക്കൊടുക്കുവാൻ അവർ അദ്ദേഹത്തോട് ആവശ്യപ്പെട്ടു. അങ്ങനെ ചെയ്യുവാൻ ഫാദർ പീയർ വിസമ്മതിച്ചു. "ദൈവതിരുമനസ്സാണ് ഞാൻ ഇവിടെ വരുവാൻ കാരണം. ഇവിടത്തെ തടവുകാരുടെ കഷ്ടാരിഷ്ടതകൾ ലഘൂകരിക്കുന്നതിനും അവരെ സമാശ്വസിപ്പിക്കുന്നതിനും ഒരുപകരണമായി അവിടുന്നെന്നെ തിരഞ്ഞെടുത്തു. അവിടുത്തെ തിരുവിഷ്ടം പൂർണ്ണമായും നിറവേറട്ടെ!" എന്നു പറഞ്ഞുകൊണ്ട് അവരുടെ ഉദ്യമത്തിൽനിന്നും ജയിലധികാരികളെ അദ്ദേഹം പിന്തിരിപ്പിച്ചു.

ഫ്രഞ്ചുഗവണ്മെൻറ് അചിരേണ സത്യം ഗ്രഹിച്ചു. ഫാദർ പീയർ നിർദ്ദോഷിയാകയാൽ ജയിൽവിമുക്തനാക്കിയിരിക്കുന്നതായി പ്രഖ്യാപിച്ചുകൊണ്ടുള്ള ഉത്തരവ് വന്നപ്പോഴേക്കും സമയം അതിക്രമിച്ചുപോയിരുന്നു. ഫാദർ പീയറിൻെറ ആരോഗ്യം അതിനകം നിശ്ശേഷം നശിച്ചിരുന്നു. അദ്ദേഹത്തെ ചികിത്സിച്ചിരുന്ന ഡോക്ടർ ഫാദർ പീയറിനെ സെൻറ് ലോറൻസ് ആസ്പത്രിയിലേക്കു മാററുവാൻ തീർച്ചപ്പെടുത്തി. എന്നാൽ ഈ തടങ്കൽ പാളയംവരെ വന്നപ്പോഴേക്കും അദ്ദേഹം വളരെ അവശനായി കാണപ്പെട്ടു. ഡോക്ടറോട് അദ്ദേഹം ഇപ്രകാരം പറഞ്ഞു: "എന്നെ ദയവായി ഇവിടെനിന്നും മാററരുതു. ഇതായിരുന്നുവല്ലോ എൻെറ ദീർഘകാലത്തെ ഭവനം; ഇക്കാണുന്നവരാണല്ലോ എൻെറ ചിരകാലസുഹൃത്തുക്കൾ; ശേഷിച്ചിരിക്കുന്ന എൻെറ ആയുസ്സും ഞാൻ ഇവരോടുകൂടിത്തന്നെ കഴിച്ചുകൂട്ടിക്കൊള്ളട്ടെ" അദ്ദേഹത്തിൻെറ ആഗ്രഹമനുസരിച്ചു ഫാദർ പീയർ ഇവിടെത്തന്നെ താമസിക്കയും ഇവിടെക്കിടന്നു മരിക്കുകയും ചെയ്തു. തടവുകാർ അദ്ദേഹത്തെ അവിടെ സംസ്കരിക്കയും ജയിലധികൃതർ ആ സ്ഥാനത്തു ഒരു കൽക്കുരിശു നാട്ടുകയുംചെയ്തു." ഞങ്ങൾ സശ്രദ്ധം ശ്രവിക്കയായിരുന്നു. വിറകുകൊള്ളികൾ കത്തിവീഴുന്നതിൻെറ ശബ്ദമല്ലാതെ മറെറാന്നും അവിടത്തെ നിശ്ശബ്ദതയെ ഭഞ്ജിച്ചിരുന്നില്ല. മാർഷൽ ആ കൽക്കുരിശ് നിന്നിരുന്നിടത്തേക്കു നോക്കിക്കൊണ്ട്, വികാരാവേശത്തോടുകൂടി പറഞ്ഞു: "അതേ, അദ്ദേഹം ഒരു മനുഷ്യനായിരുന്നു. യഥാർത്ഥമനുഷ്യൻ!"

പിന്നെ ആരും സംസാരിച്ചില്ല. അടുത്ത പ്രഭാതംമുതൽ അഭിമുഖീകരിക്കേണ്ടിയിരുന്ന ആപത്തുകളേയും അപകടങ്ങളേയുംപററിയുള്ള ചിന്ത ഞങ്ങളെ അസ്വസ്ഥരാക്കുവാൻ പോരുന്നവയായിരുന്നെങ്കിലും ആ രാത്രി അനിതരസാധാരണമായ ശാന്തിയും സമാധാനവും ഞങ്ങൾക്ക് അനുഭവപ്പെട്ടു. കരുണാമൂർത്തിയായ ആ വൈദികശ്രേഷ്ഠൻെറ സ്നേഹചൈതന്യം ഞങ്ങളെ വലയംചെയ്തിരുന്ന ആ അന്തരീക്ഷത്തിലും പ്രസരിക്കുന്നുണ്ടെന്നുള്ള വിശ്വാസം ഞങ്ങളെ സമാശ്വസിപ്പിച്ചു. ഞങ്ങൾ ഗാഢനിദ്രയിൽ ലയിച്ചു.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

Vol. 25 || ERNAKULAM, AUGUST 22, 1951 || No 2


# തിരുനാൾമംഗളം

സത്യദീപത്തിന്റെ ജനയിതാവും രക്ഷാധികാരിയുമായ എറണാകുളം മെത്രാപ്പോലീത്താ കണ്ടത്തിൽ മാർ ആഗസ്തീനോസ് തിരുമേനിയുടെ നാമഹേതുകദിനം സമീപിച്ചിരിക്കുന്ന ഈ ശുഭാവസരത്തിൽ വന്ദ്യ തിരുമേനിക്കു വിനീതവും സ്നേഹനിർഭരവുമായ ഞങ്ങളുടെ മംഗളങ്ങൾ സമർപ്പിക്കുന്നതിൽ ഞങ്ങൾക്കു അതിയായ സന്തോഷമുണ്ട്. 24 കൊല്ലം മുമ്പ് തിരുമേനി പാകിയ വിത്ത് ക്രമപ്രവൃദ്ധമായ വളർച്ച പ്രാപിച്ച്, ഇന്നൊരു വൻവൃക്ഷമായി, കേരളക്കരയിലെങ്ങും തണൽ വിരിച്ചുകൊണ്ട് നിലകൊള്ളുന്നു. തിരുമേനിയുടെ കാലോചിതമായ നിർദ്ദേശങ്ങളും അധികൃതമായ നിയന്ത്രണവുമാണ് വിജയപഥത്തിൽനിന്നും വ്യതിചലിക്കാതെ പുരോഗമിക്കുന്നതിനു സത്യദീപത്തെ സഹായിച്ചിട്ടുള്ളത്. മറ്റോരോ തുറകളിൽ തിരുമനസ്സുകൊണ്ടു അനുഷ്ഠിച്ചുവരുന്ന വിശിഷ്ടസേവനവും എല്ലാവരുടേയും ശ്രദ്ധയ്ക്കു വിഷയമായിരിക്കുന്നു. പ്രത്യേകിച്ചും, കത്തോലിക്കാ തിരുസ്സഭയുടെ ആദർശങ്ങളും അവകാശങ്ങളും സംരക്ഷിക്കുന്നതിനുവേണ്ടി അടുത്തകാലത്തു നടന്ന വിദ്യാഭ്യാസപ്രക്ഷോഭണത്തിൽ തിരുമേനി വഹിച്ച പങ്ക് ആർക്കും വിസ്മരിക്കാവുന്നതല്ല. തിരുമേനി പുരോഹിതപട്ടം ഏററിട്ട ഈ ഡിസംബർ 21-ാംനു അരശതാബ്ദം തികയുന്നതാണ്. അതുസംബന്ധിച്ചു തിരുമനസ്സുകൊണ്ട് പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ശ്രദ്ധേയമായ ഇടയലേഖനം ഞങ്ങൾ അന്യത്ര ഉദ്ധരിച്ചിട്ടുണ്ട്. നിരീശ്വരത്വത്തിന്റേയും വിപ്ലവപ്രസ്ഥാനങ്ങളുടേയും വിഷവായു ദിക്കെങ്ങും വ്യാപിച്ചുതുടങ്ങിയിരിക്കുന്ന ഈ കാലത്തു ജനസമുദായം ആത്മീയമായ ഉണർവു പ്രാപിക്കേണ്ടതു അത്യന്താപേക്ഷിതമായിരിക്കുന്നു. ഈ ലക്ഷ്യം കൺമുമ്പിൽ വച്ചുകൊണ്ട് തിരുമേനി സ്വജനങ്ങൾക്കായി നിർദ്ദേശിച്ചുകൊടുത്തിരിക്കുന്ന ആദ്ധ്യാത്മികപരിപാടികൾ ഏററവും അവസരോചിതങ്ങളായിരിക്കുന്നു. തിരുമേനിയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന വിവിധവിദ്യാലയങ്ങളുടെ ശിരോലങ്കാരമായി പരിലസിക്കുമാറ് അതിരൂപതവകയായി ഒരു കലാലയം സ്ഥാപിക്കുന്നതിനുവേണ്ട പ്രാരംഭനടപടികൾ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ടെന്ന വസ്തുതയും പ്രസ്താവ്യമത്രെ. ദൈവമഹത്വത്തെ ലക്ഷ്യമാക്കിയുള്ള തിരുമേനിയുടെ സാരംഭങ്ങളെല്ലാം വിജയംവരിക്കുന്നതിനും, തിരുമനസ്സുകൊണ്ട് ദീർഘായുഷ്മാനായി അതിരൂപതാഭരണം നിർവഹിക്കുന്നതിനും വേണ്ട അനുഗ്രഹം സർവ്വശക്തൻ പ്രദാനംചെയ്യുമാറാകട്ടെ.

# സമാധാനപ്രസ്ഥാനം
## കമ്മ്യൂണിസ്റ്റ്കാരുടെ തട്ടിപ്പ്

കമ്മ്യൂണിസ്റ്റു നേതൃത്വത്തിലുള്ള ലോകസമാധാനപ്രണേതാക്കളുടെ ഒരു കോൺഗ്രസ്സ് 1950 മാർച്ചിൽ സ്വീഡന്റെ തലസ്ഥാനമായ സ്റ്റോക്കോമിൽ കൂടുകയും, ആററംബോംബു നിയമവിരുദ്ധമാക്കണമെന്നും അതു ഉപയോഗിക്കുന്നവരെ മഹാപാതകികളായി ഗണിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് "സ്റ്റോക്കോം സമാധാനാഭ്യർത്ഥന" എന്ന നാമത്തിൽ ഒരു പ്രസ്ഥാനം ആരംഭിക്കുകയും, ആ അഭ്യർത്ഥനയിൽ ലോകമാസകലമുള്ള ആളുകളെക്കൊണ്ട് ഒപ്പിടുവിക്കുവാൻ കമ്മ്യൂണിസ്റ്റുകാർ മുൻനിന്നു പ്രവർത്തിക്കുകയും ചെയ്ത കഥ പ്രസിദ്ധമാണല്ലോ. ഈ ഒപ്പുശേഖരപ്രസ്ഥാനം ഇന്നാട്ടിലും വളരെ ഉത്സാഹത്തോടു കൂടി നടത്തിക്കൊണ്ടിരുന്നുവെന്നും എല്ലാവർക്കും അറിവുള്ളതാണ്. എന്നാൽ ഈ കഴിഞ്ഞ ദിവസങ്ങളിൽ, ഈ സമാധാനപ്രസ്ഥാനത്തിന്റെ ഇന്ത്യയിലെ നേതൃത്വം വഹിക്കുന്ന ഡോക്ടർ കിച്ചിലു തിരുവനന്തപുരത്തുമാറും വന്നു പ്രസ്സ്കോൺഫറൻസും യോഗവും മററും നടത്തി പൊതുജനങ്ങളോടു പറഞ്ഞതു്, പ്രസ്തുത സമാധാനപ്രസ്ഥാനം കമ്മ്യൂണിസ്റ്റുകാരുടെ തന്ത്രമൊന്നുമല്ലെന്നും അതു ലോകസമാധാനത്തിനായുള്ള സാക്ഷാത്തായ ആഗ്രഹത്താൽമാത്രം പ്രേരിതമാണെന്നും തന്മൂലം രാഷ്ട്രീയമായ യാതൊരു ഭേദചിന്തയും കൂടാതെ എല്ലാവരും അതിൽ ചേരുകയും അതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണെന്നുമാണ്. ഡോക്ടർ കിച്ചിലുവിന്റെ ഈ അഭിപ്രായങ്ങളെപ്പററി ഞങ്ങൾക്കു പറയുവാനുള്ളതു്, ഒന്നെങ്കിൽ അദ്ദേഹം കമ്മ്യൂണിസ്റ്റ് തന്ത്രത്തിൽ മനസ്സറിയാതെ അകപ്പെട്ടിരിക്കുന്നു, അല്ലെങ്കിൽ കമ്മ്യൂണിസ്റ്റു തന്ത്രത്തെ മനസ്സറിഞ്ഞു പ്രോത്സാഹിപ്പിക്കുന്നു എന്നത്രെ. ഈ സമാധാനപ്രസ്ഥാനം സാക്ഷാൽ സോവ്യററഷ്യയുടെ നേതൃത്വത്തിലുള്ള കമ്മ്യൂണിസ്റ്റ് തന്ത്രമാണെന്നു് അതിന്റെ പശ്ചാത്തലത്തിന്റേയും അതിലെ അഭ്യർത്ഥനയുടെ വാചകങ്ങളുടേയും സ്വഭാവത്തിൽനിന്നു സമർത്ഥിച്ചുകൊണ്ട് ഈ പംക്തികളിൽ ഞങ്ങൾ രണ്ടു ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തിയിരുന്നു. ("കമ്മ്യൂണിസ്റ്റുകാരുടെ ഒപ്പുശേഖരണതന്ത്രം", "നശീകരണായുധം ആററംബോംബുമാത്രമോ" എന്ന തലക്കെട്ടുകളിൽ 21-2-51, 28-2-51 എന്ന തിയതികളിൽ ഈ ലേഖനങ്ങൾ സത്യദീപത്തിൽ കാണാം). ആകയാൽ ഡോക്ടർ കിച്ചിലുവിന്റെ അഭിപ്രായങ്ങളെ ഖണ്ഡിക്കുവാൻ ഞങ്ങൾ വിശേഷാൽ ഒന്നും ഇവിടെ പറയാൻ ഉദ്ദേശിക്കുന്നില്ല. ഈ സമാധാനാഭ്യർത്ഥനയുടെ നാമത്തിൽ കിഴക്കെ യൂറോപ്യൻ രാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റ് ഗവമ്മെൻറു് അവിടങ്ങളിലെ പൗരന്മാരോടു് പ്രയോഗിക്കുന്ന മർദ്ദനനടപടികളെ കുറച്ചൊന്നു വിവരിക്കുകമാത്രം ചെയ്തുകൊള്ളുന്നു:

### പോളണ്ടിൽ

പോളണ്ടിലെ മെത്രാന്മാരും ഗവമ്മെൻറും തമ്മിൽ ചെയ്ത ഉടമ്പടിയിലെ ഒരു വ്യവസ്ഥ ഇപ്രകാരമാണ്: "മെത്രാന്മാർ, തിരുസ്സഭയുടെ തത്വോപദേശങ്ങൾക്കനുസരണമായി, സമാധാനസ്ഥാപനത്തിനായുള്ള സകല ശ്രമങ്ങളേയും പിൻതാങ്ങും." ഈ വ്യവസ്ഥയനുസരിച്ചു സ്റ്റോക്കോം സമാധാനാഭ്യർത്ഥനയിൽ ഒപ്പിടാൻ മെത്രാന്മാർ ബാദ്ധ്യസ്ഥരാണെന്നും, എന്നാൽ അതു് അവർ ചെയ്യുന്നില്ലെന്നും, അതിനാൽ അവർ ഉടമ്പടിവ്യവസ്ഥയെ ലംഘിക്കുന്നുവെന്നും മോസ്കോയിലെ കമ്മ്യൂണിസ്റ്റ് പത്രമായ "പ്രവ്ദ" കുററാരോപണംചെയ്തു. പോളണ്ടിലെ കത്തോലിക്കാസഭാദ്ധ്യക്ഷൻ മുഖാന്തരമാണ് അവിടത്തെ മെത്രാന്മാർ പ്രസ്തുത സമാധാനാഭ്യർത്ഥനയ്ക്കു് എതിരായി നില്ക്കുന്നതെന്നും, മാർപ്പാപ്പായെ സന്ദർശിച്ചയവസരത്തിലാണ് അങ്ങനെ ചെയ്യാൻ ആ തിരുമേനി പ്രേരിപ്പിക്കപ്പെട്ടതെന്നും പ്രസ്തുതപത്രം അപലപിച്ചു. പോളണ്ടിലെ പ്രധാന കമ്മ്യൂണിസ്റ്റ് പത്രം അവിടത്തെ രണ്ടു മെത്രാന്മാരെ, അവരുടെ കീഴുള്ള വൈദികരോടു് ആ "സമാധാനാഭ്യർത്ഥന"യിൽ ഒപ്പിടരുതെന്നു് ആജ്ഞാപിച്ചുവെന്ന കാരണത്തിന്മേൽ പേരുപറഞ്ഞു് അപലപിച്ചു. ആ രണ്ടു മെത്രാന്മാർ തന്മൂലം ഉടമ്പടിവ്യവസ്ഥകളെ ലംഘിച്ചുവെന്നും അവരുടെമേൽ നടപടി നടത്തേണ്ടതാണെന്നും ആ പത്രം പ്രസ്താവിച്ചു.

പോളണ്ടിൽതന്നെ ഏകദേശം 200 ലക്ഷം ഒപ്പുകൾ ശേഖരിച്ചുവെന്നാണ് കമ്മ്യൂണിസ്റ്റുകാർ അവകാശവാദം ചെയ്തതു്. എന്നാൽ ആ രാജ്യത്തിലെ ആകെ ജനസംഖ്യ, കുട്ടികളുൾപ്പെടെ, ഏകദേശം 230 ലക്ഷം മാത്രമാണ്. സാമാന്യേന സന്ദർശകരെ സ്വീകരിക്കരുതെന്നു ചട്ടമുള്ള കന്യകാമഠങ്ങളിലെ അംഗങ്ങളായ കന്യാസ്ത്രീകളെപ്പോലും അഭ്യർത്ഥനയിൽ ഒപ്പിടുവിക്കുവാൻ കമ്മ്യൂണിസ്റ്റധികാരികൾ സമീപിച്ചിരുന്നു. ഒപ്പിടാൻ സമ്മതിക്കാഞ്ഞ വൈദികരുടെ പേർ ദിനപ്പത്രങ്ങളിൽ പരസ്യപ്പെടുത്തുകയും അവരെ അപലപിക്കുകയും ചെയ്തിരുന്നു.

### ഹങ്കറിയിൽ

1950 മേയ് ആരംഭത്തിൽത്തന്നെ ഹങ്കറിയിൽ 75ലക്ഷം ആളുകൾ ഒപ്പിട്ടുവെന്നു് കമ്മ്യൂണിസ്റ്റ്കാർ അവകാശവാദം ചെയ്തു. എന്നാൽ ആ രാജ്യത്തിലെ ആകെ ജനസംഖ്യ കുട്ടികളുൾപ്പെടെ ഏകദേശം 85ലക്ഷം മാത്രമാണ്. ഒപ്പിടാത്തവരെപ്പററി അവിടത്തെ നാഷണൽ കൗൺസിൽ കണ്ണീരത്തോടുകൂടി പ്രസ്താവിച്ചതു് "ഒരു ചെറിയ വിഭാഗം ജനങ്ങൾ രാജ്യവാസികളുടെ സമാധാനകാംക്ഷയ്ക്കു് എതിരായിനിന്നു" എന്നാണ്. കൗൺസിൽ ഇങ്ങനെ തുടന്നു:- "ജനങ്ങളോടു് വിശ്വസ്തരായി നിൽക്കുന്ന വിഭാഗം കത്തോലിക്കാ വൈദികർ, പ്രത്യേകിച്ചും ഗ്രാമങ്ങളിൽ, സ്റ്റോക്കോം അഭ്യർത്ഥനയിൽ ഒപ്പിടുകയും പ്രാദേശികസമാധാനക്കമ്മിററികളിൽ പ്രവൃത്ത്യുന്മുഖമായ ഭാഗം വഹിക്കുകയും ചെയ്തു. എന്നാൽ കത്തോലിക്കാമെത്രാന്മാരുടെ സംഘവും, സന്യാസസഭകളുടെ അധിപന്മാരും, കത്തോലിക്കാ വൈദികരും, സന്യാസസഭാംഗങ്ങളും, കന്യാസ്ത്രീകളും, അപരെ ശ്രവിച്ച വിശ്വാസികളും ഹങ്കേറിയൻ ജനതയുടെ സമാധാനപ്രസ്ഥാനത്തെ പിൻതാങ്ങുവാനും അഭ്യർത്ഥനയിൽ ഒപ്പിടാനും വിസമ്മതിച്ചു." ബുഡാപ്പെസ്റ്റ് റേഡിയോ, ഒപ്പിടാൻ വിസമ്മതിച്ച മെത്രാന്മാരെ "നമ്മുടെ ജനങ്ങളുടെ പ്രത്യക്ഷരായ ശത്രുക്കൾ" എന്നാണ് വിളിച്ചതു്. "അവർ ഹങ്കേറിയൻ ജനതയിൽ പെട്ടവരല്ലെന്നു സ്പഷ്ടമായിക്കാണിച്ചിരിക്കുന്നുവെന്നും, അവർ സമാധാനത്തിന്റെ സംരക്ഷകരാകാതെ ശത്രുക്കളായിരിക്കുന്നുവെന്നും, അവർ രാജ്യത്തോടല്ല രാജ്യത്തിന്റെ ശത്രുക്കളോടാണ് ചേർന്നു നിൽക്കുന്നതെന്നും" മെത്രാന്മാരെ പ്രസ്തുത റേഡിയോ അപലപിച്ചു. റേഡിയോ ഇതെല്ലാം ഒരു കമ്മ്യൂണിസ്റ്റ് പത്രത്തിൽ നിന്നു ഉദ്ധരിക്കുകയാണ് ചെയ്തതു്. ആ പത്രം മെത്രാന്മാരെ വത്തിക്കാന്റെ പിണിയാളുകളെന്നും, വത്തിക്കാനെ അമേരിക്കയിലെ യുദ്ധസാമഗ്രിനിർമ്മാതാക്കളുടെ പിണിയാളെന്നും ഏററവും ഹാസ്യമായ ഭാഷയിൽ വിളിച്ചു.

വത്തിക്കാൻ റേഡിയോയാകട്ടെ ഹങ്കറിയിലെ ഗവമ്മെൻറ് അവിടത്തെ വൈദികന്മാരെക്കൊണ്ട് സമാധാനാഭ്യർത്ഥനയിൽ ഒപ്പിടുവിക്കാൻ ചെയ്ത ശ്രമങ്ങളെ വിവരിച്ചിരുന്നു. വൈദികരുടെ ഒപ്പുകൾ പ്രചരണത്തിനുവേണ്ടി ഉപയോഗിക്കുവാനാണ് കമ്മ്യൂണിസ്റ്റധികാരികൾ ഉദ്ദേശിക്കുന്നതെന്നും, ഇരുമ്പുതിരശ്ശീലയുടെ പിന്നിലുള്ള എല്ലാസ്ഥലത്തും ഇതേ കഥതന്നെയാണ് നടക്കുന്നതെന്നും, എന്നാൽ ഇതേവരെ "തിരുസ്സഭയുടെ പ്രധാനപ്പെട്ട ഒരു പ്രതിനിധിയെങ്കിലും" ഒപ്പുവച്ചിട്ടില്ലെന്നും വത്തിക്കാൻ റേഡിയോ ആ ഘട്ടത്തിൽ പ്രസ്താവിക്കുകയുണ്ടായി. റേഡിയോ ഇങ്ങനെ തുടർന്നു:- "കമ്മ്യൂണിസ്റ്റ് ഒപ്പുശേഖരണക്കാരുടെ ഭീകരമായ മുദ്രാവാക്യം 'മര്യാദക്കാരനായ ഓരോ മനുഷ്യനും സമാധാനാഭ്യർത്ഥനയിൽ ഒപ്പുവയ്ക്കുന്നുണ്ട്'; എന്നാൽ വൈദികർക്കു് ഒപ്പുവയ്ക്കുവാൻ മനസ്സില്ല. ആകയാൽ അവർ സമാധാനത്തിനെതിരാണ്" എന്നായിരുന്നു. ഈ മുദ്രാവാക്യത്താൽ പ്രേരിപ്പിക്കപ്പെട്ടു് ഹങ്കറിയിലെ മെത്രാന്മാർ, സ്വന്തമായി ഒരു സമാധാനാഭ്യർത്ഥന പ്രസിദ്ധംചെയ്തു. അതിൽ തിരുസ്സഭയുടെ തത്വോപദേശങ്ങളുടേയും പാരമ്പര്യപാഠനത്തിന്റേയും വെളിച്ചത്തിലുള്ള സമാധാനത്തെപ്പററി പ്രതിപാദിക്കുന്നു. അതിനോടു് താരതമ്യം ചെയ്താൽ കമ്മ്യൂണിസ്റ്റ് പ്രചരണപ്രസ്ഥാനം കള്ളങ്ങളുടങ്ങിയതാണെന്നു് സ്പഷ്ടമാകുന്നുണ്ട്." മെത്രാന്മാരുടെ പ്രസ്തുത സമാധാനാഭ്യർത്ഥന ഇങ്ങനെ ഉപസംഹരിക്കുന്നു:- "നമ്മുടെ പ്രിയപ്പെട്ട ഹങ്കേറിയൻ മാതൃരാജ്യവും നമ്മുടെ പ്രിയപ്പെട്ട ജനങ്ങളും സുദീർഘമായ രണ്ടു യുദ്ധങ്ങൾക്കിടയിൽ അനിർവാച്യങ്ങളായ ദുരിതങ്ങൾ സഹിച്ചു. ഇനി വേറൊരു യുദ്ധത്തിന്റെ ക്രൂരമായ അനുഭവങ്ങൾ അവർക്കുണ്ടാകാൻ ഇടവരല്ലെയെന്നാണ് ഞങ്ങളുടെ ആഗ്രഹം." ഈ പ്രസ്താവന മെത്രാന്മാർ പുറപ്പെടുവിച്ചതു് അവരുടെ സ്വന്തം നാമത്തിൽ മാത്രമല്ല, സകല വൈദികരുടേയും സന്യാസസഭാംഗങ്ങളുടേയും നാമത്തിലുംകൂടിയാണെന്നും, "ആകയാൽ വേറൊരു പ്രസ്താവനയുടെയോ ഒപ്പിടലിന്റെയോ ആവശ്യം അവർക്കു് ഇനി ഇല്ലെന്നും" വത്തിക്കാൻ റേഡിയോ വിശദീകരിച്ചു.

കിഴക്കെ യൂറോപ്പിൽനിന്നു പ്രത്യേകിച്ചും അഭ്യർത്ഥനയിൽ ഒപ്പിട്ടവരായി ലിസ്റ്റിൽപ്പെടുത്തിയിട്ടുള്ള കത്തോലിക്കരുടെ പേരുകൾ പലതും വ്യാജങ്ങളാണ്. മരിച്ചുപോയ വൈദികരുടെ പേരുകൾ പോലും ലിസ്റ്റിൽ പെടുത്തിയിട്ടുണ്ട്. ട്രിയസ്റ്റിലെ മെത്രാൻ,തന്റെ ഒപ്പ് ലിസ്റ്റിലുണ്ടെന്നുള്ള റിപ്പോർട്ടിനെ നിരാകരിച്ചുകൊണ്ട് പ്രസ്താവിച്ചു, അഭ്യർത്ഥന ഒപ്പിടാൻ തന്റെ പക്കൽ ഒരിക്കൽ കൊണ്ടുവന്നുവെന്നും എന്നാൽ താൻ ഒപ്പിടാൻ വിസമ്മതിച്ചുവെന്നും. തിരുമേനി ഇങ്ങനെ തുടന്നു:- "തിരുസ്സഭ സമാധാനത്തിനുവേണ്ടി എന്നും നിലകൊണ്ടിരുന്നു, നിലകൊള്ളുകയും ചെയ്യുന്നു. നിരായുധീകരണം ആരോടെങ്കിലും ആവശ്യപ്പെടുന്നെങ്കിൽ, റഷ്യ ഉൾപ്പെടെ എല്ലാവരോടും അതാവശ്യപ്പെടേണ്ടതാണ്. റഷ്യ സുശക്തമായ ഒരു സൈന്യത്തെ ആയുധീകരിച്ചു നിർത്തിയിരിക്കുകയാണ്. കമ്മ്യൂണിസ്റ്റ് പാർട്ടി തിരുസ്സഭയെ റഷ്യയിലും പോളണ്ടിലും, ചെക്കോസ്ലോവാക്കിയായിലും, ഹങ്കറിയിലും, റുമേനിയായിലും, ബൾഗേറിയായിലും, യുഗോസ്ലാവിയായിലും, ചൈനായിലും മർദ്ദിക്കുന്നു. തങ്ങളുടെ സ്വന്തം ജനങ്ങൾക്കെതിരായി സമരം ചെയ്യുന്നവർ സമാധാനത്തിനുവേണ്ടി സംസാരിക്കുവാൻ യോഗ്യരല്ല. സമാധാനത്തിനുവേണ്ടി പ്രവർത്തിക്കുകയും ആററംബോംബ് നിയമവിരുദ്ധമാക്കുകയും ചെയ്യുന്നതു് സുവിശേഷവെളിച്ചത്തിൽ മനുഷ്യയോഗ്യവും സ്തുത്യർഹവുമായ കാര്യമാണ്. എന്നാൽ ഇതു് നിർവ്യാജമായ മനോഭാവത്തോടുകൂടി ചെയ്യേണ്ടതാണ്. സ്വാതന്ത്ര്യരും ക്രിസ്തീയമനുഷ്യരുമായി ജീവിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് സമാധാനം ആദ്യമായി നൽകണം. നിർഭാഗ്യവശാൽ ഇതാണ് കമ്മ്യൂണിസ്റ്റ് പാർട്ടി ചെയ്യുന്നില്ലാത്തതു്. മതപരവും പൗരപരവുമായ ഈ സഹിഷ്ണുതാമനോഭാവമാണ് നമുക്കാദ്യമായി ഉണ്ടായിരിക്കേണ്ടതു്."

ഈ വസ്തുതകളുടെയെല്ലാം വെളിച്ചത്തിൽ ആലോചിക്കുമ്പോൾ ഇതരരാജ്യങ്ങളിൽ നടക്കുന്നതും ഡോക്ടർ കിച്ചിലുവിന്റെ നേതൃത്വത്തിൽ ഇന്ത്യയിൽ നടക്കുന്നതുമായ സമാധാനപ്രസ്ഥാനത്തെപ്പററി അദ്ദേഹം പറഞ്ഞിട്ടുള്ള അഭിപ്രായങ്ങൾ തികച്ചും അയഥാർത്ഥങ്ങളാണെന്നു കാണാം.


## സത്യദീപം വരിസംഖ്യ

പ്രതിവർഷം

| | |
|---|---|
| തിരു-കൊച്ചിയിൽ | 6—0—0 |
| തിരു-കൊച്ചിക്കു പുറമെ | 6—8—0 |
| ഇൻഡ്യക്കുപുറമെ | 8—0—0 |


## അടുത്തയാഴ്ചയിൽ

ആഗസ്റ്റ്

26 ഞാ: പന്തക്കുസ്ത 15-ാം ഞായർ
27 തി: യൗസേപ്പു കലസാന്തിസ്
28 ചൊ: അഗുസ്തിനോസ്
29 ബു: യോഹന്നാൻ മാംദാനായുടെ ശിരച്ഛേദം
30 വ്യാ: ഫേലിക്സും അദോക്തോസും
31 വെ: റൈമുന്തോസ്
സെപ്തംബർ
1 ശ: എഗിദിയോസ്

## ഇടവകവാർത്തകൾ

ഒല്ലൂർ: ഫൊറോനാപ്പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന ബാലമരിയാസഖ്യത്തിന്റെ വാർഷികംപ്രമാണിച്ച് ആഗസ്റ്റ് 5-ാംനു ശ്രീ കെ. ജെ. അഗസ്റ്റിൻ എം എ. എൽ ടി യുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം കൂടുകയും ശ്രീ തോമസ് സെബാസ്റ്റ്യൻ ബി എ എൽ ടി, റവ. ഫാ. പോൾ ചിററിപ്പിള്ളി ബി എ ബി ടി എന്നിവർ ഓരോ പ്രസംഗം ചെയ്യുകയുംചെയ്തു.

സ്ഥലത്തെ വിൻസെന്റ് ഡി പോൾ സഖ്യത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ചിരിക്കുന്ന "പുവർ ഡിസ്പെൻസറി" ആഗസ്റ്റ് 15-ാംനു തൃശ്ശൂർ മെത്രാൻ ഡോ. ആലപ്പാട്ടുതിരുമനസ്സുകൊണ്ട് ഉൽഘാടനം ചെയ്തിരിക്കുന്നു.

—കടപ്പാമററം: ചെറുപുഷ്പ മിഷൻ ലീഗിന്റെ വാർഷികത്തോടനുബന്ധിച്ച് ആഗസ്റ്റ് 26-ാംനു റവ. ഫാ. എബ്രഹാം നെടുംതകിടിയുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം കൂടുന്നതാണെന്നറിയുന്നു.

—ഭരണങ്ങാനം: ചെറുപുഷ്പമിഷൻ ലീഗ് സെൻട്രൽ കമ്മിററി ആഗസ്റ്റ് 15-ാംനു സമ്മേളിച്ച് കേരളത്തിലെ ഓരോ രൂപതകളിലേക്കുമായി 27 ഓർഗനൈസർമാരെ നിയമിക്കുകയും ഒക്ടോബർ ഒരു പ്രചരണമാസമായി തീരുമാനിക്കുകയും ചെയ്തിരിക്കുന്നു.

(സ്ഥലച്ചുരുക്കത്താൽ ശേഷം ഇടവക വാർത്തകൾ അടുത്തതിൽ.)

## കൊ-തി വാർത്തകൾ

സംസ്ഥാനത്തെ കമ്മ്യൂണിസ്റ്റ് പ്രവർത്തനങ്ങൾ നിശ്ശേഷം തടയണമെന്നും കമ്മ്യൂണിസ്റ്റുകാർക്ക് പ്രോത്സാഹനം നല്കുന്ന യാതൊന്നും ചെയ്യരുതെന്നും തിരു-കൊച്ചി ഗവമെന്റിനു കേന്ദ്രത്തിൽനിന്നും നിർദ്ദേശം ലഭിച്ചിരിക്കുന്നതായറിയുന്നു.

—തിരു-കൊച്ചി ഗവമെന്റിന്റെ നിരോധനം ലംഘിച്ചുകൊണ്ട് ആഗസ്റ്റ് 13-ാംനു ആലപ്പുഴവച്ച് കമ്മ്യൂണിസ്റ്റ് കൺവൻഷനും തിരഞ്ഞെടുപ്പു പ്രചരണവും നടത്തുവാൻ ഒരുങ്ങിയതിനെത്തുടർന്ന് കമ്മ്യൂണിസ്റ്റ് നേതാക്കളായ മെ. ടി. വി. തോമസ്, ആർ. സുഗതൻ, വറുഗീസ് വൈദ്യൻ തുടങ്ങി 14 പേർ അറസ്റ്റു ചെയ്യപ്പെട്ടിരിക്കുന്നു.

—നിയമസഭയുടെ അടുത്ത സമ്മേളനം സെപ്റ്റംബർ 17-ാംനു ആരംഭിച്ച് 10 ദിവസത്തേക്കു നീണ്ടുനില്ക്കുന്നതാണെന്നറിയുന്നു.

—നെൽപ്പാടങ്ങൾ ഉപയോഗപ്പെടുത്തുന്നതുസംബന്ധിച്ച് ഗവമെന്റിൽനിന്നും പുറപ്പെടുവിച്ചിരിക്കുന്ന പുതിയ ഉത്തരവിൽ ഇപ്രകാരം വ്യവസ്ഥചെയ്തിരിക്കുന്നു: നെൽപ്പാടങ്ങൾ കൈവശമുള്ള ആരുംതന്നെ അധികാരികളുടെ മുൻകൂട്ടിയുള്ള അനുവാദംകൂടാതെ നിലം തരിശായി ഇടുകയോ, കരിമ്പ്, ഇഞ്ചി മുതലായ വ്യവസായികോല്പന്നങ്ങൾ കൃഷിചെയ്യുകയോ പാടുള്ളതല്ല. കാലാവസ്ഥ നെൽകൃഷിക്കു പ്രതികൂലമായിരിക്കുമ്പോൾ മരച്ചീനി, വാഴ, ചോളം, മലക്കറികൾ മുതലായ ഭക്ഷ്യോല്പന്നങ്ങൾ കൃഷിചെയ്യാവുന്നതാണ്.

—അഞ്ചേക്കർ ഇരുപ്പൂ പുഞ്ചകൃഷിചെയ്യുന്ന കർഷകരിൽനിന്നും നെല്ലെടുക്കുവാൻ ഗവമെന്റുദ്ദേശിച്ചിരിക്കുന്നു.

—കിസാൻ മസ്ദൂർ പ്രജാപാർട്ടി നേതാവു ശ്രീ ആചാര്യകൃപലാനി ആഗസ്റ്റ് 20-ാംനു തിരുവനന്തപുരത്തുവച്ച് ഒരു രാഷ്ട്രീയസമ്മേളനം വിളിച്ചുകൂട്ടുകയും പാർട്ടിപ്രചരണാർത്ഥം മെ. എൻ. കുഞ്ഞുരാമൻ, കെ. ആർ. ഇലങ്കത്ത് തുടങ്ങി 8 പേരടങ്ങിയ ഒരു അഡ്ഹോക്കു കമ്മിററി രൂപവൽക്കരിക്കുകയും ചെയ്തിരിക്കുന്നു.

**"Monotype" Series No. 169**

**(BASKER VILLE)**

പത്തു ശതമാനം കമ്മീഷൻവച്ച് മെററൽ തരുന്നപക്ഷം റാത്തലിന് ഒരു രൂപ വാർപ്പുകൂലി വെച്ച് 6മുതൽ 48വരെ പോയിന്റിലുള്ള ഇംഗ്ലീഷ് അക്ഷരങ്ങൾ ഞങ്ങളുടെ "മോണൊടൈപ്പുമെഷിനി"ൽ വാർത്തുതരുവാൻ തയ്യാർ.

SUPERINTENDENT

**St. Joseph's Press, Mannanam**

## ഇൻഡ്യാവാർത്തകൾ

ആഗസ്റ്റ് 14-ാംനു രാത്രി പ്രസിഡണ്ട് ഡോക്ടർ രാജേന്ദ്രപ്രസാദ് അഖിലഭാരതീയരോടുമായി ചെയ്ത പ്രക്ഷേപിണിപ്രസംഗത്തിന്റെ അന്ത്യഭാഗം ഇപ്രകാരമായിരുന്നു: നിങ്ങളുടെ ചുററും തിമിരപടലങ്ങൾ തിങ്ങിനില്ക്കുകയാണ്. എന്നാൽ നിശയുടെ പിൻഗാമിയാണ് പുലരി എന്നു നിങ്ങൾ വിസ്മരിക്കരുത്. ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസവും ആത്മധൈര്യവും നിങ്ങളുടെ കാലടികൾക്ക് ഉയിരും ഉറപ്പും നൽകും; പരിപാവനമാണ് നിങ്ങളുടെ ആദർശം; മുന്നേറുക. വിജയം നിശ്ചയം.

—കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മേലുള്ള നിരോധനം നീക്കുന്നതുസംബന്ധിച്ച് ഉന്നയിക്കപ്പെട്ട ചോദ്യങ്ങൾക്കുത്തരമായി ആഭ്യന്തരകാര്യമന്ത്രി ശ്രീ രാജഗോപാലാചാരി ആഗസ്റ്റ് 14-ാംനു സമ്മേളിച്ച പാർലമെന്റിൽ ഇപ്രകാരം പ്രസ്താവിക്കയുണ്ടായി: കമ്മ്യൂണിസ്റ്റ്പാർട്ടി നിരോധിക്കപ്പെട്ട സ്ഥലങ്ങളിൽ അവരിപ്പോൾ ചില പ്രത്യേകകേന്ദ്രങ്ങൾ തിരഞ്ഞെടുത്താണ് ഭീകരപ്രവർത്തനങ്ങൾ നടത്തുന്നത്. കമ്മ്യൂണിസ്റ്റ്പാർട്ടി ക്രിമിനൽ പ്രവർത്തനങ്ങൾ അവസാനിപ്പിച്ചതിനുശേഷമേ അവരുടെമേലുള്ള നിരോധനം പിൻവലിക്കുന്നതിനെപ്പററി ചിന്തിക്കുവാൻ നിവൃത്തിയുള്ളൂ... കൊലയും കൊള്ളിവയ്പും അവരുടെ നയമാണെന്നു മാത്രമല്ല അതൊരവകാശമായി കൊണ്ടുനടക്കാനുമാണവരുടെ ഭാവം.

—റിസർവ്വ്ബാങ്കിൽനിന്നും 100-ന്റെയും 10-ന്റെയും പുതിയ നോട്ടുകൾ പുറപ്പെടുവിക്കുന്നതായി നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. പുതിയ നോട്ടുകൾക്ക് നിറവ്യത്യാസമുണ്ടായിരിക്കും. നോട്ടുകളുടെ പിൻഭാഗത്ത് ബംഗാളി, ഗുജറാത്തി, കന്നടകം, തമിഴ്, തെലുങ്ക് എന്നീ ക്രമത്തിൽ വില കാണിച്ചിരിക്കും. ക്രമനമ്പർ നോട്ടുകളുടെ മുൻഭാഗത്ത് മുകളിൽ വലത്തേ അരികിലും താഴെ ഇടത്തേ അരികിലും ഉണ്ടായിരിക്കും.

—കോൺഗ്രസ് വർക്കിംഗ്കമ്മിററിയിൽനിന്നുമുള്ള ശ്രീ നെഹ്റുവിന്റെ രാജിയെത്തുടർന്ന് കേന്ദ്രവിദ്യാഭ്യാസമന്ത്രി ശ്രീ മൗലാനാ ആസാദും കോൺ. വർക്കിംഗ് കമ്മിററിയിൽനിന്നും സെൻട്രൽ ഇലക്ഷൻ കമ്മിററിയിൽനിന്നും മെമ്പർസ്ഥാനം രാജിവച്ചിരിക്കുന്നു.


# ക്രിസ്ത്യൻ ഡയറക്ടറി

(ഇൻഡ്യ, പാക്കിസ്ഥാൻ, സിലോൺ, & ഗോവാ)



THE MOST REV. AUGUSTINE KANDATHIL, D. D.
ARCHBISHOP OF ERNAKULAM, S. INDIA.

ARCHBISHOP'S HOUSE, ERNAKULAM
3rd August 1951

Dear Mr. Varghese,

I understand that you have now started the work of publishing an AllIndia Christian directory. Your experience in editing the All India business directory will stand you in good stead in bringing up this new work. Well made the new directory will be useful in various ways. Hoping that you will try to make it useful and accurate, I bless you and your endeavours.

I remain,
Yours sincerely,
Aug. Kandathil
Archbishop of Ernakulam.

To
Mr. Varghese,



A. M. D. G.

Mgr. Joseph Attipetty
Archbishop of Verapoly

Latin Archbishop's House,
Ernakulam P. O. (S. India)
26th July 1951.

Dear Mr. Varghese,

I am very happy to know that you propose to publish a Christian Directory of India, Pakistan, Ceylon and Goa. I do appreciate your laudable endeavour. Hoping the Directory will be a source of correct and complete information about Christianity in India I wish the attempt every success and cordially bless the publishers.

Yours sincerely
+ Joseph Attipetty
Archbishop of Verapoly

Mr. M. Paul Varghese & Co. Ltd.,
XI/367 Pullepady Cross Road
Ernakulam.

ഉള്ളടക്കം

**20000-ൽപരം വിലാസങ്ങൾ:**

വൈദികാദ്ധ്യക്ഷന്മാർ, വൈദികർ മുതലായവരുടെ.

**25000-ൽപരം വിലാസങ്ങൾ:**

ഉദ്യോഗസ്ഥന്മാർ, ഗ്രാഡ്വേററുകൾ, ബിസിനസ്സുകാർ മുതലായവരുടെ.

**1000-ൽപരം ഫോട്ടോകൾ:**

പള്ളികൾ, കോളേജുകൾ, സ്കൂളുകൾ, വ്യവസായശാലകൾ തൽപ്രവർത്തകർ, മററുസ്ഥാപനങ്ങൾ വൈദികർ, അൽമേനികൾ, കുടുംബങ്ങൾ മുതലായവ ചരിത്രസഹിതം.

**സാമുദായികമായ മററു വിവരങ്ങൾ**

വലിപ്പം പതിനൊന്നേകാൽ ഇഞ്ച് X എട്ടര ഇഞ്ച്—650 പുറങ്ങൾ—വില Rs. 12—8—0 (പോസ്റ്റേജടക്കം) മുൻകൂർ

കൂടുതൽ വിവരങ്ങൾക്ക് എഴുതുക: പബ്ളിഷേഴ്സ്

**എം. പോൾ വർഗ്ഗീസ് & കമ്പനി ലിമിററഡ്**

XI/ 367 പുല്ലേപ്പടി ക്രോസ്സ് റോഡ്, എറണാകുളം

**ബ്രാഞ്ചുകൾ;- ബോംബെ—എറണാകുളം—മദ്രാസ്.**

കൂടാതെ ഇൻഡ്യാ, പാക്കിസ്ഥാൻ, സിലോൺ, ഗോവാ ഈ രാജ്യങ്ങളിൽ എല്ലാ പ്രധാനസ്ഥലങ്ങളിലും ഞങ്ങളുടെ ഏജൻറന്മാർ ഉണ്ടായിരിക്കും.

## പത്രാധിപക്ക് ഒരു കത്ത്

സർ,

സുവിശേഷങ്ങളുടെ കടബാദ്ധ്യതകളെപ്പററി ശ്രീമാൻ രാമൻമേനോനവർകളെഴുതിയതിൻെറ വിദശമായ സത്യദീപനിരൂപണം ആഗസ്റ്റ് 8-ൽ അവസാനിച്ചല്ലൊ. ശ്രീ മേനോൻെറ നിഗമനങ്ങളും അഭിപ്രായങ്ങളും സ്വന്തമല്ല. അദ്ദേഹത്തിൻെറ ലേഖനം ശാലററി എന്ന പെൻഷൻ ഐ. സി. എസ്സ്. കാരൻ Gospel Plagiarisms എന്ന പേരിൽ മദ്രാസിലെ Indian Review മാസികയിൽ ഈയിടെ പ്രസിദ്ധപ്പെടുത്തിയ ഒരു ചെറുലേഖനത്തിൻെറ അത്ര ശരിയല്ലാത്ത തർജ്ജമമാത്രമാകുന്നു. ആ ശാലററി ലേഖനം അദ്ദേഹത്തിൻെറ ഒരു ദീർഘപ്രബന്ധത്തിൻെറ സംഗ്രഹം മാത്രമാണ്. അതിനു് ഒരു എതിർലേഖനം ബോംബെയിലെ റവ. ഫാ. സെറാനോ (Fr. Serrano Diocesan Seminary, Bombay) മയിലാപ്പൂർ ബിഷപ്പ് തിരുമേനി മുഖാന്തരം അയച്ചതു് Indian Review-യിൽത്തന്നെ ചേർത്തു. അതിനുശേഷമാണ് ശ്രീ മേനോൻെറ തർജ്ജമ പുറത്തിയതു്. ഫാദറവർകളുടെ മറുപടി അദ്ദേഹം കണ്ടില്ലെന്നു വരുമോ? ആ മറുപടിയുടെ തർജ്ജമയും മേനോനവർകൾ പ്രസിദ്ധപ്പെടുത്തുമായിരിക്കും. രണ്ടുവശങ്ങളും വായനക്കാരറിയണമല്ലൊ.

ചെങ്ങന്നൂർ,
11—8—1951

റി. കെ. ജോസഫ്
(ഒപ്പ്)

(ശ്രീ ജോസഫിൻെറ കത്തിനു വളരെ നന്ദി. സത്യദീപത്തിലെ 25-7-51 ലെ വിമർശനം കഴിഞ്ഞപ്പോൾ ഫാദർ സെറാനോയുടെ ലേഖനം ഞങ്ങൾ കാണാനിടയായി. അതുകഴിഞ്ഞുള്ള ഞങ്ങളുടെ വിമർശനങ്ങൾക്കു് ആ ലേഖനം സഹായകമാവുകയും ചെയ്തു. സ. പ.)

## സൗജന്യവിതരണ ഫണ്ട്

മി. ഇട്ടിര ജോസഫ് എം. എ.,
തിരുവനന്തപുരം ക. 10—0—0


(5-ാം പേജ് തുടർച്ച)

കാചൈതന്യം സാർവ്വലൗകികവും സാർവ്വജനീനവുമാകയാൽ ആർക്കും അതിൽ അക്ഷേപത്തിനു വഴിയില്ല. സ്വാർത്ഥനിലയിൽ കക്ഷിപരമായോ വർഗ്ഗീയമായോ വൈദേശികമായോ ഒന്നുംതന്നെ അതിൽ കാണുകയില്ല. പ്രകൃതിവിരുദ്ധമല്ലാത്ത ഏതു ദേശീയസംസ്കാരത്തെയും അതു സ്വാഗതം ചെയ്യുന്നു; ഏതേതു ആചാരനടപടികളെയും അതു് ആദരിച്ചു ബഹുമാനിക്കുന്നു. കത്തോലിക്കാസംസ്കാരചൈതന്യം ഇംഗ്ലണ്ടിൽ ആംഗ്ലേയവും ചൈനയിൽ ചീനവും ഭാരതഖണ്ഡത്തിൽ ഭാരതീയവും കേരളക്കരയിൽ കേരളീയവുമാണ്. ആകയാൽ അന്യമതസ്ഥരായ വിദ്യാർത്ഥികളുടെ വിശ്വാസാചാരങ്ങളിൽ അനുചിതമായി കൈകടത്തുന്നതിനോ, അവരെ അന്യഥാ പ്രേരിപ്പിക്കുന്നതിനോ ഒരു കത്തോലിക്കാ വിദ്യാലയം ഒരുനാളും ഉദ്യമിക്കുന്നതല്ല. അതേസമയംതന്നെ, അതു ജാതിമതവർഗ്ഗവ്യത്യാസങ്ങൾ പരിഗണിക്കാതെ എല്ലാം വിദ്യാർത്ഥികൾക്കും ധാരാളം വിദ്യാസമ്പത്തും അതോടൊപ്പം ഏവർക്കും ഒരുപോലെ സമാദരണീയമായ ഉൽകൃഷ്ടസംസ്കാരസമ്പത്തും പ്രദാനംചെയ്യുന്നു. എന്തിനേറെ തെളിവുകൾ? അന്യമതസ്ഥരായ മാന്യസഹോദരങ്ങൾ, പ്രത്യേകിച്ചും ഉന്നതസ്ഥാനങ്ങളിൽ ഇരിക്കുന്നവർ—തന്മൂലം സംഗതികളുടെ യാഥാർത്ഥ്യങ്ങൾ ശരിയായി ഗ്രഹിക്കുന്നതിനു കഴിവുള്ളവർ—അവരുടെ ഓമനസന്താനങ്ങളെ കത്തോലിക്കാവിദ്യാലയങ്ങളിലേക്കു്, അതിലും പ്രത്യേകിച്ചു പരിശുദ്ധമായ കത്തോലിക്കാചൈതന്യം വെട്ടിവിളങ്ങുന്ന കോൺവെൻറ് സ്കൂളുകളിലേക്കു്, അയക്കുന്നതിനു പ്രദർശിപ്പിക്കുന്ന ഔൽസുക്യവും അതിനുവേണ്ടി സഹിക്കുന്ന ത്യാഗങ്ങളും, കത്തോലിക്കാ വിദ്യാലയങ്ങളിലെ അന്തരീക്ഷം തികച്ചും നിർദ്ദോഷവും നിസ്സ്വാർത്ഥവും സൽസ്വഭാവരൂപവൽക്കരണത്തിനു സഹായകവും തന്നിമിത്തം സർവ്വഥാ സമാദരണീയവുമാണെന്നുള്ള വസ്തുത സംശയലേശരഹിതം പ്രസ്പഷ്ടമാക്കുന്നില്ലേ?

### ക. വിദ്യാലയങ്ങളിൽ ഉത്തമരായ അദ്ധ്യാപകന്മാർ

കത്തോലിക്കാ വിദ്യാലയങ്ങളിൽ ആസ്തിക്യബോധമുള്ളവരും ആദർശസമ്പന്നരും സന്മാർഗ്ഗനിരതരും, എന്നുമാത്രമല്ല കത്തോലിക്കാമതപ്രബോധനങ്ങളോടും ആചാരപാരമ്പര്യങ്ങളോടും ആദരവുള്ളവരും ആയവരെ മാത്രമേ അദ്ധ്യാപകന്മാരായി നിയമിക്കാവൂ എന്നതിനെപ്പററി കൂടുതൽ പ്രതിപാദിക്കേണ്ട ആവശ്യമില്ല. കഴിഞ്ഞകാലങ്ങളിൽ അത്തരമൊരു നയം നാം നിഷ്കൃഷ്ടമായി പാലിച്ചുപോന്നിരുന്നെങ്കിൽ ഇന്നു പ്രത്യക്ഷീഭവിച്ചിട്ടുള്ള പല വിഷമപ്രശ്നങ്ങളും കൂടാതെ കഴിക്കാമായിരുന്നു. കഴിഞ്ഞതിനെപ്പററി കാലം തെററി വിലപിച്ചിട്ടു ഫലമില്ല. എന്നാൽ മേലിലെങ്കിലും നാം ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധ പതിക്കേണ്ടിയിരിക്കുന്നു. മതഭക്തരെയും സൽസ്വഭാവികളെയും തിരഞ്ഞുപോകുമ്പോൾ, പാണ്ഡിത്യം, പാടവം, ലോകപരിചയം എന്നി ഗു

## Thanksgiving




## For favours received

T. P. Joseph & Fmly.
Nallangara, Trichur

ണങ്ങൾ തികഞ്ഞവരെ കിട്ടുന്നില്ലെന്നാണ് ഒരാക്ഷേപം കേട്ടിട്ടുള്ളതു്. കലമുടയ്ക്കുന്ന പൂച്ചയേ എലിപിടിക്കയുള്ളു, എന്നൊരു സാമ്യവും അതിലേക്കു് എടുത്തുപറയാറുണ്ടു്. അല്പമൊരു വാസ്തവം അതിൽ ഇല്ലാതില്ല. ലോകത്തിൻെറ മക്കൾ വെളിച്ചത്തിൻെറ മക്കളെക്കാൾ കൂടുതൽ സാമർത്ഥ്യം പ്രദർശിപ്പിച്ചെന്നുവരാം. എന്നിരുന്നാലും, നാം വേണ്ടപോലെ മനസ്സിരുത്തി പരിശ്രമിച്ചാൽ മുൻപറഞ്ഞ ഇരുവിധ ഗുണവിശേഷങ്ങളും ഒത്തിണങ്ങിയ അദ്ധ്യാപകരെ തിരഞ്ഞെടുത്തു നിയമിക്കുന്നതിനു സാധിക്കുമെന്നുതന്നെയാണ് എൻെറ പ്രതീക്ഷ. കൂടാതെ, കത്തോലിക്കാ വിദ്യാലയങ്ങളിൽ പൂർവ്വാപരി പ്രോത്സാഹനം ലഭിക്കുമെന്നുകണ്ടാൽ മതതീക്ഷ്ണതയുള്ളവരും സൽസ്വഭാവികളും അതേസമയം തന്നെ സമർത്ഥരുമായ നമ്മുടെ യുവജനങ്ങൾ കൂടുതലായി അദ്ധ്യാപകവൃത്തി സ്വീകരിക്കുമെന്നും പ്രതീക്ഷിക്കാവുന്നതാണ്.

പാണ്ഡിത്യം, പാടവം എന്നീ ഗുണങ്ങൾ നമ്മുടെ യുവജനങ്ങളിൽ കുറവാണെന്നു ശങ്കിക്കുവാനും കാരണം കാണുന്നില്ല. മാറത്തെ മുല്ലയ്ക്കു മണമില്ലെന്നും ദൂരത്തു കാണുന്നവയ്ക്കു ചാരുത്വം കൂടുമെന്നുമുള്ള വസ്തുതകളാണു വാസ്തവത്തിൽ അവക്കു യോഗ്യതക്കുറവുണ്ടാക്കുന്നതെന്നാണ് എൻെറ വിനീതപക്ഷം. ഇനി പാടവം അല്പം കുറവാണെങ്കിൽത്തന്നെയും ആകെക്കൂടി ആലോചിച്ചാൽ നമ്മുടെ അദ്ധ്യാപകർക്കുതന്നെയാണു നമ്മുടെ വിദ്യാലയങ്ങളിൽ മുൻഗണന കൊടുക്കേണ്ടതെന്നു വ്യക്തമായികാണുവാൻ കഴിയും. ശരിയായ അവസരവും അനുഭാവസമന്വിതമായ പ്രോത്സാഹനവും ലഭിക്കുന്നപക്ഷം പാടവവും പാണ്ഡിത്യവുമെല്ലാം താനേ വന്നുകൊള്ളും. എവിടെയും ഏതുകാര്യത്തിലുമുള്ള നിത്യാനുഭവം അതാണല്ലൊ. സേവനസന്നദ്ധതക്കുറവാണ് മറെറാരാക്ഷേപം. ഈ ആക്ഷേപവും ഒരു തെററിദ്ധാരണയിൽനിന്നു പുറപ്പെടുന്നതാണെന്നു അല്പം ആലോചിച്ചാൽ മനസ്സിലാക്കാവുന്നതാണ്. സേവനസന്നദ്ധതയ്ക്കു ഇന്നു് നമ്മുടെ യുവജനങ്ങളോടു കിടപിടിക്കുവാൻ കഴിവുള്ളവർ യഥാർത്ഥത്തിൽ വളരെക്കുറവാണ്. പക്ഷെ നൈസർഗ്ഗികമായ ആത്മാഭിമാനംവെടിഞ്ഞു ദാസ്യപ്രകടനങ്ങൾകൊണ്ടു കപടവേഷംകെട്ടി മേലധികാരികളെ പ്രീണിപ്പിക്കുവാനുള്ള സാമർത്ഥ്യം മററുചിലരോടൊപ്പം സദ്വൃത്തരായ നമ്മുടെ ആളുകൾക്കുണ്ടായില്ലെന്നുവരാം. തന്നിമിത്തം പലപ്പോഴും ഇത്തരം കാപട്യത്താൽ വഞ്ചിതരായ അധികൃതന്മാർ അവരുടെ ആത്മാഭിമാനത്തെ ധിക്കാരമായും അവരുടെ തുറന്ന പെരുമാററത്തെ ദുസ്സ്വാതന്ത്ര്യമായും വ്യാഖ്യാനിച്ചു് അവരോടു അനുഭാവക്കുറവു കാണിക്കുന്നതിനു ഇടവരുന്നു. ഇതു കേവലം നിർഭാഗ്യകരമെന്നേ പറയേണ്ടു. ധിക്കാരികളും സ്വാർത്ഥികളും ദുസ്സ്വാതന്ത്ര്യപ്രേമികളും നമ്മുടെകൂട്ടത്തിൽ ഉണ്ടാവില്ലെന്നു ഇവിടെ വിവക്ഷയില്ല; നമ്മിലും ഉണ്ടാവാം അത്തരക്കാർ. ഏതുവകുപ്പിലും വ

## അറിയിപ്പ്

അത്രക്കററി, പാണാവള്ളി, പെരുമ്പളം എന്നീ സ്ഥലങ്ങളിലെ സത്യദീപം ഏജൻറായി മി. കെ. സി. മാത്യു, കമ്മട്ടിക്കാട്ടു, അത്രക്കററി എന്നാളെ നിയമിച്ചിരിക്കുന്നു.

മാനേജർ, സത്യദീപം.

ർഗ്ഗത്തിലും പെട്ടവരിലും പങ്കിലമാനസർ കണ്ടേക്കാമെന്നുള്ളതു സ്വാഭാവികമാണല്ലൊ. പക്ഷെ മററുള്ളവരിൽ കാണുന്നതിനെക്കാൾ കൂടുതൽ ധിക്കാരവും ദുസ്സ്വാതന്ത്ര്യവും നമ്മുടെ യുവജനങ്ങളിൽ ഉണ്ടെന്നു സങ്കല്പിക്കുന്നതും തദനുസാരം അവരോടു അനുഭാവക്കുറവു പ്രദർശിപ്പിക്കുന്നതും യുക്തിയുക്തമായിരിക്കയില്ലെന്നുമാത്രം.

ഇത്തരുണത്തിൽ ഒരു സംഗതികൂടി നാം അനുസ്മരിക്കേണ്ടതുണ്ടു്. വിവിധങ്ങളായ ജീവിതതുറകളിൽ ഭയാശങ്കകളോടുകൂടി പ്രവേശിക്കുന്ന നമ്മുടെ യുവജനങ്ങളെ നാം ആത്മാർത്ഥമായി പ്രോത്സാഹിപ്പിച്ചു ധൈര്യപ്പെടുത്തി ഉന്നമിപ്പിച്ചെങ്കിലേ അവർ ഉത്തരോത്തരം ഉന്നതി പ്രാപിക്കയുള്ളു. മററുവിധം പറഞ്ഞാൽ, നമ്മുടെ ജനങ്ങളെ നാം വലുതാക്കിയാൽ മാത്രമേ അവർ വലുതാകയുള്ളു. നാമവരെ മാനിച്ചാൽ മാത്രമേ, മററുള്ളവരും അവരെ മാനിക്കയുള്ളു (വീട്ടുകാരുണ്ടെങ്കിലേ വിരുന്നുകാരുള്ളു). അപ്പോൾ മാത്രമേ, മററുള്ളവരോടൊപ്പം തോളോടുതോൾനിന്നു പൊതുകാര്യങ്ങളിൽ പ്രവർത്തിക്കുന്നതിനു പ്രാപ്തരായ നേതാക്കന്മാർ നമുക്കു ലഭ്യമാകയുള്ളു. ഇന്നു അത്തരം സർവ്വസമ്മതന്മാരായ നേതാക്കന്മാരുടെ അഭാവത്തിൽ നാം ക്ലേശിക്കേണ്ടിവരുന്നുണ്ടെങ്കിൽ അതിനുള്ള കാരണക്കാർ നാംതന്നെയല്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

"അതീതകാലങ്ങളിൽനമ്മൾചെയ്തോ
രതിവമൂഢക്രിയകൊണ്ടിദാനീം
ഇതിദൃശം യാതന ക്ലേശഭാരം
നിതാന്തമൻഭവവേദ്യമായി"

എന്നു നാം വിലപിക്കേണ്ടയോ? ഇതരസമുദായങ്ങൾ ഈ വിഷയത്തിൽ നമുക്കു് അനുകരണീയമായ മാതൃക തരുന്നുണ്ടു്. അവരുടെ വിദ്യാലയങ്ങളിലും മററു പൊതുസ്ഥാപനങ്ങളിലും അവരുടെ ആശയാദർശങ്ങളോടു യോജിക്കുന്നവരായ യുവജനങ്ങളെ തിരഞ്ഞുപിടിച്ചു നിയമിക്കുന്നതിൽ അവർ ചെലുത്തുന്ന ശ്രദ്ധയും പ്രദർശിപ്പിക്കുന്ന നിഷ്കർഷയും, അത്തരക്കാർക്കു് അവിടെ ലഭിക്കുന്ന ഹാർദ്ദമായ പ്രോത്സാഹനവും ആശ്ചര്യാവഹമാണ്. അധികൃതസ്ഥാനങ്ങളിൽനിന്നു പ്രസിദ്ധീകരിക്കുന്ന റിപ്പോർട്ടുകളും സ്ഥിതിവിവരക്കണക്കുകളുംകൊണ്ടുതന്നെ ഈ സംഗതി വേണ്ടുവോളം വ്യക്തമാകുന്നുണ്ടു്. പരമാർത്ഥം പറഞ്ഞാൽ, ഇക്കാര്യത്തിൽ കത്തോലിക്കരെപ്പോലെ അത്രമാത്രം അനാസ്ഥ കാണിക്കുന്നവർ മററാരുമില്ല. അവരുടെ വിദ്യാലയങ്ങളിൽ നിരീശ്വരന്മാർക്കും നിർമ്മതപ്രസ്ഥാനികൾക്കും കമ്മ്യൂണിസ്റ്റുകൾക്കും "പുരോഗമന"ക്കാർക്കും കയറിപ്പററി താക്കോൽസ്ഥാനങ്ങൾ സ്വാധീനമാക്കുന്നതിനു് ഒരു പ്രയാസവും കാണാറില്ല. ബലിഷ്ഠമായ കോട്ട കെട്ടിയുറപ്പിച്ചശേഷം മർമ്മസ്ഥാനങ്ങളിൽ ശത്രുഭടന്മാരെ കാവൽ ഏല്പിക്കുന്നതുപോലുള്ള പെരിയ ദോഷത്താണു കത്തോലിക്കരായ നാം പലപ്പോഴും പ്രവർത്തിച്ചുകാണുന്നതു്. അതിൻെറ ദുഷ്യഫലങ്ങൾ ഇന്നു നാം അനുഭവിക്കുന്നുമുണ്ടു്. നമ്മുടെ ലോകോത്തരങ്ങളായ ധർമ്മസിദ്ധാന്തങ്ങളും പവിത്രതരങ്ങളായ ആദർശപരമ്പരകളും കത്തോലിക്കാ വിദ്യാലയങ്ങളുടെ അസ്തിത്വംതന്നെയും അപകടത്തിൽപ്പെടുന്ന ദുർഘടതരമായ



ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.
ഇട്ടീയച്ചൻ മറിയം വിതയത്തിൽ,
പുത്തമ്പള്ളി

പ്രതിസന്ധിഘട്ടങ്ങളിലാണ് അത്തരം ദുഷ്യങ്ങളുടെ പാരമ്യം നമുക്കു് അനുഭവപ്പെടുന്നതു്. ഇന്നത്തെ സംഭവവികാസങ്ങൾ അതിനു മതിയായ തെളിവല്ലയോ? ഇനിയും നാം കണ്ണുതുറക്കുന്നില്ലെങ്കിൽ അതിൽപ്പരം വിലപനീയമായി മറെറന്തുള്ളു? (തുടരും)

(പകർപ്പവകാശം സ്വായത്തം)

## പ്രതിവിധിയുണ്ട്

എരുമമൂട്ട ചെവിയിലകപ്പെട്ടാൽ

1) കരുനെച്ചിയിലയും ചുവന്നുള്ളിയും സമം ചതച്ചുപിഴിഞ്ഞു് നീരു് ചെവിയിൽ നിത്തുക— മൂട്ടയിറങ്ങും.

2) മേൽപ്പറഞ്ഞവ സമം ഇടിച്ചുപിഴിഞ്ഞ നീരു് ഇരുന്നാഴി, കാടിവെള്ളം ഇരുന്നാഴി, നാഴി എണ്ണയുംചേത്തു്, കരുനെച്ചിയില, ചുവന്നുള്ളി ഇവ മുമ്മൂന്നു കഴഞ്ചു് കൽക്കം അരച്ചുകലക്കി കാച്ചി ചെവിയിൽ നിത്തുക— മൂട്ടയിറങ്ങും.

3) തിപ്പലി, പഴമുളകു്, ജീരകം, ഉള്ളി, കൃമിശത്രു, ഇന്തുപ്പു്, കായം ഇവ സമം ചതച്ചു് എണ്ണയിൽ മൂപ്പിച്ചു് ചെവിയിൽ നിത്തുക— മൂട്ടയും കുഞ്ഞുങ്ങളും ഇറങ്ങും.

4) കരിനെച്ചിയിലനീരും എണ്ണയും കൂട്ടി നസ്യംചെയ്യുക.

5) നെല്ലിത്തൊലി ഇടിച്ചുപിഴിഞ്ഞ നീരു് 4 തുടം, കുറുക്കി ഒരു തുടം ആക്കി, ഒരുരാത്രി വച്ചിരുന്നു് പിറെറദിവസം രാവിലെ സേവിക്കുക— മൂട്ടയും കുഞ്ഞുങ്ങളും ഇറങ്ങും.

6) വെളുത്ത വേളയിലയും, മേത്തോന്നിക്കിഴങ്ങും സമംചതച്ചുപിഴിഞ്ഞ നീരു് പലതുള്ളി ചെവിയിൽ വീഴ്ത്തുക.

7) മൂട്ട ചെവിയിൽ പെട്ടാൽ ഉടൻ ഉപ്പുനീരു് ചെവിയിൽ നിത്തിയാൽ മൂട്ടയിറങ്ങുമെന്നും പറയുന്നുണ്ടു്.

(ജോസഫ് പുളുക്കിയിൽ, മുണ്ടക്കയം

കടുത്തുരുത്തി
കാരാമയിൽ സി. ഒ. ബ്രദേഴ്സ്
സ്വർണ്ണ വ്യാപാരം
പരിഷ്ക്കരിച്ച പണിവാസന—പരിപൂർണ്ണ ഉത്തരവാദിത്വം




# കായേന്റെ മനസ്ഥിതി

അതുകൊണ്ടു് നാം ആത്മാവുമൂലം ജീവിക്കയും ആത്മാവിനെ അനുസരിക്കയും ചെയ്യണം, അല്ലാതെ നാം അന്യോന്യം അവഗണിക്കുന്നവരും അന്യോന്യം അസൂയപ്പെടുന്നവരുമായ വ്യർത്ഥാഭിമാനികൾ ആകരുതു്. എന്റെ സഹോദരന്മാരേ, നിങ്ങളിൽ ആരെങ്കിലും ഒരു തെററിൽ അകപ്പെട്ടുപോയാൽ ആത്മീയന്മാരായ നിങ്ങൾ വിനീതമായ ആത്മാവോടുകൂടി അവനെ ശരിപ്പെടുത്തുവിൻ. നിങ്ങളും ഒരുപക്ഷേ പരീക്ഷിക്കപ്പെടാതിരിക്കുവാൻ സൂക്ഷിക്കയും ചെയ്യുവിൻ. നിങ്ങൾ പരസ്പരം ഭാരം വഹിക്കുവിൻ. എന്തുകൊണ്ടെന്നാൽ ഇങ്ങനെ നിങ്ങൾ മിശിഹായുടെ നിയമം നിവൃത്തിയാക്കും. ഒരു മനുഷ്യൻ, താൻ ഒന്നും അല്ലാതിരിക്കെ, എന്തോ ആകുന്നുവെന്നു വിചാരിക്കുന്നുവെങ്കിൽ, അവൻ തന്നെത്തന്നെ വഞ്ചിക്കുന്നു. മറിച്ചു് ഓരോരുത്തനും തന്റെ പ്രവൃത്തികൾ പരിശോധിച്ചുനോക്കട്ടെ. അപ്പോൾ അവന്റെ പ്രശംസ അന്യരിലല്ല, തന്നിൽതന്നെ ആയിരിക്കും. ഓരോരുത്തനും തന്റെ ഭാരം വഹിക്കണം. വചനം കേൾക്കുന്നവൻ അവനെ കേൾപ്പിക്കുന്നവനെ സകല നന്മകളിലും കൂട്ടുചേർക്കണം. നിങ്ങൾക്കു് വഴിതെററിപ്പോകേണ്ട. ദൈവം പരിഹസിക്കപ്പെടുന്നില്ല. മനുഷ്യൻ എന്തു വിതയ്ക്കുന്നുവോ അതുതന്നെ കൊയ്യുന്നു. ജഡത്തിൽ വിതയ്ക്കുന്നവൻ ജഡത്തിൽനിന്നു് നാശമാകുന്നു കൊയ്യുന്നതു്. ആത്മാവിൽ വിതയ്ക്കുന്നവൻ ആത്മാവിൽനിന്നു് നിത്യജീവൻ കൊയ്തെടുക്കും. നന്മചെയ്യുമ്പോൾ നമുക്കു് മടുപ്പുതോന്നരുതു്. നാം കൊയ്തെടുക്കുന്ന കാലം വരും. അപ്പോൾ നമുക്കു് മടുപ്പു് തോന്നുകയില്ല. ആകയാൽ ഇപ്പോൾ നമുക്കു് സമയമുള്ളിടത്തോളം സകല മർത്ത്യർക്കും, മുഖ്യമായി സഹവിശ്വാസികൾക്കും, നന്മചെയ്യണം. (പന്തക്കുസ്താ 15-ാം ഞായർ; ലേഖനം ഗാലാ: V - 25 — VI - 10).

റോമൻ മല്ലരംഗത്തിൽ രക്തപങ്കിലമായ വിനോദങ്ങൾ പ്രേക്ഷകരെ ഉന്മത്തരാക്കിക്കൊണ്ടിരുന്നപ്പോൾ വിശുദ്ധനായ ഒരു സന്യാസി ആ രംഗത്തിലേക്കു് എടുത്തുചാടുകയും ആ ക്രൂരവിനോദത്തിനിരയായ അദ്ദേഹം ഉടനടി രക്താഭിഷിക്തനായിക്കൊണ്ടു് തന്റെ ജീവൻ ബലിസമർപ്പിക്കയും അതോടെ ആ മല്ലരംഗത്തിലെ ക്രൂരവിനോദങ്ങൾക്കു് വിരാമം സംഭവിക്കയും ചെയ്തുവെന്നു കേട്ടിട്ടുണ്ടു്. പാപപങ്കത്തിൽ നിപതിച്ചു ഒരു കുപ്രസിദ്ധമന്ദിരത്തിൽ ജീവിച്ചിരുന്ന ഒരു സ്ത്രീയെ ഒരു വിശുദ്ധൻ വിടന്റെ വേഷത്തിൽ സമീപിച്ചു് തത്തോപദേശം നൽകി പുണ്യമാർഗ്ഗത്തിലേക്കു് പിന്തിരിപ്പിച്ചതായ ഒരു സംഭവം ഉണ്ടായിട്ടുണ്ടു്. ഹേറോദേസിന്റെ ധർമ്മവിഭ്രംശത്തെ വി. സ്നാപകയോഹന്നാൻ ചൂണ്ടിക്കാണിച്ചുകൊടുത്തു; ദാവീദിന്റെ തെററിനെ നാത്താൻ ദീർഘദർശിയും. വി. സെബാസ്റ്റ്യൻ ഡയോക്ലീഷ്യൻ ചക്രവർത്തിയെ ശാസിക്കുവാൻ മുതിർന്നു; വി. അംബ്രോസിസ് തിയഡോഷ്യസ് ചക്രവർത്തിയേയും. ഇങ്ങനെ അസാധാരണങ്ങളായ മാർഗ്ഗങ്ങളെ അവലംബിച്ചും ജീവൻ പണയപ്പെടുത്തിക്കൊണ്ടും ഇതരന്മാരുടെ അകൃത്യങ്ങളെ ശാസിച്ചു തിരുത്തി അവരെ സന്മാർഗ്ഗചാരികളാക്കിത്തീർക്കുവാൻ സദ്വൃത്തരായ മനുഷ്യർ എപ്പോഴും പരിശ്രമിച്ചുകൊണ്ടിരുന്നിട്ടുണ്ടു്. ചരിത്രത്തിന്റെ ഏടുകളിൽ രേഖപ്പെടുത്താത്തതും അജ്ഞാതങ്ങളുമായ ഇത്തരം ലക്ഷോപലക്ഷം ഉദാഹരണങ്ങൾ മാനവവംശത്തെ സമലങ്കരിക്കുന്നുണ്ടായിരിക്കണം. ഇന്നത്തെ ലേഖനത്തിൽ വി. അപ്പസ്തോലൻ നമ്മെ പ്രബോധിപ്പിക്കുന്നതും ഈ വിഷയത്തെ പരാമർശിച്ചുതന്നെയാണു്: "എന്റെ സഹോദരന്മാരേ, നിങ്ങളിൽ ആരെങ്കിലും ഒരു തെററിൽ അകപ്പെട്ടുപോയാൽ ആത്മീയന്മാരായ നിങ്ങൾ വിനീതമായ ആത്മാവോടുകൂടി അവനെ ശരിപ്പെടുത്തുവിൻ."



അന്യരെ സന്മാർഗ്ഗചാരികളാക്കുവാൻ നാം പരിശ്രമിക്കണമെന്നുള്ളതിനു് തക്കതായ ന്യായവും വി. ശ്ലീഹാ ചൂണ്ടിക്കാണിക്കുന്നുണ്ടു്: "എന്തുകൊണ്ടെന്നാൽ ഇങ്ങനെ നിങ്ങൾ മിശിഹായുടെനിയമം നിവൃത്തിയാക്കും." മിശിഹായുടെ നിയമം എന്താണു്? "ഞാൻ നിങ്ങൾക്കു് ഒരു പുതിയ പ്രമാണം നൽകുന്നു: നിങ്ങൾ പരസ്പരം സ്നേഹിപ്പിൻ. ഇതുവഴിയായി നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്നു ലോകം അറിയും." പരസ്നേഹത്തിന്റെ പ്രമാണം പൂർത്തിയാക്കുവാനുള്ള പരിശ്രമങ്ങളിൽ ഒന്നാണു് ഇതരന്മാരുടെ തെററുകളെ തിരുത്തിക്കൊടുക്കുകയെന്നുള്ളതു്. ഒരു മനുഷ്യന്റെ ജീവിതോദ്ദേശം ഇഹത്തിൽ ദൈവത്തെ സേവിച്ചുകൊണ്ടു് സ്വർഗ്ഗംപ്രാപിക്കുക എന്നുള്ളതാണല്ലോ. ഈ ജീവിതോദ്ദേശലബ്ധിക്കായി അവനെ സഹായിക്കേണ്ട ചുമതല മററുള്ളവർക്കുണ്ടു്. ഇതരന്മാരുടെ യഥാർത്ഥനന്മയെ ആത്മാർത്ഥമായി അഭിലഷിക്കുകയും തദർത്ഥം പ്രവർത്തിക്കുകയും ചെയ്യുന്നതാണു് പരസ്നേഹം. തന്നിമിത്തം ആരെങ്കിലും സന്മാർഗ്ഗപഥത്തിൽനിന്നു വ്യതിചലിച്ചുപോയിട്ടുണ്ടെങ്കിൽ അവരെ നേർമാർഗ്ഗത്തിലേക്കു തിരിക്കുവാൻ പരിശ്രമിക്കേണ്ട ചുമതല ഓരോരുത്തർക്കുമുണ്ടു്.

ആധുനികലോകത്തിലെ ഭൗതികമായ മനസ്ഥിതിയിൽനിന്നു് ഉൽഭൂതമായിട്ടുള്ള ഒരു അബദ്ധധാരണ ചിലരിൽ കുടികൊള്ളുന്നുണ്ടു്; അതായതു്, ഇതരന്മാർക്കു് ശാരീരികമായ സഹായങ്ങൾ മാത്രം നൽകിയാൽമതി, ആദ്ധ്യാത്മികമായി അവരെ സഹായിക്കേണ്ട പ്രശ്നമേ ഉദിക്കുന്നില്ല എന്നു്. തന്നിമിത്തം ദരിദ്രർക്കു ഭക്ഷ്യപേയങ്ങളും വസ്ത്രങ്ങളും വീടും നൽകുന്നതിനും രോഗികളേയും അനാഥരേയും ശുശ്രൂഷിക്കുന്നതിനും സംരക്ഷിക്കുന്നതിനും മററുമുള്ള സംരംഭങ്ങളിൽ ഇന്നു സകല സ്ഥാപനങ്ങളും സംഘടനകളും ഗവർമ്മെണ്ടുകളും വ്യാപൃതമായിരിക്കയാണു്. ജനങ്ങളെ വശീകരിച്ചു സ്വാധീനത്തിൽ കൊണ്ടുവരുവാനുള്ള ഉപായമായും ചിലർ ഇങ്ങനെയുള്ള പരോപകാരകൃത്യങ്ങളെ ദുരുപയോഗിക്കാറുണ്ടെന്നുള്ളതു് കേവലം അപവാദമായിമാത്രം പരിഗണിച്ചാൽ മതി. ശാരീരികമായ പരോപകാരപ്രവൃത്തികൾ തീർച്ചയായും സ്തുത്യർഹങ്ങളാണു്. കത്തോലിക്കാസഭയും ഇക്കാര്യത്തിൽ എല്ലാകാലത്തും എല്ലാ സ്ഥാപനങ്ങളുടേയും മുന്നണിയിൽ നിന്നിട്ടുണ്ടെന്നുള്ളതു് ചരിത്രത്തിൽ തെളിഞ്ഞുകാണുന്നുണ്ടു. എന്നാൽ മനുഷ്യനു ശരീരം മാത്രമല്ല, ആത്മാവും ഉണ്ടു്; ആ ആത്മാവിനെ രക്ഷിക്കേണ്ട ചുമതലയും അവനുണ്ടു്. മരണശേഷം ആത്മാവിനു നിത്യസൗഭാഗ്യമോ നിത്യനൈർഭാഗ്യമോ വന്നുഭവിക്കാവുന്നതാണു്. തന്നിമിത്തം ഇതരന്മാരുടെ ആത്മാക്കളെ നിത്യസൗഭാഗ്യത്തിലേക്കു നയിക്കുവാൻ സഹായിക്കേണ്ട ചുമതല നമുക്കുണ്ടു്. ആത്മാവു് ശരീരത്തെക്കാൾ ഉൽകൃഷ്ടമായിരിക്കുന്നതുപോലെ, ആത്മാവിനു നൽകുന്ന സഹായം ശരീരത്തിനു് നൽകുന്ന സഹായത്തെക്കാൾ ഉൽകൃഷ്ടമായിരിക്കും. അതുകൊണ്ടാണല്ലോ വിൻസെൻഡി പോൾ സംഘാംഗങ്ങൾ സാധുക്കൾക്കു സഹായധനം നൽകുന്നതിനോടൊപ്പം—അതിലും ഉപരിയായി—അവർക്കു ആദ്ധ്യാത്മികമായ സഹായം നൽകി അവരെ സച്ചരിതരാക്കാൻ ശ്രമിക്കണമെന്നു പ്രത്യേകം അനുശാസിച്ചിരിക്കുന്നതു്.

ഇക്കാര്യത്തിൽ നമ്മുടെ മനസ്സാക്ഷിയെ അല്പം പരിശോധിക്കുന്നതു് നന്നായിരിക്കും. തന്റെ സഹോദരൻ ആബേൽ എവിടെ എന്നു ദൈവം ചോദിച്ചപ്പോൾ "ഞാൻ എന്റെ സഹോദരന്റെ സൂക്ഷിപ്പുകാരനാണോ?" എന്നു കായേൻ മറുപടി പറഞ്ഞതുപോലെയുള്ള ഒരു മനസ്ഥിതി നമുക്കുണ്ടോ? മററുള്ളവർ എങ്ങനെയെങ്കിലും ജീവിച്ചുകൊള്ളട്ടെ; ദുർമാർഗ്ഗികളായി ജീവിക്കുന്നവർ അതിനുള്ള നിത്യശിക്ഷ അനുഭവിച്ചുകൊള്ളട്ടെ; എനിക്കെന്തുകാര്യം; ഉപ്പുതിന്നവൻ വെള്ളംകുടിച്ചുകൊള്ളും—എന്നിങ്ങനെയുള്ള ഒരു മനസ്ഥിതി നമുക്കുണ്ടാകരുതു്. നമ്മുടെ സഹോദരങ്ങളുടെ നന്മയെ യഥാർത്ഥമായി നാം അഭിലഷിക്കുന്നുണ്ടെങ്കിൽ—അവരെ ആത്മാർത്ഥമായി നാം സ്നേഹിക്കുന്നുണ്ടെങ്കിൽ—അവരുടെ തെററുകളെ തിരുത്തി അവരെ സന്മാർഗ്ഗചാരികളാക്കിത്തീർക്കുവാൻ നാം പരിശ്രമിക്കേണ്ടിയിരിക്കുന്നു. "അക്കാര്യം അയാളോടു പറഞ്ഞാൽ ഇഷ്ടക്കേടായാലോ? ... ... അയാൾക്കതു രുചിക്കുമോ അവോ? ... ... നീരസംകൊണ്ടു് അയാൾ എന്നോടു പ്രതികാരത്തിനു മുതിർന്നാലോ? ... ... എന്തിനു് വെറുതെ "അലോഹ്യ"ങ്ങളും വിഷമങ്ങളും വരുത്തിവെക്കുന്നു? എനിക്കു വളരെ താൽപര്യമുള്ളവനും നിരവധി ഉപകാരങ്ങൾ എനിക്കു ചെയ്തുകൊണ്ടിരിക്കുന്നവനുമല്ലേ" ... ... എന്നിങ്ങനെയുള്ള ഒഴികഴിവുകൾ സാധൂകരിക്കാൻ നിവൃത്തിയില്ല. നാം പരിശ്രമിക്കണം അന്യരെ സന്മാർഗ്ഗചാരികളാക്കിത്തീർക്കുവാൻ. ഫലപ്രദമാകുന്നില്ലെങ്കിൽ വേണ്ട. അവർക്കുവേണ്ടി ദൈവത്തോടു പ്രാർത്ഥിക്കുവാനെങ്കിലും ആർക്കാണു സാധിക്കാത്തതു്? ഹൃദയങ്ങളെ ഇളക്കുവാൻ ശക്തനായ ദൈവം നമ്മുടെ പ്രാർത്ഥനയുടെ ഫലമായി അവരെ മനസ്സുതിരിക്കാതിരിക്കുമോ? നമ്മുടെ സ്തുതിപാഠകന്മാരെക്കാളും നമ്മുടെ കുഴലൂത്തുകാരെക്കാളും നമ്മെ യഥാർത്ഥമായി സ്നേഹിക്കുന്നതു് നമ്മുടെ തെററുകളെ സസ്നേഹം ചൂണ്ടിക്കാണിച്ചുതരുന്നവരാണെന്നുള്ള പരമാർത്ഥവും നാം പ്രത്യേകം സ്മരിക്കണം.

അന്യരുടെ തെററുകൾ തിരുത്തുന്നതു് "വിനീതമായ ആത്മാവോടുകൂടി" യായിരിക്കണമെന്നു് വി. ശ്ലീഹാ പ്രത്യേകം നിർദ്ദേശിക്കുന്നുണ്ടു്. ശാന്തത, എളിമ, സ്നേഹം എന്നിവയാൽ ആർദ്രമായിരിക്കണം നമ്മുടെ തിരുത്തലുകൾ. നമ്മളും പാപത്തിൽ നിപതിച്ചേക്കുമെന്നു "നില്ക്കുന്നുവെന്നു വിചാരിക്കുന്നവൻ വീഴാതിരിപ്പാൻ സൂക്ഷിക്കട്ടെ." ഫ്രഞ്ചുവിപ്ലവകാലത്തു് ഒരു വൈദികവിദ്വേഷി തന്റെ വീട്ടിൽ ഒരു വൈദികൻ കാലെടുത്തുകുത്തുവാൻ ഒരിക്കലും സമ്മതിക്കയില്ലെന്നു ശപഥംചെയ്തിട്ടുണ്ടായിരുന്നു. അയാൾ മരണാസന്നനായപ്പോൾ ഒരു വൈദികൻ സധൈര്യം അയാളുടെ പക്കൽ എത്തി. "എന്തു് ഒരു വൈദികനോ? എവിടെ എന്റെ ആയുധം?" അയാൾ ആക്രോശിച്ചു. "സഹോദരാ, എന്തിനാണു് ആയുധം? സ്നേഹമാകുന്ന ആയുധം എന്റെ പക്കലും ഉണ്ടു്," വൈദികൻ ശാന്തമായിപ്പറഞ്ഞു. "ഞാൻ പറയുന്നു, എന്റെ ഈ കൈകൾകൊണ്ടു് നിങ്ങളെപ്പോലെയുള്ള പന്ത്രണ്ടുപേരെ ഞാൻ വധിച്ചുകളഞ്ഞിട്ടുണ്ടു." "ഇല്ല, സഹോദരാ, നിങ്ങൾക്കു് എണ്ണം തെററിപ്പോയി. പതിനൊന്നുപേർമാത്രമേ മരിച്ചുള്ളു. പന്ത്രണ്ടാമത്തവൻ മരിച്ചില്ല. നിങ്ങളെ രക്ഷിപ്പാനായി പന്ത്രണ്ടാമത്തവനെ ദൈവം കാത്തു് ഇപ്പോൾ ഇതാ നിങ്ങളുടെ സമീപത്തേക്കു ആനയിച്ചിരിക്കുന്നു." വസ്ത്രം നീക്കി തന്റെ കഴുത്തും മാറിടവും കാണിച്ചുകൊണ്ടു ആ വൈദികൻ പറഞ്ഞു: "ഇതാ നോക്കുക, നിന്റെ കൈകളിൽനിന്നു ഞാനേററ മുറിവുകളുടെ പാടുകൾ". അയാൾ അനുതപിച്ചു ആ വൈദികന്റെ കരങ്ങളിൽ കിടന്നുകൊണ്ടു് മരണംപ്രാപിച്ചു.

(ജെ. ചെമ്മണൂർ)

---

നാഗപ്പുഴ പള്ളിയിൽ
എട്ടുനോമ്പ്
സെപ്റ്റംബർ 1-ാംനു-
ചിങ്ങം 16-ാംനു- വെള്ളിയാഴ്ച കാലത്തു ആരംഭിക്കും
പതിവുപോലെ ആദ്യദിവസം മുതൽ ധ്യാനവും ഉണ്ടായിരിക്കുന്നതാണ്
എന്നു്
വികാരി

കോമൺവെൽത്തു് ബാങ്കു് (ക്ലിപ്തം)
H. O. കാഞ്ഞിരപ്പള്ളി
ബ്രാഞ്ചുകൾ:—
കാഞ്ഞിരപ്പള്ളി എരുമേലി
മുണ്ടക്കയം കോട്ടയം
പൂഞ്ഞാർ തൊടുപുഴ
ഡയറക്ടറന്മാർ
മെസ്സേഴ്സ്
കെ. വി. മാത്യു കൊല്ലംകുളം.
തൊമ്മൻ ജോസഫ് കുരുവിനാക്കുന്നേൽ.
കെ. വി. സഖറിയാ, പൊട്ടൻകുളം.
ഹാജി വി. എം. സെയ്തുമഹമ്മദുറാവുത്തർ.
കെ. എം. ഡോമിനിക്കു് ബി. എ. എൽ. ടി.
കെ. ജോസഫ് ഇട്ടിയവിര, പള്ളിവാതുക്കൽ.
കെ. ററി. ജോസഫ്, കല്ലറയ്ക്കൽ.
പി. എൻ. പരമേശ്വരൻ പിള്ള ബി. എ.
കെ. ഡോമിനിക്കു ജോസഫ് ബി. എ. ബി. എൽ. (സെക്രട്ടറി).
ഡിപ്പോസിററുകൾ സ്വീകരിക്കുകയും എല്ലാവിധ ബാങ്കു പ്രവർത്തനങ്ങളും സൗകര്യപ്രദമായവിധത്തിൽ നടത്തികൊടുക്കുകയും ചെയ്യുന്നു.
സെക്രട്ടറി
കെ. ഡോമിനിക്കു ജോസഫ്
ബി. എ. ബി. എൽ.

പ്രതിമാസഗ്രന്ഥക്ലബ്
എറണാകുളം
ആദ്യപുസ്തകം സെപ്റ്റമ്പറിൽ പുറപ്പെടുന്നു.
ഉടൻ വരിസംഖ്യ കൊടുത്തു പേർ രജിസ്റ്റർ ചെയ്യുക.

## ഡച്ചുവിദ്യാർത്ഥികൾ മിഷൻരംഗത്തേക്കു്

വിദേശമിഷനുകളിൽചെന്നു് ഡോക്ടർമാർ, എൻജിനിയർമാർ, അദ്ധ്യാപകന്മാർ എന്നി വിവിധനിലകളിൽ സേവനമനുഷ്ഠിക്കുവാൻ ഡച്ചുയൂണിവേഴ്സിററിയിലെ 28 വിദ്യാർത്ഥികൾ സന്നദ്ധരായിരിക്കുന്നു. രണ്ടുമാസത്തിനകം അവർ രാജ്യംവിടുന്നതാണു്. ഇവരെ അനുകരിച്ചു് വേറെ 125 ഡച്ചുവിദ്യാർത്ഥികൾകൂടി ഏതാദൃശമിഷൻസേവനത്തിനൊരുങ്ങിവരുന്നുണ്ടത്രെ.

# വിമർശനവീഥി

## എന്തുകൊണ്ടു് ശ്രീകൃഷ്ണനിൽ ക്രിസ്ത്യാനികൾ വിശ്വസിക്കുന്നില്ല?

ശ്രീ പുത്തേഴത്തു് രാമൻമേനോൻ ക്രിസ്ത്യാനികളെപ്പററി പറയുന്ന സാമാന്യമായ ആക്ഷേപം ഇങ്ങനെയാണു്:-

"ഹിന്ദുക്കൾ അനേകം അവതാരങ്ങളെ—കാലദേശാവസ്ഥകൾക്കും സമുദായസ്ഥിതികൾക്കും ആവശ്യത്തിനും അനുസരിച്ചു പല പല രൂപത്തിലുണ്ടായിട്ടുള്ള അനേകം അവതാരങ്ങളെ—അംഗീകരിക്കുന്നവരായതുകൊണ്ടു്, ശ്രീക്രിസ്തുവിനേയുംകൂടി ഒരവതാരപുരുഷനായി സ്വീകരിക്കുവാൻ സന്നദ്ധതയുള്ളവരാകുന്നു. ആ സന്നദ്ധതയുടെ ഒരു ജീവന്നിദർശനമെന്നോണം, ശ്രീരാമകൃഷ്ണൻെറ "ക്രിസ്തുസാധനകൾ" വിജയിക്കുന്നുമുണ്ടു്! ഒരു പാശ്ചാത്യനെങ്ങാനും — ക്രിസ്ത്യാനികളിലാരെങ്കിലുംതന്നെ — ഹിന്ദു ദൈവങ്ങളെ ബഹുമാനിച്ചാൽമതി—വിശ്വസിക്കണമെന്നില്ല—അതൊരു വലിയ കോളിളക്കം തന്നെയുണ്ടാക്കും! ക്രിസ്തുമതനാശം എന്ന ബഹളമായിരിക്കും ഫലം. എന്നാൽ ശ്രീരാമകൃഷ്ണദേവൻെറ ക്രിസ്തുവിശ്വാസവും സാധനകളും ആ ഋഷീശ്വരനെ, ഹിന്ദുക്കളുടെ ദൃഷ്ടിയിൽ, പൂർവ്വാധികം സംപൂജ്യനാക്കുകയാണു ചെയ്തതു! മനോഭാവത്തിൻെറ ഈ വ്യത്യാസം മതമത്സരങ്ങളുടെ മഹാരഥന്മാർ മനസ്സിലാക്കേണ്ടതാണു്."

### ക്രിസ്ത്യാനിക്കു സത്യാസത്യവിവേചനം അൻപേക്ഷണീയം

മതവിശ്വാസത്തിൻെറ കാര്യത്തിൽ ഹിന്ദുക്കൾക്കും കത്തോലിക്കാക്രിസ്ത്യാനികൾക്കും, ഹിന്ദുമതത്തിനും കത്തോലിക്കാ ക്രിസ്തുമതത്തിനും, തമ്മിൽ "മനോഭാവത്തിൻെറ വ്യത്യാസം" വളരെ വലുതാണെന്നു ഞങ്ങൾ പൂർണ്ണമായും സമ്മതിക്കുന്നു. ഹിന്ദുമതത്തിൽ നിരീശ്വരനും ഈശ്വരവിശ്വാസിക്കും, നിർമ്മതനും മതവിശ്വാസിക്കും സ്ഥാനമുണ്ടെന്നു ഹിന്ദുമതപ്രാസംഗികന്മാർ ഉച്ചൈസ്തരം ഉൽഘോഷിക്കാറുണ്ടു്. അതിൻെറ അർത്ഥം ഹിന്ദുമതവും ഹിന്ദുക്കളും ഇന്നതു സത്യം, ഇന്നതു് അസത്യം എന്ന വിവേചനയിൽ വിശ്വസിക്കുന്നില്ലെന്നോ, വിശ്വസിക്കുന്നുണ്ടെങ്കിൽത്തന്നെ ഹിന്ദുമതാൻയായികളുടെ അവശ്യലക്ഷണമായി ആ വിവേചനത്തെ പരിഗണിക്കുന്നില്ലെന്നോ ആണു്. ഒന്നെങ്കിൽ ഈശ്വരനുണ്ടു്, അല്ലെങ്കിൽ ഈശ്വരനില്ല. ഈശ്വരൻ ഉണ്ടെങ്കിൽ, ഈശ്വരവിശ്വാസമാണു സത്യം. അപ്പോൾ നിരീശ്വരത്വം അസത്യമാകും. എന്നിരിക്കെ, ഈശ്വരവിശ്വാസിക്കും നിരീശ്വരനും ഒരുപോലെ സ്ഥാനം കൊടുക്കുന്ന മതത്തിലും മതക്കാരിലും സത്യാസത്യവിവേചനമില്ലെന്നു സിദ്ധിക്കുന്നു. എന്നാൽ കത്തോലിക്കാ ക്രിസ്തുമതത്തിൻേറയും കത്തോലിക്കാ ക്രിസ്ത്യാനികളുടേയും നില ഇതല്ല. ഇന്നതുസത്യം, ഇന്നതു് അസത്യം എന്ന വിവേചനയിൽ അവർ വിശ്വസിക്കുന്നു. ആ വിവേചനം കത്തോലിക്കാ മതാനുയായികളുടെ അവശ്യലക്ഷണമായിരിക്കണമെന്നു് അവർക്കു നിർബന്ധവുമുണ്ടു്. മതവിശ്വാസത്തിൻെറ കാര്യത്തിൽ അവരുടെ മനോഭാവം ഇങ്ങനെപോകുന്നു: ഒന്നെങ്കിൽ ക്രിസ്തുമാത്രം അവതാരപുരുഷനാണു്, അല്ലെങ്കിൽ ക്രിസ്തുവിനെപ്പോലെ ശ്രീകൃഷ്ണനും അവതാരപുരുഷനാണു്. ക്രിസ്തുമാത്രം അവതാരപുരുഷനാണെന്നുള്ളതു സത്യമാണെങ്കിൽ, ശ്രീകൃഷ്ണൻ അവതാരപുരുഷനാണെന്നുള്ളതു് അസത്യമാകുന്നു. ക്രിസ്തുമാത്രമാണു് അവതാരപുരുഷനെന്നുള്ളതിനു ചരിത്രപരവും യുക്തിജന്യവുമായ അനിഷേധ്യതെളിവുകളുണ്ടു്. ആകയാൽ അതു സത്യമാണു്. അപ്പോൾ ശ്രീകൃഷ്ണൻ അവതാരപുരുഷനാണെന്നുള്ളതു് അസത്യമാകുന്നു. അതിനാൽ ആ വിശ്വാസം സ്വീകരിച്ചുകൂടാ.

സത്യാസത്യവിവേചനത്തെ ആധാരമാക്കി ഹിന്ദുമതക്കാരുടേതിൽനിന്നു് ഇത്രവ്യത്യസ്തമാണു് കത്തോലിക്കാ ക്രിസ്തുമതക്കാരുടെ മനോഭാവമെങ്കിലും, അതൊരു "മതമത്സരത്തിനു" ഹേതുവായിരിക്കേണ്ട ആവശ്യം അശേഷവുമില്ലെന്നാണു് കത്തോലിക്കാ ക്രിസ്തുമതക്കാരുടെ തത്വത്തിലും പ്രയോഗത്തിലുമുള്ള മനോഭാവം. അതിങ്ങനെ വിശദീകരിക്കാം: ശ്രീകൃഷ്ണൻ അവതാരപുരുഷനല്ലെന്നു സത്യത്തെ ആധാരമാക്കി ഞങ്ങൾ വിശ്വസിക്കുന്നു. എന്നാൽ ഞങ്ങളുടെ അയൽവാസികളും സഹോദരങ്ങളുമായ ഹിന്ദുക്കൾ വിശ്വസിക്കുന്നു, ശ്രീകൃഷ്ണൻ അവതാരപുരുഷനാണെന്നു്. അതാണിഷ്ടമെങ്കിൽ അവർ അതു വിശ്വസിച്ചുകൊള്ളട്ടെ. അവർക്കതിനു സ്വാതന്ത്ര്യമുണ്ടു്. അവരുടെ ആ വിശ്വാസം അസത്യമാണെന്നു ശരിയായ ന്യായങ്ങളാൽ ഞങ്ങൾക്കറിയാം. അവർ അസത്യം വിശ്വസിക്കുന്നതിൽ ഞങ്ങൾക്കു് അനുകമ്പയുണ്ടു്. ആ തെററു തിരുത്തിക്കൊടുത്തു് അവരെ സത്യം ഗ്രഹിപ്പിക്കുവാൻ ഞങ്ങൾ സന്നദ്ധരുമാണു്. എന്നാൽ അതിനുവേണ്ടി മത്സരിക്കുവാനോ ബഹളമുണ്ടാക്കുവാനോ വഴക്കടിക്കുവാനോ ഞങ്ങൾ തയാറില്ല. അങ്ങനെചെയ്യുന്നതു് മനുഷ്യനു പ്രകൃതിദത്തമായി ലഭിച്ചിട്ടുള്ള മനസ്സാക്ഷിസ്വാതന്ത്ര്യത്തിനെതിരായ കയ്യേററമായിരിക്കും. ഞങ്ങളുടെ അയൽക്കാരും സഹോദരരുമായ ഇതരമതക്കാരുടെ അസത്യവിശ്വാസത്തോടു് ഞങ്ങൾക്കു സഹിഷ്ണുതയില്ല, ഉണ്ടാകാൻ പാടുള്ളതുമല്ല. എന്നിരിക്കിലും അസത്യവിശ്വാസം സ്വീകരിച്ചിരിക്കുന്ന ആളുകളോടു്, അയൽക്കാരും സഹോദരരുമായ ഇതരമതക്കാരോടു്, ഞങ്ങൾക്കു പരിപൂർണ്ണമായ സഹിഷ്ണുതയുണ്ടു്, ഉണ്ടാകേണ്ടതു് ആവശ്യകവുമാണു്.

### ശ്രീകൃഷ്ണൻ ചരിത്രദൃഷ്ടിയിൽ

ഇനി ശ്രീകൃഷ്ണനെ അവതാരപുരുഷനായി കത്തോലിക്കാ ക്രിസ്ത്യാനികൾ സ്വീകരിക്കാത്തതിൻെറ ന്യായമെന്താണെന്നു് ചുരുക്കത്തിൽ ആലോചിക്കാം. "ശ്രുതി" "സ്മൃതി" എന്നു രണ്ടുതരം ഹിന്ദുമതഗ്രന്ഥങ്ങളുണ്ടെന്നു മുന്നൊരു ലേഖനത്തിൽ ചൂണ്ടിക്കാണിച്ചിരുന്നല്ലോ. 4 വേദങ്ങൾ, ബ്രാഹ്മണങ്ങൾ അരണ്യകങ്ങൾ, ഉപനിഷത്തുകൾ, ഇവയാണു് ശ്രുതി ഇനത്തിൽപെട്ടവ. ഋഗ്വേദത്തിൻെറ ഒന്നാംപുസ്തകത്തിൽ ഒരു സ്ഥലത്താണു് ഒരു കൃഷ്ണൻെറ നാമം ആദ്യമായി പ്രത്യക്ഷപ്പെടുന്നതു്. അവിടെ കേതനായ ഒരു ഋഷിയായിമാത്രം അദ്ദേഹം കാണപ്പെടുന്നു; ദേവനോ ദൈവമോ ആയല്ല. ഋഗ്വേദത്തിൻെറ 8-ാം പുസ്തകത്തിലും ഒരു കൃഷ്ണൻെറ നാമം കാണുന്നുണ്ടു്. അനാര്യവർഗ്ഗത്തിൽപെട്ട ശക്തിയേറിയ പ്രമാണിയുടേയും ആര്യന്മാർക്കു ഭയഹേതുകനായ ഒരാളുടേയും സ്ഥാനമാണു് അവിടെ അദ്ദേഹത്തിനുള്ളതു്; അദ്ദേഹത്തിൻെറ ദൈവത്വത്തെപ്പററി അവിടെ ഒന്നും പറയുന്നില്ല. ബ്രാഹ്മണങ്ങൾ അരണ്യകങ്ങൾ, എന്ന ഗ്രന്ഥങ്ങൾ കൃഷ്ണനെപ്പററി നിശ്ശേഷം മൗനമവലംബിക്കുന്നു. പിന്നെ കൃഷ്ണൻെറ നാമംകാണുന്നതു് ഛാന്ദോഗ്യോപനിഷത്തിലാണു്. തത്വശാസ്ത്രം പഠിക്കുന്ന ഒരു വിദ്യാർത്ഥിയുടെ സ്ഥാനമാണു് അവിടെ കൃഷ്ണനുള്ളതു്. ആ ഗ്രന്ഥത്തിലാകട്ടെ മററു് ഉപനിഷത്തുകളിലാകട്ടെ അദ്ദേഹത്തിൻെറ ദൈവത്വത്തെയോ അവതാരത്തെയോപററി യാതൊരു സൂചനപോലുമില്ല.

സ്മൃതിഗണത്തിൽപെട്ട ഗ്രന്ഥങ്ങളിൽ സൂത്രങ്ങൾ, ധർമ്മശാസ്ത്രങ്ങൾ എന്നിവ ക്രിസ്ത്വബ്ദത്തിനുമുമ്പും, ആഗമങ്ങൾ, തന്ത്രങ്ങൾ എന്നിവയും പുരാണങ്ങളിലധികവും ക്രിസ്ത്വബ്ദത്തിനുപിമ്പും രചിക്കപ്പെട്ടവയാണു്. ആദ്യത്തെ ഇനം ഗ്രന്ഥങ്ങളിൽ കൃഷ്ണൻെറ ദൈവത്വത്തെപ്പററി യാതൊരു സൂചനയുംകാണുന്നില്ല. പുരാണങ്ങളിലാണു് — വിഷ്ണുപുരാണം, പത്മപുരാണം, ഭാഗവതപുരാണം എന്നിവയിലാണു്—കൃഷ്ണൻെറ അവതാരകഥകൾ വിവരിച്ചിട്ടുള്ളതു്.

### ശ്രീകൃഷ്ണൻ അവതാരപുരുഷനാക്കപ്പെട്ടതു്

മഹാഭാരതം ഹിന്ദുമതസാഹിത്യത്തിൽപെട്ട പ്രസിദ്ധ മഹാകാവ്യമാണല്ലോ. അതു ശ്രുതിഗണത്തിലോ സ്മൃതിഗണത്തിലോ ഉൾപ്പെട്ട ഗ്രന്ഥമല്ല. പ്രൊഫസർ രാധാകൃഷ്ണൻെറ വാക്കുകൾ പ്രത്യേകം ശ്രദ്ധേയമാണു്. "മഹാഭാരതത്തിലെ ആശയങ്ങൾ പല അടുക്കുകളായി, യുഗാന്തരങ്ങൾക്കിടയിൽ ഒന്നിനുമീതെ ഒന്നായി ചേർക്കപ്പെട്ട അടുക്കുകളായി, ഇരിക്കുന്നു. അതിൽ കൃഷ്ണനെ ഒരു ചരിത്രപുരുഷൻ എന്നതു തുടങ്ങി വിഷ്ണുവിൻെറ അവതാരം എന്നതുവരെ എല്ലാ നിലകളിലും പ്രകാശിപ്പിച്ചിരിക്കുന്നു." മഹാഭാരതത്തിൻെറ ഘടനയെ മൂന്നു ദശകളായി വിഭജിക്കാം. 1) ആദ്യത്തേതിൽ കൃഷ്ണൻ ഒരു യോദ്ധാവായും, ഉപദേഷ്ടാവായും, മതാദ്ധ്യാപകനായും കാണപ്പെടുന്നു. യാദവവർഗ്ഗത്തിലെ ഊർജ്ജസ്വലനായ വീരപുരുഷനാണു് അദ്ദേഹം. ചിലപ്പോൾ പ്രകൃത്യതീതങ്ങളായ ശക്തികളോടുകൂടിയ ആളായിട്ടും, ചിലപ്പോൾ പ്രകൃത്യതീതനായ പുരുഷൻ യോജിക്കാത്ത അനാശാസ്യങ്ങളായ സ്വഭാവന്യൂനതകളോടുകൂടിയവനായിട്ടുമാണു് അദ്ദേഹം ചിത്രീകരിക്കപ്പെട്ടിരിക്കുന്നതു്. 2) രണ്ടാമത്തെ ദശയിൽ കൃഷ്ണൻെറ നിലയ്ക്കു ഗണ്യമായ മാററം കാണുന്നു. അവിടെ ശക്തിയേറിയ അർദ്ധദൈവമായിട്ടാണു് അദ്ദേഹം പ്രത്യക്ഷപ്പെടുന്നതു്. 3) മൂന്നാമത്തെ ദശയിലാകട്ടെ കൃഷ്ണൻ പൂർണ്ണദൈവത്തിൻെറ നിലയിലേക്കു് ഉയർത്തപ്പെട്ടിരിക്കുന്നു. പരമാത്മാവു്, പുരുഷോത്തമൻ, ഭഗവാൻ, വിഷ്ണുദേവൻ, ഈശ്വരൻ എന്നീ നാമങ്ങളാൽ അദ്ദേഹം വിളിക്കപ്പെടുന്നു. മഹാഭാരതത്തിൻെറ ഈ ഭാഗത്തു്, ഭഗവദ്ഗീത എന്ന സുപ്രസിദ്ധമായ ഭാഗത്തു്, കൃഷ്ണൻതന്നെ പറയുന്നുണ്ടു്, അധർമ്മം പ്രബലപ്പെടുമ്പോൾ അതു നശിപ്പിച്ചു് ധർമ്മം പുനഃസ്ഥാപിക്കുവാൻ അവതാരം സ്വീകരിച്ചുകൊണ്ടിരിക്കുന്ന ദൈവമാണു് താനെന്നു്.

---

ബ. അൽഫോൻസാമ്മയുടെയും വി. തോമാശ്ലീഹായുടേയും സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

പി. ററി. ജെ. കളർകുഴി
കായണ്ണ P. O., നോർത്തു് മലബാർ

---

പുരാണഗ്രന്ഥങ്ങളിലേക്കു കടക്കുമ്പോൾ ശ്രീകൃഷ്ണൻെറ ജനനത്തേയും ബാല്യകാലത്തേയുംപററി അനേകം വിവരങ്ങളടങ്ങിയ കഥകൾ, മുൻഗ്രന്ഥങ്ങളിലൊന്നും കാണാത്തവ, കാണപ്പെടുന്നു. അവയിലാണു് ക്രിസ്തുവിൻെറ ജനനത്തോടും ബാല്യത്തോടും പ്രത്യക്ഷത്തിൽ ആശ്ചര്യകരമായ ചില സാദൃശ്യങ്ങളുള്ള കഥകൾ ചിത്രീകരിക്കപ്പെട്ടിരിക്കുന്നതു്. ആ കഥകൾക്കുതന്നെയും, വിഷ്ണുപുരാണത്തിലുള്ളതും ഭാഗവതപുരാണത്തിലുള്ളതും തമ്മിൽ, വളരെ വ്യത്യാസം കാണുന്നുണ്ടു്. ഈ പുരാണഗ്രന്ഥങ്ങൾ ക്രിസ്തു ജനിച്ചിട്ടു പല നൂററാണ്ടുകൾക്കു ശേഷം പല കാലഘട്ടങ്ങളിലായി രചിക്കപ്പെട്ടതാണുതാനും.

ക്രിസ്ത്വബ്ദം 15-ാംനൂററാണ്ടിൻെറ അവസാനത്തോടുകൂടിയും അതിനുശേഷമുള്ള നൂററാണ്ടുകളിലും പ്രസിദ്ധന്മാരായ ഹിന്ദുമതോപദേഷ്ടാക്കളുംകവികളും ശ്രീകൃഷ്ണഭക്തിക്കു് ഉത്തേജനവും പ്രചാരവും നൽകി. വല്ലഭാചാര്യരും ചൈതന്യനും ഇവരിൽ പ്രധാനികളാണു്.

19-ാംനൂററാണ്ടോടുകൂടി ശ്രീകൃഷ്ണഭക്തി ഒരു പുതിയ രൂപം പ്രാപിച്ചു. കൃഷ്ണചരിതത്തിലെ ദൈവയോഗ്യമല്ലാത്ത വികാരങ്ങൾക്കും നടത്തകൾക്കും രൂപകങ്ങൾക്കു യോജിച്ച ആദ്ധ്യാത്മികമായ വ്യാഖ്യാനം നൽകപ്പെട്ടു. കൃഷ്ണഭക്തിയെ നവീകരിക്കുന്ന ഈ പ്രസ്ഥാനത്തിൽ ബങ്കിംചന്ദർ, ചാറർജി മുതലായ പണ്ഡിതന്മാരാണു് മുൻകൈ എടുത്തു പ്രവർത്തിച്ചതു്. ശ്രീ പുത്തേഴത്തിൻെറ വാക്കുകൾ ഈ പ്രകൃതത്തിൽ ഉദ്ധരണീയങ്ങളാണു്:- "ഹിന്ദുക്കൾ അവരുടെ പുരാണങ്ങളെ കേവലം ചരിത്രങ്ങൾ എന്ന നിലയ്ക്കല്ല വീക്ഷിക്കുന്നതു്. "കംസകൃഷ്ണകഥ" ഒരു രൂപകംമാത്രമാണു്. ധർമ്മാധർമ്മങ്ങളുടെ, സത്യാസത്യങ്ങളുടെ, സാത്വികതാമസശക്തികളുടെ നിതാന്തമത്സരവും, വ്യാമർദ്ദങ്ങളും, സത്യധർമ്മാദികളുടെ പരിണാമവിജയവും വിശദപ്പെടുത്തുന്ന ഒരു സാരോപദേശകഥ."

### ക്രിസ്തുവും കൃഷ്ണനും

ശ്രീകൃഷ്ണനേയും മഹാവിഷ്ണുവിൻെറ കൃഷ്ണാവതാരത്തേയും കുറിച്ചു് ഹിന്ദുമതത്തിലെ പ്രാമാണികങ്ങളായഗ്രന്ഥങ്ങൾ നൽകുന്ന വിവരങ്ങൾ മേൽകാണിച്ചവിധം ആയിരിക്കുന്നതുകൊണ്ടാണു് ശ്രീകൃഷ്ണനെ ഒരു അവതാരപുരുഷനായി സ്വീകരിക്കുവാൻ ക്രിസ്ത്യാനികൾ തയാറില്ലാത്തതു്. ഒരു മനുഷ്യനെ അവതാരപുരുഷനായി സ്വീകരിക്കണമെങ്കിൽ ഒന്നാമതായി അദ്ദേഹത്തിൻെറ ചരിത്രം ഏററവും സൂക്ഷ്മമായി അറിഞ്ഞിരിക്കണം. രണ്ടാമതായി, ആ ചരിത്രത്തിൽ പ്രത്യക്ഷപ്പെടുന്ന അദ്ദേഹത്തിൻെറ ജീവിതം ദൈവയോഗ്യമായ പരമപരിശുദ്ധിയോടുകൂടിയതായിരിക്കണം. അദ്ദേഹത്തിൻെറ പ്രവൃത്തികളിൽ ദൈവശക്തിക്കുമാത്രം ചെയ്യാൻ സാധിക്കുന്ന പ്രകൃത്യതീതങ്ങളായവ ഉണ്ടായിരിക്കണം. മാത്രമല്ല ആ പ്രവൃത്തികൾ, താൻ ദൈവാവതാരമാണെന്നുള്ള അദ്ദേഹത്തിൻെറ പരമമായ അവകാശവാദത്തെ അവിതർക്കിതമായി തെളിയിക്കുന്നവയുമായിരിക്കണം. ഇവയൊന്നും ശ്രീകൃഷ്ണൻെറ കാര്യത്തിൽ കാണുന്നില്ല.

നേരെമറിച്ചു് ക്രിസ്തുവിൻെറ കാര്യത്തിൽ അവ കാണപ്പെടുന്നുണ്ടു്. ക്രിസ്തുവിൻെറ ജീവചരിത്രസംഭവങ്ങൾ സംക്ഷേപമായിട്ടെങ്കിലും വിവരിച്ചിട്ടുള്ള സുവിശേഷഗ്രന്ഥങ്ങൾ ഏററവും വിശ്വാസയോഗ്യങ്ങളായ ചരിത്രഗ്രന്ഥങ്ങളാണെന്നു് തെളിഞ്ഞിരിക്കുന്നു. അവയിൽ പ്രത്യക്ഷപ്പെടുന്ന ജീവിതം ദൈവയോഗ്യമായവിധം പരമപരിശുദ്ധമാണെന്നു് ക്രിസ്തുമതവിദ്വേഷികൾപോലും സമ്മതിക്കുന്നു. അവയിൽ രേഖപ്പെടുത്തിയിട്ടുള്ള ക്രിസ്തുവിൻെറ പല പ്രവൃത്തികളും ദൈവശക്തിക്കുമാത്രം ചെയ്യാൻ സാധിക്കുന്ന പ്രകൃത്യതീതങ്ങളാണെന്നു് സ്പഷ്ടമായിക്കാണാം. താൻ ഏകദൈവത്തിൻെറ ഏകാവതാരമാണെന്നുള്ള ക്രിസ്തുവിൻെറ പരമമായ അവകാശവാദത്തെ ചോദ്യംചെയ്യുവർക്കു ബോദ്ധ്യംവരുത്തിക്കൊടുക്കുവാൻവേണ്ടി ചെയ്തവയാണു് അവയിൽ പലതും. ഈ യാഥാർത്ഥ്യങ്ങൾ ശരിക്കു മനസ്സിലാക്കിക്കൊണ്ടു് ക്രിസ്തുവിൻെറ സമകാലികർ, സാധാരണക്കാരും പണ്ഡിതന്മാരും, യഹൂദന്മാരും അയഹൂദന്മാരും, അവിടുന്നു ജീവിച്ചിരുന്നപ്പോഴും മരണശേഷവും, അവിടുന്നു സാക്ഷാൽ ഏകദൈവാവതാരമാണെന്നു വിശ്വസിച്ചു. ആ യാഥാർത്ഥ്യങ്ങളെ അടിസ്ഥാനമാക്കിത്തന്നെ ആ വിശ്വാസപ്രവാഹം അന്നുമുതൽ ഇന്നോളം ലോകത്തിൻെറ നാനാഭാഗങ്ങളിലും മുന്നേറിക്കൊണ്ടിരിക്കുന്നു. യാഥാർത്ഥ്യങ്ങളെ അടിസ്ഥാനമാക്കിയുള്ള വിശ്വാസമാണു് അതെന്നു തങ്ങൾക്കു ബോദ്ധ്യമുള്ളതുകൊണ്ടു്, ജീവനെപ്പോലും ബലികഴിച്ചു്, ആ വിശ്വാസത്തിൽ കോടിക്കണക്കിനു് ആബാലവൃദ്ധം ആളുകൾ പണ്ഡിതപാമരവ്യത്യാസംകൂടാതെ ഉറച്ചുനിന്നിരുന്നു, നിന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു.

ആകയാൽ "ഹിന്ദുക്കൾ, അനേകമവതാരങ്ങളെ അംഗീകരിക്കുന്നവരായതുകൊണ്ടു്, ക്രിസ്തുവിനേയുംകൂടി ഒരവതാരപുരുഷനായി സ്വീകരിക്കുവാൻ സന്നദ്ധതയുള്ളവർ" ആയിരുന്നാൽത്തന്നെയും, യഥാർത്ഥ ക്രിസ്ത്യാനികളിൽ ആർക്കുംതന്നെ "ഹിന്ദുദൈവങ്ങളെ" ദൈവങ്ങളെന്നനിലയിൽ "വിശ്വസിക്കുകയോ ബഹുമാനിക്കുകയോ" ചെയ്യാൻ പാടുള്ളതല്ല. അങ്ങനെ ചെയ്യുന്നവർക്കു് യഥാർത്ഥ ക്രിസ്തുമതത്തിൽ സ്ഥാനമുണ്ടാകാവുന്നതല്ല. ഈ വിഷയത്തിൽ ഒരു യഥാർത്ഥ ക്രിസ്ത്യാനിയുടെ നില ആ ഗ്രീക്കുതത്വജ്ഞൻെറ വാക്കുകളിൽപ്പറയാം:- "പ്ലേറേറായോടു് എനിക്കു സ്നേഹമാണു്, സോക്രട്ടീസിനോടു് എനിക്കു സ്നേഹമാണു്, എന്നാൽ സത്യത്തോടു് എനിക്കു് കൂടുതൽ സ്നേഹമാണു്."

---

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam

(2-ാംപേജ് തുടർച്ച)

ച്ച് പ്രകാശത്തിന്റെ ആയുധമാകുന്ന ക്രിസ്തുവിനെ ധരിക്കണം. അതിനാവശ്യമായ പാപബോധവും, പ്രായശ്ചിത്താരൂപിയുമാണ് ആധുനികസംസ്കാരത്തിനു നഷ്ടപ്പെട്ടിരിക്കുന്നത്. ഈ രണ്ടു ഘടകങ്ങളും ഒത്തിണങ്ങി സമ്മേളിച്ചപ്പോൾ അഗസ്തീനോസിന്റെ മാനസാന്തരം വിജയമകുടംചൂടി. നഷ്ടപ്പെട്ട കുഞ്ഞാട് പിതൃഭവനത്തിൽ പ്രവേശിച്ചു.

ജീവിതത്തിന്റെ രണ്ടാംഘട്ടത്തിൽ അഗസ്തീനോസിനെ നാം കാണുന്നത് കർത്താവായ യേശുക്രിസ്തുവിന്റെ പടച്ചട്ടധരിച്ച ഒരു അജയ്യപോരാളിയായിട്ടാണ്. പാഷണ്ഡതയുടേയും, അബദ്ധതത്വങ്ങളുടേയും പ്രചരണകാലമായിരുന്നു അത്. ഭൗമികസൗഭാഗ്യം പ്രദാനംചെയ്യുന്നതിനാണ് സഭ നിലകൊള്ളുന്നത് എന്ന തെറ്റായധാരണ പ്രാബല്യത്തിൽവരികയും, സഭാശത്രുക്കൾ സഭയെ സ്ഥാനത്തും അസ്ഥാനത്തും അപലപിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഉദ്ധതയായ റോമാസാമ്രാജ്യം തകർന്നത് ക്രിസ്തീയമായതുകൊണ്ടല്ല, ക്രിസ്തീയമാകാത്തതുകൊണ്ടാണെന്ന് "ദൈവത്തിന്റെ നഗരം" എന്ന ഭുവനപ്രസിദ്ധമായ ഗ്രന്ഥംവഴി അഗസ്തീനോസും അന്നത്തെ ലോകത്തെ പഠിപ്പിച്ചു. ഇന്നും സഭക്കെതിരായി ആരോപണം നടത്തുന്ന ഭൗമികസംസ്കാരചിന്തകർ അവരുടെ രൂക്ഷമായ നിരൂപണങ്ങൾ നടത്തുന്നതിനുമുമ്പ്, പക്വമനസ്സോടുകൂടി ചിന്തിച്ചു ഗ്രഹിക്കേണ്ടതാണ് ക്രൈസ്തവജീവിതത്തിന്റെ അഭാവമാണോ അല്ലയോ ഈദൃശജല്പനങ്ങൾക്കു കാരണമെന്ന്. സഭയല്ല പരാജയമടഞ്ഞത്, സഭാജീവിതം നയിക്കാത്ത വ്യക്തികളും സഭാഗാത്രത്തിൽനിന്നു വേർപെട്ടുപോയ സംഘടനകളുമാകുന്നു.

അഗസ്തീനോസ് എഴുതിക്കൂട്ടിയിട്ടുള്ള ഗ്രന്ഥസമുച്ചയം കാണുമ്പോൾ നാം വിസ്മയഭരിതരായിത്തീരാറുണ്ട്, എങ്ങനെ ഹ്രസ്വമായ ഒരു ജീവിതവൃത്തംകൊണ്ട് ഇത്രമാത്രം ഗ്രന്ഥശേഖരം നിർമ്മിക്കുവാൻ ഒരു മനുഷ്യനു സാധ്യമാകുമെന്ന്. പല ആയുസ്സുകളിൽ നിറഞ്ഞുനില്ക്കേണ്ട കൃത്യപരിപാടികളെ ഒരായുസ്സിന്റെ അർദ്ധഭാഗത്തിൽ ഞെരുക്കിക്കൊള്ളിക്കുകയാണ് അദ്ദേഹം ചെയ്തിട്ടുള്ളത്. യൗവനദശയിൽ തന്റെ ജീവിതത്തിനു കളങ്കം പൂശിയ അധമാംശത്തെ, നിരന്തരമായ കഠിനാദ്ധ്വാനത്താൽ അമർത്തിനിർത്തിക്കൊള്ളാമെന്നുള്ള ഒരു ദൃഢനിശ്ചയത്തിന്റെ ഫലമായിട്ടാണ് ഈ വിജയം കൈവരുത്തുവാൻ കഴിഞ്ഞത്.


ഒട്ടും അപ്രധാനമല്ലാത്ത മറെറാരു കാരണംകൂടി ഉണ്ട് ആ മഹത്തായ വിജയത്തിന്. അഗാധമായ ഹൃദയതാഴ്മ. ആദ്യഘട്ടം സ്വാർത്ഥതയുടെയും ഔദ്ധത്യത്തിന്റെയും സൈര്യവിഹാരത്തെ കുറിക്കുന്നെങ്കിൽ, രണ്ടാംഘട്ടം പരസ്നേഹമസൃണമായ സേവനത്തിന്റേയും, "ദൈവമേ! ഞാൻ അങ്ങയേയും എന്നേയും അറിഞ്ഞിരുന്നെങ്കിൽ" എന്ന അനുതാപഗീതത്തിന്റേയും കാവ്യസത്ത് ഓളംവെട്ടി നിറ്റ്ളുന്ന ഒന്നായിരുന്നുവെന്നു കാണാം. ഡൊനാറ്റിസ്റ്റ് പാഷണ്ഡതയോടു കർക്കശമായി പൊരുതേണ്ടിവന്നപ്പോഴും ഹിപ്പോയിലെ മെത്രാൻ ഒരു സംഗതി സദാ സ്മരിക്കുന്നതിനു സ്വന്തവൈദികരോടു ഉദ്ബോധിപ്പിച്ചിരുന്നു: "പ്രതിയോഗികളെ സദാ സ്നേഹിക്കുവിൻ. അവരിലുള്ള അസത്യത്തെ മാത്രം നശിപ്പിക്കുവിൻ. ....എതിരാളികൾക്കുവേണ്ടി പ്രാർത്ഥിക്കുവിൻ. പ്രാർത്ഥിച്ചുകൊണ്ടുവേണം അവരെ നിങ്ങൾ തിരുത്തുവാൻ."

പരിശുദ്ധ പരമ ത്രിത്വത്തെപ്പററി ധ്യാനനിരതനായി കടൽത്തീരത്തുകൂടെ നടക്കുമ്പോഴാണ് ഒരു കൊച്ചുകുട്ടി ഒരു കക്കാത്തോടുകൊണ്ട് അഗാധസമുദ്രത്തിലെ വെള്ളം കോരി മണൽത്തിട്ടയിലുള്ള ഒരു കുഴിയിലേക്ക് ഒഴിക്കുന്നതുകണ്ടത്. അത്ഭുതപരതന്ത്രനായി ഇതിന്റെ ഉദ്ദേശമെന്തെന്നു ചോദിച്ചപ്പോൾ കടലിലെ വെള്ളം മുഴുവൻ വററിക്കാനാണെന്ന് ആ കുട്ടി അഗസ്തീനോസിനെ ധരിപ്പിച്ചു. ആ കാര്യം അസാദ്ധ്യമാണല്ലോയെന്ന് വിശുദ്ധൻ പ്രതിവചിച്ചപ്പോൾ, "നിങ്ങൾ മനസ്സിലാക്കുവാൻ ശ്രമിക്കുന്ന ആ മഹാരഹസ്യം ഗ്രഹിക്കുന്നതിനു നിങ്ങളുടെ ബുദ്ധിക്കു കഴിയുന്നതിനെക്കാൾ എളുപ്പം ഈ വെള്ളം മുഴുവനും ഈ ചെറുകുഴിയിൽ നിറയ്ക്കുവാൻ എനിക്കു സാധിക്കും" എന്നു പറഞ്ഞശേഷം ആ ബാലൻ അപ്രത്യക്ഷനായി. ആ വിശ്വമഹാപണ്ഡിതൻ, തന്റെ ബുദ്ധിയുടെ പരിമിതിമനസ്സിലാക്കിവിശ്വാസകാര്യങ്ങൾ കൈകാര്യം ചെയ്തുകൊണ്ട്, അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിലെല്ലാം തന്മയത്വത്തിന്റേയും, ജ്ഞാനസമ്പത്തിന്റേയും, കലാസൗന്ദര്യത്തിന്റേയും മലർക്കാവുകളിലൂടെ ദൈവികചൈതന്യം പതഞ്ഞൊഴുകുന്നതായി കാണാം.

# മംഗളം

ആലസ്യമേതും കലരാതജസ്രം
ചേലൊത്തിവണ്ണം തിരുമെയ്യഗസ്തീൻ
ശ്രീലാലസിക്കും സിറിയൻജനത്തെ
പാലിച്ചു മേന്മേൽ വിജയിച്ചിടട്ടെ!

(ഫാദർ മേത്യുസ്, സി. ഡി.)




# ചിത്രവും കീർത്തനവും

(എൻ. എക്സ്. കുര്യൻ, ബി. എ. ബി. എൽ.)

ഇനിയും നമുക്ക് കീർത്തനകാരിയെ നോക്കാം. അവളെ നയിക്കുന്ന സദാചാരസുന്ദരമായ ചിത്തവൃത്തിയോടുകൂടി നോക്കാം. ഇവൾ ആരാണ്? മററാരുമല്ല. ആ കന്യകാമാതാവിന്റെ കുമാരിതന്നെ. ആദർശത്തിലും ആകാരസൗഭാഗ്യത്തിലും ആ ചിത്രം ദർശിക്കുകയും ആ അമ്മയുടെ അവലംബം തേടുകയും ചെയ്യുന്നവക്ക് ഉണ്ടാകുന്ന കുമാരി അംഗനാമണിയല്ലാതെ എങ്ങനെ സംഭവിക്കും.

അവൾ ഗാനംചെയ്യുന്നുണ്ട്. സ്വർഗ്ഗത്തിലെ ഭാഷ ഗാനാത്മകമാണെന്ന് പണ്ഡിതന്മാർ പറയുന്നു. ഗാനകീർത്തനങ്ങൾകൊണ്ട് ഈശ്വരാരാധന നിർവ്വഹിക്കാൻ പവിത്രാത്മാവ് പഠിപ്പിക്കുന്നു. പാട്ടായിട്ടു അർപ്പിക്കുന്ന പ്രാർത്ഥന ഇരട്ടി ഫലം ചെയ്യുന്നു എന്ന് പുണ്യവാന്മാർ പ്രസ്താവിക്കുന്നു കാലിത്തൊഴുത്തിനു മീതെവന്ന് മാലാഖാമാർ ആലപിച്ചു മംഗളകീർത്തനം ഗാനരൂപത്തിലായിരുന്നല്ലോ. ശ്രീയേശുമിശിഹാ അന്തിമവിരുന്നിൽ വിശുദ്ധ കുർബാന സ്ഥാപിച്ചശേഷം ശിഷ്യന്മാരോടുകൂടി ഒരു സ്തോത്രഗീതം പാടിയതായി വി. വേദപുസ്തകം പ്രഖ്യാപിക്കുന്നു.

ഈശ്വരന് സന്തോഷംജനിപ്പിക്കുന്ന സംഗീതം പുത്രരായ മനുഷ്യപരമ്പരയ്ക്കും മാധുര്യം ജനിപ്പിക്കാതിരിക്കാൻ മാർഗ്ഗമില്ലല്ലോ. സൗന്ദര്യം ആസ്വദിക്കാനുള്ള അഭിരുചിപോലെ സംഗീതാസ്വാദനവാസനയും മനുഷ്യമനസ്സിൽ നൈസർഗ്ഗികമായിട്ടുള്ളതാണ്. ഈ തൃഷ്ണയേയും ശരിയായ മാർഗ്ഗങ്ങളിൽ ശമിപ്പിക്കുന്നില്ലെങ്കിൽ ഉണ്ടാകുന്ന ദോഷങ്ങൾ ഊഹാതീതങ്ങളാണ്. സന്മാർഗ്ഗവിരുദ്ധങ്ങളായ ഗാനങ്ങൾ കേൾക്കാനും അങ്ങനെയുള്ള നടപടികളെ പ്രകടിപ്പിക്കുവാൻ മടിക്കാത്ത നടീനടന്മാരുടെ നർത്തനകീർത്തനങ്ങൾ നേരിട്ടോ, പകർപ്പുമുഖേനയോ, ആസ്വദിക്കാനും ബാലരോ, യുവാക്കളോ, മാത്രമല്ല കുഴിയിലേക്കു കാലുനീട്ടിയ വൃദ്ധർകൂടി ബദ്ധപ്പെട്ടു നിസ്സങ്കോചം പോകുന്നെങ്കിൽ എന്തിനു പഴിക്കുന്നു? ദൈവം നിങ്ങൾക്കു നൽകിയിട്ടില്ലേ അരുമക്കുഞ്ഞുങ്ങളേയും മകരന്ദവാണികളായ കുമാരികളേയും. അവരെ അഭ്യസിപ്പിക്കുക സന്മാർഗ്ഗചിന്താബന്ധുരങ്ങളായ പാട്ടുകളും, നർത്തനങ്ങളും. അവരിലും അന്തർലീനമായിരിക്കുന്ന സംഗീതാദികലാവാസനകളെ തട്ടിയുണർത്തുക. നിങ്ങളുടെ കുടുംബങ്ങളിൽ ഇരുന്ന് അവർ പാടട്ടെ, ആടട്ടെ. സായംകാലവേളകളിൽ, ഈശ്വരാരാധനാപരമായും മററും അവർ ഗാനാലാപം നടത്തട്ടെ. അപ്പോൾ കേൾക്കാം നിങ്ങൾക്കു സ്വർഗ്ഗത്തിലെ സംഗീതം. ലോകോത്തരമായ സംഗീതം, സ്വന്തസ്വരം സ്വസന്താനങ്ങളിൽക്കൂടി പ്രതിധ്വനിച്ച് കേൾക്കുന്നതാണെന്ന് അനുഭവസ്ഥരായ പണ്ഡിതന്മാർ പ്രസ്താവിക്കുന്നു. ഒന്നു പരീക്ഷിച്ചുനോക്കുക. നിങ്ങളുടെ അരുമകുമാരികളെ സുന്ദരികളായി വളർത്തുക. സുന്ദരകൃത്യങ്ങൾ ആചരിപ്പിക്കുക. ഗുണമല്ലാതെ ഒരു ദോഷവും ഇല്ല: നറുംതേനും നവനീതവും സ്വന്തംവീട്ടിനുള്ളിലുള്ളപ്പോൾ നിങ്ങൾ എന്തിന് നാററംപരത്തുന്ന കൃത്രിമക്കൂട്ടുകൾ അന്വേഷിച്ചു പുറത്തു നടക്കുന്നു? കുടുംബത്തിൽ സന്ധ്യാനമസ്കാരങ്ങൾ അനുഷ്ഠിക്കേണ്ട സായംകാലസമയത്തെ പാവനമായ ആ കാര്യത്തിനുപയോഗപ്പെടുത്തി ഈശ്വരാനുഗ്രഹവും സന്താനങ്ങൾക്ക് സന്മാതൃകനൽകുന്ന കൃതാർത്ഥതയും ശ്രേയസ്സും പ്രാപിക്കുന്നതിനുപകരം കുടുംബജീവിതത്തെ ശിഥിലമാക്കുന്നതും, പലക്കും നികൃഷ്ടാദർശങ്ങൾ നൽകുന്നതുമായ രംഗങ്ങളിലേക്കു കേവലം ചിന്താവിഹീനരായി പ്രയാണം ചെയ്ത് പണവും നശിപ്പിച്ചു ഈശ്വരകോപവും സമ്പാദിച്ച് പിന്നെ നിങ്ങൾ എങ്ങോട്ടാണ് മടങ്ങുന്നത്? കുടുംബത്തിലേക്കു, അല്ലേ? ഏതു കുടുംബം? ഏതു കുടുംബിനി!! ഏതു കുഞ്ഞുങ്ങൾ!!!...



ചാമക്കാല സെൻറ് ജോൺസ് കോൺഫറൻസിന്റെ ആഭിമുഖ്യത്തിൽ ആദ്ധ്യാത്മികോപദേഷ്ടാവ് റവ. ഫാ. പോൾ ചിലമ്പം അവർകളെ അനുമോദിക്കുന്നതിനായികൂടിയ അവസരത്തിൽ എടുത്ത ഫോട്ടൊ.

Sathya Deepam

Vol. 25 Ernakulam August 22, 1951 No. 2

## ഫാത്തിമാബാലസമിതി

ലക്ഷ്യം: ഫാത്തിമാസന്ദേശം പ്രയോഗത്തിൽ വരുത്തുവാൻ ശ്രമിക്കുക.

മുദ്രാവാക്യം: പ്രാർത്ഥന, പ്രായശ്ചിത്തം, പരോപകാരം.

ചുമതലകൾ: (1) മറിയത്തിന്റെ വിമലഹൃദയത്തിന്റെ സ്തുതിക്കായി ദിവസവും ജപമാല ചൊല്ലുക; കുടുംബത്തിലെ മററംഗങ്ങളും മുടങ്ങാതെ ജപമാല ചൊല്ലുന്നതിനു പ്രേരണ നൽകുക. (2) പാപികളുടെ മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ത്യാഗകൃത്യങ്ങൾ കാഴ്ചവയ്ക്കുകയും ചെയ്യുക. (3) നിവൃത്തിയുള്ളപക്ഷം, ആദ്യശനിയാഴ്ചഭക്തി ആചരിക്കുക. (4) സാധുക്കൾക്കു പാടുള്ള സഹായം ചെയ്യുക.

## "ഞാൻ യോഗ്യനല്ല"

പ്രിയ കുട്ടികളേ,

യോഹന്നാന്റെ കീർത്തി നാടെങ്ങും പരന്നു. ശിഷ്യന്മാരും വർദ്ധിച്ചു. അത്ഭുതമൊന്നും പ്രവർത്തിച്ചില്ല അദ്ദേഹം; വാസ്തവംതന്നെ. എന്നാൽ അദ്ദേഹത്തിന്റെ വാക്കുകൾ വശ്യശക്തിയുള്ളവ. ആശയങ്ങളോ അത്യുൽകൃഷ്ടം. കഠിനമായ തപസ്സാണു് അനുഷ്ഠിച്ചിരുന്നതു്. ജീവിതരീതി എത്രയും ലളിതമായതും. കാട്ടിലെ കായ്കനികൾ ആഹാരവും, തേൻ പാനീയവും. ലഹരിസാധനങ്ങൾ അദ്ദേഹം രുചിച്ചിട്ടേയില്ല. ദീർഘമായ ഉപവാസംകൊണ്ടു് ശരീരം നന്നേ ക്ഷീണിച്ചുപോയി. ആത്മാവാകട്ടെ ദൈവത്തിന്റെ അരൂപിയാൽ നിറഞ്ഞു.

ആകയാൽ, ഒട്ടകത്തിന്റെ രോമംകൊണ്ടുള്ള പരുപരുത്ത വസ്ത്രം ധരിച്ചു്, തോൽകൊണ്ടുള്ള അരവാറു കെട്ടി, ആ മഹർഷി പ്രസംഗിച്ചപ്പോൾ ജനങ്ങൾ അദ്ദേഹത്തെ അനുസരിച്ചതിൽ നാം വിസ്മയിക്കേണ്ടതില്ല. അവർക്കു് അദ്ദേഹത്തിന്റെനേർക്കു തോന്നിയ മതിപ്പു് അതിരററതായിത്തുടങ്ങി. അവരുടെ വിചാരം യോഹന്നാൻ വാഗ്ദാനംചെയ്യപ്പെട്ട മിശിഹായാണെന്നായിരുന്നു.

ഈശോമിശിഹായെക്കുറിച്ചു് അവർക്കറിയാം. ലോകരക്ഷകനായ അവിടുന്നു പിറക്കേണ്ട കാലവും സ്ഥലവും അതായിരുന്നു. യോർദ്ദനാൻനദിയുടെ തീരത്താണു് യോഹന്നാൻ പ്രസംഗിച്ചതു്. പണ്ടു് അതു വളരെ ഫലഭൂയിഷ്ഠമായ സ്ഥലമായിരുന്നു. "പാലും തേനും ഒഴുകുന്ന" കാനാൻദേശം. എന്നാൽ യഹൂദജനങ്ങളുടെ പാപംനിമിത്തം അവരെ അന്യനാട്ടുകാർ പിടിച്ചു് അടിമകളാക്കി. അതോടെ ആ സ്ഥലത്തിന്റെ ഗുണവും സൗന്ദര്യവും തീരെ നശിച്ചു. അതു മരുഭൂമിപോലെയായി.

യോഹന്നാന്റെകാലത്തു് അവിടം ഭരിച്ചിരുന്നതു് റോമാക്കാരാണു്. യഹൂദന്മാർക്കു് സ്വന്തം രാജാവില്ലായിരുന്നു. അവരുടെ മതകാര്യങ്ങളിൽപ്പോലും കാവ്യരായ റോമാക്കാർ ഇടപെട്ടു. തന്നിമിത്തം അവർക്കു് റോമാക്കാരോടു് വെറുപ്പും വിദ്വേഷവും അധികമായി. ദീർഘദർശികൾ പ്രവചിച്ചിരുന്ന രക്ഷകൻ ഈ അടിമത്തത്തിൽനിന്നു് തങ്ങളെ രക്ഷിക്കുമെന്നു് അവർ പൂർണ്ണമായി വിശ്വസിച്ചുപോന്നു. അവർ മെലിഞ്ഞ യോഹന്നാനെ കണ്ടു; ദിവ്യമായ സ്വരം കേട്ടു. അദ്ദേഹം മിശിഹായാണെന്നു വിചാരിച്ചു.

അതു് യോഹന്നാൻ മനസ്സിലാക്കി. അവരുടെ തെററിദ്ധാരണ നീക്കാൻതന്നെ അദ്ദേഹം തീർച്ചപ്പെടുത്തി. ഗൗരവവും സൗമ്യവുമായ സ്വരത്തിൽ അദ്ദേഹം വിളിച്ചുപറഞ്ഞു: "ശരി, ഞാൻ നിങ്ങളെ മാമ്മോദീസാമുക്കുന്നു; അതു് വെള്ളംകൊണ്ടു്. എന്നാൽ എന്റെ പിന്നാലെ എന്നെക്കാൾ ശക്തനായവൻ വരുന്നു. അവിടുത്തെ ചെരുപ്പുകൾ ചുമക്കുന്നതിനുപോലും ഞാൻ യോഗ്യനല്ല. അവിടുന്നാകട്ടെ നിങ്ങളെ പരിശുദ്ധാത്മാവുകൊണ്ടും തീകൊണ്ടും മാമ്മോദീസാമുക്കും. വീശുമുറം കൈയിലുണ്ടു്. തന്റെ കളം ശുദ്ധമാക്കി ഗോതമ്പുമണികൾ അറകളിൽ നിറയ്ക്കും. പതിരു് കെടാത്ത തീയിലിട്ടു ദഹിപ്പിക്കും."

ഈശോയെക്കുറിച്ചാണു്, യോഹന്നാൻ പ്രസ്താവിച്ചതു്. ശിക്ഷിക്കുന്നതിനും രക്ഷിക്കുന്നതിനും അധികാരമുള്ള ഈശോയെപ്പററി. അവിടുത്തെ സ്വീകരിക്കുന്നതിനുള്ള ഒരു കുളി മാത്രമാണു് തന്റെ മാമ്മോദീസ എന്നാണു് യോഹന്നാന്റെ വിശദീകരണം.

എത്ര എളിമയോടുകൂടിയാണു് യോഹന്നാൻ പ്രവർത്തിക്കുന്നതെന്നു് നോക്കുവിൻ. തന്റെ സാമർത്ഥ്യത്തെക്കുറിച്ചു് അദ്ദേഹം ചിന്തിക്കുന്നില്ല. തനിക്കു ശിഷ്യന്മാരും അനുയായികളും ഉണ്ടെന്നു കരുതി അഹംകരിക്കുന്നുമില്ല. ഈശോയുടെ ചെരിപ്പുകളഴിക്കുന്നതിനുപോലും താൻ യോഗ്യനല്ലെന്നാണു് അദ്ദേഹം പറയുന്നതു്. നാമും യോഹന്നാനെപ്പോലെ പ്രവർത്തിക്കണം. ഈശോയുടെ മുമ്പിൽ ധനം നിസ്സാരം. നമ്മുടെ ബുദ്ധി നിസ്സാരം. നമ്മുടെ സൗന്ദര്യം നിസ്സാരം. എല്ലാം നിസ്സാരം. നമുക്കു് എന്തുണ്ടെങ്കിലും ഈശോയുടെ ചെരിപ്പുകൾ എടുക്കുവാൻ നാം യോഗ്യരല്ല. പിന്നെ കൈക്കൊള്ളുന്ന കാര്യമോ? അതുകൊണ്ടു് എളിമയോടെ ജീവിക്കണം. "ഞാൻ യോഗ്യനല്ല നിന്നെ സ്വീകരിക്കാൻ" എന്നു് ഈശോയോടു തുറന്നു പറയുവിൻ. നല്ല പ്രവൃത്തികൾ എത്രമാത്രം നാം ചെയ്താലും ഈശോ പഠിപ്പിച്ചിട്ടുള്ളതുപോലെ, അയോഗ്യരായ ദാസന്മാരാണു് നാം എന്നു് വിചാരിക്കണം. കാരണം, അതെല്ലാം ചെയ്യുവാൻ സാധിക്കുന്നതു് ഈശോയുടെ അനുഗ്രഹംകൊണ്ടുമാത്രം. "എന്നെക്കൂടാതെ നിങ്ങൾക്കു് ഒന്നും ചെയ്യുവാൻ സാധിക്കയില്ല..." എന്നു് ഈശോ തീർത്തുപറഞ്ഞിരിക്കുന്നു.

എന്നു് സ്വന്തം കൊച്ചച്ചൻ

### ഗൃഹപാഠം

"അപ്പച്ചൻ എഴുതിക്കൊണ്ടുവന്നിരിക്കുന്നതു വായിക്കുക"......"യോഹന്നാൻ മാമ്മോദീസാ എന്നു വിളിക്കുവാൻ കാരണം രണ്ടാണു്! (1) അദ്ദേഹം ജനങ്ങളെ മാമ്മോദീസാമുക്കിയിരുന്നതുകൊണ്ടു്. അദ്ദേഹത്തിനു മുമ്പു് ദീർഘദർശികൾ ആരും ഇത്തരം ഒരു കർമ്മം നടത്തിയിട്ടില്ല. (2) ഈശോയുടെ ശ്രേഷ്ഠശിഷ്യനായ യോഹന്നാനിൽനിന്നും തിരിച്ചുകാണിക്കുന്നതിനു്."...... "ഇരിക്കുക" "അടുത്ത ചോദ്യത്തിനുത്തരം ലീലാമ്മ വായിക്കുക"......"ഫരിശനെന്ന വാക്കിന്റെ അർത്ഥം "വേർതിരിക്കപ്പെട്ട"വനെന്നാകുന്നു. അവരും യഹൂദന്മാരായിരുന്നു. സാധാരണ യഹൂദന്മാരെക്കാൾ കൂടുതൽ മതഭക്തി തങ്ങൾക്കുണ്ടെന്നാണു് അവർ അവകാശപ്പെട്ടിരുന്നതു്. മററുള്ളവരെ കാണിക്കുന്നതിനുവേണ്ടിയും അപരാൽ സ്തുതിക്കപ്പെടുന്നതിനുവേണ്ടിയും അവർ പ്രമാണങ്ങളെ കാത്തിരുന്നു, ദാനധർമ്മങ്ങൾ ചെയ്തിരുന്നു. "വെള്ളയടിച്ച കുഴിമാടങ്ങൾ", "അണലിസന്തതികൾ" എന്നെല്ലാമാണു് ഈശോ അവരെപ്പററി പറഞ്ഞിരിക്കുന്നതു്. സാധാരണജനങ്ങളെ അവർ പാപികളായി പരിഗണിച്ചു് അവരിൽനിന്നു വേർപെട്ടു ജീവിക്കുവാൻ ശ്രമിച്ചിരുന്നതുകൊണ്ടു് ഫരിശന്മാർ എന്ന പേരു് അവർക്കു കിട്ടി."......"രണ്ടുത്തരങ്ങളും നന്നായിരിക്കുന്നു. എഴുതിക്കൊണ്ടു വരാത്തവർ എഴുന്നേററുനില്ക്കട്ടെ"... "എന്തുകൊണ്ടാണു് നിങ്ങൾ ഇതെഴുതാതിരുന്നതു്?" "ഞങ്ങൾക്കറിയാൻ പാടില്ലാഞ്ഞു." "എഴുതിക്കൊണ്ടുവന്നവരുടെ ബുക്കു് വാങ്ങി പകർത്തി എടുത്തുകൊള്ളണം: വരുന്ന ദിവസം ഞാൻ നോട്ടുബുക്കുകൾ പരിശോധിക്കുന്നതാണു്."

അടുത്തദിവസത്തേക്കു്:- ചുങ്കക്കാർ ആരായിരുന്നു?

———

## ചോദ്യോത്തരപംക്തി

ചോ: പിതാവായ ദൈവം ഏഴാംദിവസത്തെ (ശനിയാഴ്ചയെ) ശുദ്ധീകരിച്ചു് അനുഗ്രഹിക്കുകയും ആ ദിവസത്തെ നാമും നമ്മുടെ സന്താനങ്ങളും ആചരിക്കണമെന്നു് ബൈബിൾമുഖേന ആജ്ഞാപിക്കയും ചെയ്തിരിക്കെ, നാം ശനിയാഴ്ചയ്ക്കുപകരം ഞായറാഴ്ച ആചരിക്കുന്നതു് ദൈവകല്പനയ്ക്കു വിരുദ്ധമല്ലേ?

ഉ: "നീ ശാബതദിനം ശുദ്ധമായി ആചരിക്കണം" (പുറപ്പാടു് 20, 8) എന്നു പഴയനിയമത്തിൽ അനുശാസിച്ചിരിക്കുന്നു എന്നതു വാസ്തവം. എന്നാൽ ഈ കല്പനയ്ക്കു രണ്ടുഘടകങ്ങളാണുള്ളതു്. കുറെസമയം ദൈവാരാധനയ്ക്കായിമാത്രം വിനിയോഗിക്കണമെന്ന സ്വാഭാവികനിയമം ഒന്നു്; അതിന്റെ സമയവും മററു വിശദാംശങ്ങളും നിർണ്ണയിക്കുന്ന ആചാരസംബന്ധമായ നിയമം (Ceremonial law) വേറൊന്നു്.

ഇവയിൽ ആദ്യത്തേതിനെ എടുത്തുകളയുവാൻ അപ്പസ്തോലന്മാർക്കുപോലും സാദ്ധ്യമല്ലായിരുന്നു. എന്നുവരികിലും രണ്ടാമത്തേതിൽ കാലോചിതമായ വ്യതിയാനങ്ങൾ വരുത്തുവാൻ ക്രിസ്തുവിന്റെ സഭയിലെ ഭരണകർത്താക്കളായിരുന്ന അവർക്കു ദൈവദത്തമായ അധികാരമുണ്ടായിരുന്നു. അതനുസരിച്ചു് അവർ പുതിയനിയമത്തിലെ സുസ്മരണീയങ്ങളായ മഹാസംഭവങ്ങൾക്കു് അനുയോജ്യമായ വിധത്തിൽ വിശുദ്ധദിനാചരണംസംബന്ധിച്ചു് പ്രായോഗികമായ ചില പരിഷ്കാരങ്ങൾ വരുത്തി. പഴയനിയമത്തിലെ ശനിയാഴ്ചയ്ക്കുപകരം പുതിയനിയമത്തിൽ ഞായറാഴ്ച ആചരിക്കണമെന്നു് അവർ ആജ്ഞാപിച്ചു. വിശുദ്ധദിനാചരണംവഴി പഴയനിയമത്തിൽ ലോകസൃഷ്ടിയാണു് അനുസ്മരിക്കപ്പെട്ടുവന്നതെങ്കിൽ (പുറപ്പാടു് 20, 11), പുതിയനിയമത്തിൽ ക്രിസ്തുവിന്റെ ഉത്ഥാനം—വരപ്രസാദംമുഖേന മനുഷ്യൻ ഒരു നവീനസൃഷ്ടിയായി ഭവിക്കുന്നതിനു് അടിസ്ഥാനമിട്ട ആ മഹാസംഭവം—അനുസ്മരിക്കപ്പെടണമെന്നു അവർ നിർദ്ദേശംനൽകി. മാത്രമല്ല, വിശുദ്ധദിനാചരണത്തിന്റെ വിശദാംശങ്ങൾ സംബന്ധിച്ചു് പഴയനിയമത്തിലുണ്ടായിരുന്ന കർശനവിധികളെ അവർ യഥായോഗ്യം മയപ്പെടുത്തുകയോ, മുഴുവനായി എടുത്തുകളകയോകൂടി ചെയ്തു. ഉദാഹരണമായി, ശാബതദിവസം ഭവനങ്ങളിൽ തീ കത്തിക്കപോലും ചെയ്യരുതു് എന്നുള്ള നിയമവും (പുറപ്പാടു് 35, 3), വിശുദ്ധദിനത്തിൽ വേലചെയ്യുന്നവൻ വധിക്കപ്പെടണം എന്ന ശിക്ഷാവിധിയും (പുറപ്പാടു് 31, 15).

പഴയനിയമത്തിൽ ശനിയാഴ്ചയെ ദൈവം ശുദ്ധീകരിച്ചു് അനുഗ്രഹിക്കുകയുണ്ടായെന്നതു ശരി. എന്നാൽ പുതിയനിയമത്തിൽ ഞായറാഴ്ചയും അതുപോലെതന്നെ വിശുദ്ധവും അനുഗൃഹീതവുമായി ഭവിച്ചിട്ടുണ്ടു്. കാരണം, ക്രിസ്തു ഉത്ഥാനംചെയ്തതും, പരിശുദ്ധാരൂപിയുടെ ആഗമനമുണ്ടായതും ഞായറാഴ്ചയാണു്. ശനിയാഴ്ചയ്ക്കുപകരം ഞായറാഴ്ച ആചരിക്കുന്നതു് ബൈബിളിലെ ആജ്ഞയ്ക്കു വിരുദ്ധമല്ലേ എന്ന ചോദ്യത്തിനു, ബൈബിൾമാത്രമല്ല വിശ്വാസത്തിന്റെ ആധാരമെന്നും, പാരമ്പര്യോപദേശത്തിന്റെ വെളിച്ചത്തിലാണു് ബൈബിൾ പ്രബോധനങ്ങളെ വ്യാഖ്യാനിക്കേണ്ടതെന്നുമാണു് സമാധാനം. വിശുദ്ധദിനാചരണം സംബന്ധിച്ച കല്പനയിലെ പ്രായോഗികവിധികൾ ആചാരസംബന്ധമായ നിയമത്തിൽ (Ceremonial law) പെടുന്നവയായിരുന്നു. അവ കാലാകാലത്തോളം — "നമ്മെയും നമ്മുടെ സന്താനങ്ങളേയും" — കടപ്പെടുത്തുന്നവയല്ലായിരുന്നെന്നും, അവയിൽ അപ്പസ്തോലന്മാർ വ്യതിയാനങ്ങൾ വരുത്തിയെന്ന ഏകകാരണത്താൽത്തന്നെ അനുമാനിക്കാവുന്നതത്രെ.

എന്നാൽ, ഞായറാഴ്ചയെ വിശുദ്ധദിനമായി ആചരിക്കുന്നതിനു് അനുകൂലമായ സൂചനകൾ ബൈബിളിലും ഇല്ലാതില്ല. ബൈബിളിലെ ഒരു വിഭാഗമായ "പുതിയനിയമ"ത്തിൽ മാത്രമേ അവ പ്രതീക്ഷിക്കേണ്ടതുള്ളു എന്നു പറയേണ്ടതില്ലല്ലോ. ഞായറാഴ്ചയെ വി. യോഹന്നാൻ "കർത്താവിന്റെ ദിവസം" എന്നാണു സംബോധനചെയ്തിരിക്കുന്നതു് (വെളിപാടു് 1, 10). ആ ദിവസം ആദിമക്രിസ്ത്യാനികൾ ആചരിച്ചുവന്നുവെന്നു "അപ്പസ്തോല നടപടികളി"ൽനിന്നും വി. പൗലോസിന്റെ ലേഖനങ്ങളിൽനിന്നും നമുക്കു മനസ്സിലാക്കാം. ഉദാഹരണമായി നടപടിഗ്രന്ഥത്തിൽ ഇപ്രകാരം നാം വായിക്കുന്നു: "ആഴ്ചവട്ടത്തിലെ ഒന്നാംദിവസം എവുക്കറെസ്തിയ മുറിക്കുവാനായി ഞങ്ങൾ ഒരുമിച്ചുകൂടി." (നടപടി 20, 7). ദിവ്യബലിയിൽ സംബന്ധിക്കുവാനും ദിവ്യകാരുണ്യം സ്വീകരിക്കുവാനുമായി ക്രിസ്ത്യാനികൾ ഞായറാഴ്ചദിവസം ഒന്നിച്ചുകൂടുക പതിവുണ്ടായിരുന്നുവെന്നാണു് ഈ വാചകത്തിൽനിന്നും അനുമാനിക്കേണ്ടതു്. "... ഞായറാഴ്ചതോറും നിങ്ങളിൽ ഓരോരുത്തരും തനിക്കു കഴിവുള്ളതു തന്റെ വീട്ടിൽ നീക്കിവച്ചു സൂക്ഷിക്കണം" (I കൊറി. 16, 2) എന്നു ധർമ്മശേഖരണം സംബന്ധിച്ചു് വി. പൗലോസു നിർദ്ദേശം നല്കുന്നതിൽനിന്നും ഈ ദിവസത്തിനു ക്രിസ്ത്യാനികൾ പ്രത്യേകപ്രാധാന്യം കല്പിച്ചിരുന്നു എന്നു വ്യക്തമാണല്ലോ.

ക്രിസ്തുമതസംബന്ധമായ മററു പുരാതനരേഖകൾ ആദിമക്രിസ്ത്യാനികൾ ഞായറാഴ്ചയെയാണു വിശുദ്ധദിനമായി ആചരിച്ചുവന്നതു് എന്നു തെളിയിക്കുന്നുണ്ടു്. ക്രിസ്ത്വാബ്ദം 98-ൽ വിരചിതമായ "പന്ത്രണ്ടു് അപ്പസ്തോലന്മാരുടെ അദ്ധ്യാപന"ത്തിൽ (Didache) ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "കർത്താവിന്റെ ദിവസത്തിൽ നിങ്ങൾ ഒന്നിച്ചുകൂടുകയും അപ്പം മുറിക്കുകയുംചെയ്യുവിൻ. നിങ്ങളുടെ ബലി പരിശുദ്ധമായിരിക്കുന്നതിനുവേണ്ടി പാപോച്ചാരണം കഴിച്ചതിനുശേഷം കൃതജ്ഞത പ്രകാശിപ്പിക്കുകയും (ദിവ്യബലി സമർപ്പിക്കുകയും) ചെയ്യുക. ബർണബായുടെ ലേഖനത്തിൽ (എ. ഡി. 130) നാം ഇങ്ങനെ വായിക്കുന്നു: "അതിനാൽ എട്ടാമത്തെ ദിവസം, ആഴ്ചയുടെ ഒന്നാമത്തെ ദിവസം, ഞങ്ങൾ ആനന്ദപൂർവ്വം കൊണ്ടാടുന്നു; ആ ദിവസത്തിലാണല്ലോ ക്രിസ്തു മരിച്ചവരിൽനിന്നു് ഉത്ഥാനംചെയ്തതു്." വി. ജസ്റ്റിൻ (എ. ഡി. 165) ഞായറാഴ്ചയിലെ കുർബാന, പ്രസംഗം, പ്രാർത്ഥന, വേദപുസ്തകപാരായണം ആദിയായവ സംബന്ധിച്ച പല വിവരങ്ങളും രേഖപ്പെടുത്തിയിട്ടുണ്ടു്. (Apol. 65—67). ഒരു പുരാതനക്രൈസ്തവ ഗ്രന്ഥകാരനായ തെർത്തുല്യൻ 200-ാമാണ്ടിനോടടുത്ത കാലഘട്ടത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതു് നോക്കുക: "(പരമ്പരാഗതമായ സിദ്ധാന്തമനുസരിച്ചു) നമ്മുടെ കർത്താവിന്റെ പുനരുത്ഥാനദിവസം, സാത്താനു് ഒരവസരംപോലും നല്കാതിരിക്കുന്നതിനായി സാധാരണ ദിനകൃത്യങ്ങളെപ്പോലും അന്നു നാം മാററിവയ്ക്കേണ്ടിയിരിക്കുന്നു." (De Orat· XXIII))

മേലുദ്ധരിച്ച രേഖകളിൽനിന്നും സഭയുടെ ആരംഭംമുതൽ—അപ്പസ്തോലകാലംമുതൽ—ക്രിസ്ത്യാനികൾ ഞായറാഴ്ചയാണു വിശുദ്ധദിനമായി ആചരിച്ചുവന്നതെന്നു തെളിയുന്നു. അപ്പസ്തോലന്മാർതന്നെ ഈ പതിവിനു പ്രാരംഭമിട്ടതിനാൽ അതു യാതൊരുപ്രകാരത്തിലും ദൈവാജ്ഞയ്ക്കു എതിരല്ല എന്നും അനുമാനിക്കാവുന്നതാണു്.